**ധനകാര്യം**

## 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14.03.2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XII | പോലീസ് | 955,81,91,000 | 15,34,52,000 | 2867,45,73,000 | 46,03,54,000 | 2913,49,27,000 |
| XIII | ജയിലുകൾ | 34,34,50,000 | ……. | 103,03,49,000 | …… | 103,03,49,000 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് സേനയെ ജനസേവന സേനയാക്കി മാറ്റുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുജനങ്ങൾക്കുള്ള പരാതികളിന്മേൽ ക്രിയാത്മകവും നീതിയുക്തവും ദ്രുതഗതിയിലുള്ളതുമായ പരിഹാരം ഉണ്ടാക്കുന്നതിന്

പോലീസിനെ സജ്ജമാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനദ്രോഹപരമായ നടപടികൾ പോലീസ് സേന സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീ പീഡനങ്ങളിലും മറ്റു കുറ്റകൃത്യങ്ങളിലും നടപടി സ്വീകരിക്കാതെ പോലീസ് കാഴ്ചക്കാരാവുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നീതി തേടിയെത്തിയ മകൻ

നഷ്ടപ്പെട്ട കുടുംബത്തിലെ അംഗങ്ങളെ കള്ളക്കേസിൽ കുടുക്കുന്നതിനായി വഴിയാത്രക്കാരെയുംകൂടി കസ്റ്റഡിയിലെടുത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മോഷണ കേസുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തപ്പെട്ടവർ പോലീസ് കസ്റ്റഡിയിൽവച്ച് മരണപ്പെട്ട സംഭവത്തിനെതിരെ നടപടിയെടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എറണാകുളം മറൈൻ ഡ്രൈവിൽ സദാചാര പോലീസ് ചമഞ്ഞ് ശിവസേനാ പ്രവർത്തകർ നടത്തിയ അതിക്രമ സംഭവങ്ങൾക്കെതിരെ നടപടിയെടുക്കാതെ പോലീസ് നിരുത്തരവാദപരമായി നോക്കിനിന്നുവെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന് ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭരണകക്ഷിയിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ സമരം നടത്തുകയും നിഷ്പക്ഷവും നീതിപൂർവ്വവുമായി പെരുമാറുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി തങ്ങൾക്ക് അനുകൂലമായി നടപടി സ്വീകരിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ എതിരാളികളെ കള്ളക്കേസ്സുകളിൽ കുടുക്കി ജയിലിലടയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന പരിശോധനാവേളയിൽ പ്രായമായവരോട് മൃദുവായ സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി.: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരിശോധനയുടെ ഭാഗമായും മറ്റും പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ പിടിച്ചിടുന്ന കേസ്സുകളിൽ വേഗത്തിൽ നിയമനടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പോലീസ് എന്ന XII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രാഫിക് തടസ്സമുണ്ടാക്കുംവിധമുള്ള അനധികൃത പാർക്കിംഗിന് പോലീസ് ഒത്താശ ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ടി. പി. സെൻകുമാറിനെ ക്രമസമാധാനത്തിന്റെ ചുമതലയുള്ള ഡി.ജി.പി.-യായി നിയമിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാതെ വൈകിപ്പിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗങ്ങളിൽ മുഖ്യമന്ത്രിയുടെ ആഭ്യന്തര ഉപദേഷ്ടാവ് പങ്കെടുത്ത് പോലീസ് ഉദ്യോഗസ്ഥർക്ക്

നിർദ്ദേശങ്ങൾ നൽകുന്നുവെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2913,49,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസിന്റെ സബ്സിഡി ക്യാന്റീനിൽ സാധനങ്ങളുടെ പർച്ചേസ് സുതാര്യമാക്കുന്നതിന് സെൻട്രലൈസ്ഡ് ക്വട്ടേഷൻ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ**

**നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ**

ശ്രീ. എം. ഉമ്മർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിൽ കഴിയുന്ന കൊടുംകുറ്റവാളികൾക്ക് ശിക്ഷ ഇളവ് നൽകണമെന്ന ക്യാബിനറ്റ് ശിപാർശയടങ്ങുന്ന ഫയൽ ഗവർണർ മടക്കി അയച്ചതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശിക്ഷാ കാലാവധി പൂർത്തിയാക്കാത്ത കൊടുംകുറ്റവാളികൾക്ക് ശിക്ഷാ കാലയളവിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാനദണ്ഡങ്ങൾ പാലിക്കാതെ ഇളവുകൾ നൽകി ജയിൽ ശിക്ഷ ചുരുക്കുന്നതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊലപാതക കേസ്സുകളിൽ ഉൾപ്പെടെ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് ശിക്ഷാകാലയളവിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ട തടവുകാരുടെ ശിക്ഷ ഇളവുചെയ്യുവാൻ നീക്കം ഉള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽശിക്ഷ അനുഭവിച്ചുവരുന്ന ക്രിമിനലുകളുടെ ശിക്ഷാകാലാവധി ഇളവ് ചെയ്ത് മോചിപ്പിക്കുന്നതിന് നടപടി

സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:</u> സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഠിനശിക്ഷ അനുഭവിക്കേണ്ട കൊടും കുറ്റവാളികൾക്ക് ശിക്ഷാഇളവ് ശിപാർശ ചെയ്യാൻ ജയിൽ ഉദ്യോഗസ്ഥരെ ഉന്നതാധികാരികൾ നിർബന്ധിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിനുള്ളിൽ രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ജയിൽ പുള്ളികൾക്ക് നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u> സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിലെ അന്തേവാസികൾ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽ നിയമം ലംഘിച്ച് ജയിൽ പുള്ളികൾക്ക് മൊബൈൽ ഫോണുകൾ ഉപയോഗിക്കാൻ സൗകര്യം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ പിൻബലമുള്ള തടവുകാരുടെ ഭീഷണിയിൽനിന്നും ജയിൽ ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലിനുള്ളിൽ പാർട്ടി ഗ്രാമങ്ങൾ സ്ഥാപിച്ച് സ്വയംഭരണം നടത്താൻ ജയിൽ പുള്ളികൾക്ക് അനുവാദം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 103,03,49,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ചർച്ച**

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരുവർഷക്കാലമായിട്ടില്ല. പക്ഷേ ഇതിനോടകംതന്നെ നമ്മുടെ രാജ്യത്ത് ശ്രദ്ധേയമായ നിയമ പരിപാലനം കാത്തുസൂക്ഷിക്കാനും നല്ല അഭിപ്രായങ്ങൾ നേടാനും കേരളത്തിന് കഴിഞ്ഞുവെന്നത്

പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യ കറപ്ഷൻസ് സർവ്വേ (സി.എം.എസ്.) കഴിഞ്ഞ ദിവസം പുറത്തുവന്നു. ഇന്ത്യയിൽ ഏറ്റവും കുറവ് അഴിമതിയുള്ള സ്റ്റേറ്റായി കേരളം മാറി (4%). അഴിമതിയിയിൽ ഒന്നാം സ്ഥാനം കർണ്ണാടകയ്ക്കാണ് (77%). യു.പി., ഉത്തരാഖണ്ഡ്, ബീഹാർ അങ്ങനെയുള്ള സംസ്ഥാനങ്ങളിലൊക്കെത്തന്നെ വലിയ തോതിലുള്ള അഴിമതി നിലനിൽക്കുമ്പോഴാണ് കേരളത്തിന് മഹത്തായ ഒരു നേട്ടം ഈ ചുരുങ്ങിയ ഒരുവർഷക്കാലത്തിനുള്ളിൽ നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും അഭിനന്ദനമർഹിക്കുന്ന കാര്യം തന്നെയാണ്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ആത്മാർത്ഥമായി ഞാൻ അഭിനന്ദിക്കുകയാണ്. ഇൻഡ്യാ ടുഡെ റേറ്റിംഗ് പ്രകാരം നിയമപരിപാലനരംഗത്ത് ശ്രദ്ധേയമായ കുതിച്ചുചാട്ടം കേരളം നടത്തിയിരിക്കുന്നു. അവരുടെ റിപ്പോർട്ടും പുറത്തുവന്നുകഴിഞ്ഞിരിക്കുന്നു. നിയമപരിപാലന രംഗത്ത് ഇടതുപക്ഷ സർക്കാർ ക്രമസമാധാന പരിപാലനത്തിന് മുൻതൂക്കം കൊടുക്കുന്നുവെന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. കേരളത്തിൽ നടപ്പാക്കിയ പിങ്ക് പട്രോളിനെപ്പറ്റി പഠിക്കാൻ കർണ്ണാടകയിലെ കോൺഗ്രസ്സ് സർക്കാർ പ്രതിനിധികളെ അയച്ചിരിക്കുകയാണ്. കേരളത്തിൽ നടപ്പാക്കുന്ന ആധുനിക രീതിയിലുള്ള മാറ്റങ്ങൾ രാജ്യത്തിനാകെ മാതൃകയായി മാറുന്നുവെന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്.

ജനകീയാസൂത്രണം തുടങ്ങിവച്ചത് കേരളത്തിലാണ്. അത് പഠിക്കാൻ ഇന്ത്യാ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ ഇവിടെ വന്നു. മദ്ധ്യപ്രദേശിൽ ആദ്യം നടപ്പിലാക്കി. അതേ സമ്പ്രദായംതന്നെ പല സ്റ്റേറ്റുകളിലും നടപ്പാക്കി. അതിന് തുടക്കമിട്ടത് കേരളമാണ്. ആ മാതൃക ഇവിടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ആഭ്യന്തരരംഗത്ത് മാത്രമല്ല, പൊതുവേ കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ അഞ്ചുവർഷം കാണാത്ത വലിയ മാറ്റങ്ങൾ ഒട്ടേറെ രംഗങ്ങളിൽ വരുത്താൻ സാധിച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം, ആയമാരുടെ ഓണറേറിയം 1400/- രൂപയിൽനിന്നും 8000/- രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ മെയ് മാസം സമ്പൂർണ്ണ വൈദ്യുതീകരണരംഗത്ത് ഇന്ത്യാ രാജ്യത്തെ ആദ്യത്തെ സ്റ്റേറ്റായി കേരളം മാറാൻ പോകുകയാണ്. അത് വലിയ കാര്യമാണ്. മുമ്പ് ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ 85 മണ്ഡലങ്ങൾ നമുക്ക് സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ കഴിഞ്ഞു; എന്നാൽ, പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ദിവസം റൂൾ 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ കേരള ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നുവെന്നാണ്.

ബാങ്കിൽനിന്ന് ലോണെടുത്തിട്ടുള്ള കേരളത്തിലെ കുട്ടികൾ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൈപ്പത്തിക്കും താമരയ്ക്കും വോട്ട് രേഖപ്പെടുത്തിയ കേരളത്തിലെ പാവപ്പെട്ട വീട്ടിലെ കുട്ടികൾ കേരളത്തിലെ മുഖ്യമന്ത്രിയുടെ ഫോട്ടോ ഓരോ വീട്ടിലും വയ്ക്കാൻ തുടങ്ങിയിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ കേരള ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നുവെന്ന് പറഞ്ഞാൽ കയ്യടിക്കണം.. തമാശയല്ല.. കയ്യടിക്കേണ്ടത് ഞങ്ങളല്ല, യു.ഡി.എഫ്. കയ്യടിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ കയ്യടിക്കണം. ഇന്ത്യാ രാജ്യത്തെ ഏതെങ്കിലും സംസ്ഥാനത്ത് ഇത് നടപ്പാക്കിയിട്ടുണ്ടോ? അതാണ് കേരളം വീണ്ടും മോഡലായി മാറുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു. എന്നാൽ അത് ലോൺ എടുത്ത കുട്ടികളെ രക്ഷിക്കുന്നില്ല, ബാങ്കുകാരെയാണ് രക്ഷിക്കുന്നത്. എനിക്കതിൽ സങ്കടമുണ്ട്, പരാതിയുമുണ്ട്. രാവിലെ ഞാൻ ഇതേക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറോട് പറഞ്ഞതാണ്. മുഖ്യമന്ത്രിക്ക് നൽകാൻ എഴുതിവച്ചത് എന്റെ കയ്യിലുണ്ട്. റൂൾ 58 പ്രകാരം ഇക്കാര്യം ചർച്ച ചെയ്യണം. അതുകൊണ്ട് മുഴുവൻ അറിയാതെ വർത്തമാനം പറയരുത്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, രാജ്യത്ത് ആദ്യമായി നമ്മുടെ സംസ്ഥാനം കേരള ബാങ്ക് ആരംഭിക്കാൻ പോകുകയാണ്. അമ്പതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ കേരളത്തിൽ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. കാർഷികവിള നഷ്ടപരിഹാരം പത്തിരട്ടിയാക്കി, കേന്ദ്രം അനുവദിച്ചില്ല, പക്ഷെ ധൈര്യപൂർവ്വം കേരളം അതേറ്റെടുത്തിരിക്കുന്നു. രാവിലെ ബഹു. കൃഷിമന്ത്രി ഈ സഭയിൽത്തന്നെ അതിന്റെ വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റായി നടത്തിക്കഴിഞ്ഞു. കൺസ്യൂമർഫെഡ് കൊള്ളക്കാരുടെ താഴ്വരയായിരുന്നു. എന്നാൽ ഇന്ന് കൺസ്യൂമർഫെഡ് ലാഭത്തിലായിക്കഴിഞ്ഞിരിക്കുന്നു. രണ്ടായിരത്തിലധികം നീതി ഔട്ട്ലെറ്റുകളും ആയിരത്തിഅഞ്ഞൂറിലധികം നീതി മെഡിക്കൽ സ്റ്റോറുകളും പുതുതായി ആരംഭിക്കാൻ പോകുകയാണ്. വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ എന്തുകൊണ്ട് വില താഴുന്നുവെന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ് കുറച്ചുമുമ്പേ അത്ഭുതം പ്രകടിപ്പിച്ചു. വില താഴും. കാരണം, മാവേലി സ്റ്റോറുകൾ വഴിയും സൊസൈറ്റികൾ വഴിയും 25/- രൂപയ്ക്ക് നല്ല കുത്തരി വിതരണം നടത്തുകയാണ്. കേരള ഗവൺമെന്റ് പണം മുടക്കുകയാണ്. ത്രിവേണി ഓൺലൈൻ മാർക്കറ്റിലേയ്ക്ക് പോകുന്നു.

പാവപ്പെട്ട ലൈബ്രേറിയൻ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം

2,050/- രൂപയിൽനിന്നും 12,000/- രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. ഇവിടെ ഓണം കഴിഞ്ഞാലും ക്രിസ്തുമസ് കഴിഞ്ഞാലും പാഠപുസ്തകം കിട്ടുകയില്ലായിരുന്നു. അതായിരുന്നു കേരളം. എന്നാൽ ആ കേരളത്തിൽ അടുത്ത വർഷത്തേയ്ക്കുള്ള എല്ലാ പാഠപുസ്തകങ്ങളും എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു വർഷംകൊണ്ട് നമ്മുടെ സ്കൂളുകളെ ആധുനിക സ്കൂളുകളാക്കി മാറ്റുക എന്നുള്ള വലിയ ദൗത്യമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ് : സർ, .......

മി. ചെയർമാൻ : പ്ലീസ്.. ശ്രീ. പി. സി. ജോർജ്, അങ്ങ് ദയവായി ഇരിക്കണം.

ശ്രീ. രാജു എബ്രഹാം: സർ, കണ്ണൂർ വിമാനത്താവളം പൂർത്തിയാകാൻ പോകുന്നു. കൊച്ചി മെട്രോ മെയ് മാസം അവസാനം പൂർത്തിയാക്കാനുള്ള തീരുമാനമെടുത്തു. കൊച്ചി വാട്ടർ മെട്രോയുടെ ആദ്യത്തെ സ്റ്റേഷനുകൾ 2018-ൽ പൂർത്തിയാകും. നമ്മുടെ ഹൈവേകൾ ആറുവരിപ്പാതയാക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഗെയിൽ പൈപ്പിടൽ ഡിസംബറിൽ കമ്മീഷൻ ചെയ്യുന്ന നടപടിയിലേയ്ക്ക് വരുന്നു. അങ്ങനെ കേരളത്തിൽ മാറ്റങ്ങൾ വരുന്നു. ഇതുമാത്രമാണോ? വീടില്ലാത്ത അഞ്ചുലക്ഷത്തിലധികം പാവപ്പെട്ട ആളുകൾക്ക് വീട് നൽകാൻ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുനീങ്ങുന്നു. ഇവിടെ പോലീസും മാറുന്നു.

ഇടിമുറിക്കുപകരം ഇ-മുറിയിലേയ്ക്കുള്ള മാറ്റമാണ് കേരളത്തിൽ ഇനി കാണാൻ പോകുന്നത്. അത്തരം പ്രശ്നങ്ങളൊക്കെ വരുമ്പോൾ വസ്തുതകൾ മനസ്സിലാക്കി നല്ല കാര്യങ്ങളുണ്ടെങ്കിൽ അവയെ അംഗീകരിക്കണമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് എനിക്കഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ ഉയർത്തിയിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്? ഇവിടെ ബഹുമാനപ്പെട്ട ഒരു എം.എൽ.എ. കഴിഞ്ഞ ദിവസം നിരാഹാരം കിടന്നു. എന്തിനാണ്? സഹകരണ വകുപ്പ് അന്വേഷണം നടത്തിയപ്പോൾ അഡാട്ട് ബാങ്കിൽ മുപ്പത്തൊമ്പത് കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയതുകൊണ്ട്. അഴിമതിയുണ്ടെന്നുണ്ടെങ്കിൽ നെഞ്ചുറച്ചുകൊണ്ട് പറയണം, ഞാൻ അന്വേഷണത്തെ നേരിടാൻ തയ്യാറാണെന്ന്, അതാണ് ആണത്വം. അല്ലാതെ പാവപ്പെട്ട ആളുകളുടെ കോടിക്കണക്കിന് രൂപ മുക്കിയശേഷം അതിന്റെപേരിൽ നിരാഹാരം കിടന്നിട്ട് എന്താണ് കാര്യം? ഈ നിലയിലുള്ള പ്രശ്നങ്ങൾ നിങ്ങൾ നിരവധി ഉയർത്തുന്നുണ്ട്. ഇവിടെ ശ്രീ. സെൻ കുമാറിന്റെ പ്രശ്നം വന്നു. പറച്ചിൽ കേട്ടാൽതോന്നും ഈ ഗവൺമെന്റിനെ കോടതിയലക്ഷ്യ കേസ്സിൽനിന്നും രക്ഷപ്പെടുത്താൻ പ്രതിപക്ഷത്തിന് എന്തൊരു താല്പര്യമാണെന്ന്. ഈ ഗവൺമെന്റ് അഴിക്കുള്ളിലേയ്ക്ക് പോകുമെന്ന രൂപത്തിലുള്ള പ്രചരണമാണ് നടക്കുന്നത്. സുപ്രീംകോടതി വിധി നടപ്പാക്കാൻ ഈ ഗവൺമെന്റ്

പ്രതിജ്ഞാബദ്ധമാണെന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനപ്പുറത്തേയ്ക്ക് എന്തുവേണം? ചില നിയമനടപടികൾ മാത്രമല്ലേയുള്ളൂ. അവിടെയിരിക്കുന്ന ഡി.ജി.പി.-ക്ക് ഏത് സ്ഥാനം കൊടുക്കണം, പഴയ ഉത്തരവ് റദ്ദാക്കിയ സുപ്രീംകോടതി ഉത്തരവിനകത്ത് പഴയ വിജിലൻസ് ഡയറക്ടറെപ്പറ്റിയുള്ള പരാമർശമുണ്ട്, ആ ഉത്തരവ് എങ്ങനെ നടപ്പിലാക്കാൻ കഴിയും തുടങ്ങി നിരവധി പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വ്യക്തത വരുത്താൻവേണ്ടിമാത്രമല്ലേ പോകുന്നത്?

പുറ്റിങ്ങൽ വെടിക്കെട്ടിനെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് രാവിലെ പറഞ്ഞു. കൊച്ചുകുട്ടികൾ പറയുന്നതുപോലയല്ലെ അദ്ദേഹം പറഞ്ഞത്. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഒരു പ്യൂണിനെയെങ്കിലും മാറ്റാൻ കഴിയുമോ എന്നാണ് അദ്ദേഹം ചോദിച്ചത്. മതിയായ കാരണമുണ്ടെങ്കിൽ ഇലക്ഷൻ കമ്മീഷണറുടെ അനുമതിയോടുകൂടി പ്യൂണിനെയല്ല ഏത് ഉദ്യോഗസ്ഥനേയും മാറ്റാം. അതിന് അപേക്ഷ കൊടുത്തോ? നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ചോദിച്ചപ്പോൾ അതിനെക്കുറിച്ചൊരു പരാമർശം നടത്താൻപോലും കഴിഞ്ഞില്ലല്ലോ. കൊല്ലം കളക്ടർ നിഷേധിച്ച അനുമതിയാണ് അവിടെ പോലീസ് കൊടുത്തത്. അതിൽ ആർക്കൊക്കെയാണ് പങ്ക്; അത് വ്യക്തമാക്കണ്ടേ? ജിഷ കേസ്സിലും ഇതുതന്നെയല്ലെ

സംഭവിച്ചത്. ജിഷ കേസ്സിൽ എഫ്.ഐ.എസ് കഴിഞ്ഞ് എഫ്.ഐ.ആർ തയ്യാറാക്കാൻ 18 മണിക്കൂറെടുത്തു. അവിടെവരുത്തിയ വ്യത്യാസങ്ങളെന്താണ്? അത് ഇനിയെങ്കിലും പുറത്തുവരണമെന്നുള്ളതാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ധാരാളം മുദ്രാവാക്യങ്ങൾ  നിരാകരണത്തിൽത്തന്നെ പറഞ്ഞിരിക്കുന്നു. ഇവിടെ തടവുകാരുടെ ശിക്ഷ ഇളവ് കൊടുക്കാൻ തീരുമാനിച്ചുവെന്നാണ് 12 പേർ ഈ നിരാകരണത്തിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. ആരാണ് ഇളവ് കൊടുക്കാൻ തീരുമാനിച്ചത്? 14-12-201-ലെ WP1/21357 ഫയൽപ്രകാരം 2580 തടവുകാർക്ക് ശിക്ഷയിളവ് കൊടുക്കാൻ ശിപാർശ നൽകിയത് നിങ്ങളുടെ ഭരണകാലത്താണ്. കൊടുംകുറ്റവാളികളായ 2580 പേർക്ക് ഇളവ് കൊടുക്കണമെന്ന് നിങ്ങളാണ് പറഞ്ഞത്. എന്നിട്ട് ഇവിടെ നിരാകരണപ്രമേയത്തിൽ ഈ സർക്കാരിന്റെ കുറ്റമാണെന്ന് എഴുതിവച്ചിരിക്കുന്നു. എന്തൊരു തൊലിക്കട്ടിയാണ്. ഇവിടെ ജയിലിനകത്ത് പ്രത്യേക സൗകര്യമേർപ്പെടുത്താൻ ഈ ഗവൺമെന്റ് ആരെയാണ്  ഏർപ്പെടുത്തിയത്? നിസാമിന് ഷട്ടിൽ ക്വാർട്ടുണ്ടാക്കിയതും കോഴിബിരിയാണിയും ചിക്കനും കൊണ്ടുകൊടുത്തതും ആരാണ്; ഞങ്ങളാണോ? നിങ്ങളുടെ കാലഘട്ടത്തിലാണ് കൊടുത്തിട്ടുള്ളത്. തെളിവ് നശിപ്പിച്ചതടക്കമുള്ള കാര്യങ്ങൾ നിങ്ങളുടെ കാലത്താണ് നടന്നിട്ടുള്ളത്. സർക്കാർ ഭൂമിയിലെ കയ്യേറ്റം

ഒഴിപ്പിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായിത്തന്നെ പറഞ്ഞു. ഇനിയൊരിക്കലും ഒരാൾക്കുപോലും കയ്യേറ്റം നടത്താൻ മാനസികമായി തോന്നാത്ത രൂപത്തിലുള്ള ഒഴിപ്പിക്കൽ അവിടെ നടത്തും, ഒരു സംശയവും വേണ്ടായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്ക് നടപ്പാക്കാൻ പോവുകയാണ്. നിങ്ങൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം വൻകിട കയ്യേറ്റക്കാരിൽ ഒരു കൊച്ചുകുട്ടിയെയെങ്കിലും അവിടെനിന്നും കുടിയിറക്കാൻ കഴിഞ്ഞോ? ഒരാളെപ്പോലും നിങ്ങൾക്ക് ഇറക്കാൻ കഴിഞ്ഞില്ല. നിങ്ങളുടെ കാലഘട്ടത്തിൽ കയ്യേറ്റക്കാർ യഥേഷ്ടം അവിടെ കയറി നിരങ്ങുകയായിരുന്നു. ആ പിടിച്ചെടുത്ത ഭൂമിയാണ് ഞങ്ങൾ ഇവിടെ കൊണ്ടുവരുന്നത്. കേവലം എട്ട് സെന്റ് സ്ഥലത്തിന്റെ ഉടമയാണ് ശ്രീ. എസ്. രാജേന്ദ്രൻ. ചോർന്നൊലിക്കുന്ന കൂരയ്ക്കുള്ളിൽ കഴിയുന്ന ശ്രീ. എസ്. രാജേന്ദ്രന്റെ മണ്ടയ്ക്കായിരുന്നു രണ്ടാഴ്ചത്തെ കയറ്റം. ശ്രീ. എം. എം. മണി 42 സെന്റ് സ്ഥലത്തിന്റെ ഉടമയാണ്. നിങ്ങൾ എന്തൊക്കെയാണ് പ്രചരിപ്പിച്ചത്? ഇപ്പോൾ ശ്രീ. എം. എം. മണിയെ വിട്ടിട്ട് അദ്ദേഹത്തിന്റെ സഹോദരന്റെ മണ്ടയ്ക്കായി പ്രശ്നം. അഞ്ചുവർഷം നിങ്ങൾക്ക് ഭരണമുണ്ടായിരുന്നല്ലോ. അന്ന് എന്തുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരനെതിരെ നിങ്ങൾ നടപടി സ്വീകരിച്ചില്ല. നിങ്ങളുടെ കൈകളിൽ പാപക്കറയുണ്ട് എന്നുള്ളതല്ലേ വാസ്തവം. ശ്രീ. എം. എം. മണിയെ

സംബന്ധിച്ചിടത്തോളം അദ്ദേഹം പട്ടിണി കിടന്ന് പോരാട്ടം നടത്തിയ വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ഗോവിന്ദൻ പോലീസിന്റെ ഇടിയേറ്റ് രോഗിയായി മരിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ അളിയൻ തങ്കപ്പനെ ആർ.എസ്.എസ്.-കാർ പതിനൊന്നുകഷണങ്ങളായി വെട്ടിക്കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ അനിയത്തി തങ്ക പട്ടിണിമൂലം മരിച്ച വ്യക്തിയാണ്. അതാണ് ആ കുടുംബം. ആ കുടുംബത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും അദ്ദേഹം പറയാത്ത കാര്യങ്ങളുമാണ് ഇവിടെ പറയുന്നത്. പറഞ്ഞ കാര്യങ്ങൾ പറയൂ. പറയാത്ത കാര്യങ്ങൾ കോർത്തിണക്കി എഡിറ്റ് ചെയ്ത് അതിന്റെപുറത്ത് ഒന്നര ആഴ്ച ചർച്ച നടത്തി ഈ സർക്കാരിനെതിരെ തിരിക്കുന്നതിൽനിന്ന് ദയവ് ചെയ്ത് മാറണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഞങ്ങളുടെ അമ്മയാണ് ശ്രീമതി മഹിജ. ആ അമ്മയെ വലിച്ചിഴച്ചു എന്നുള്ള ഒരുവാക്കുവച്ചിട്ട് എന്തൊക്കെ ചർച്ചകളാണ് ഇവിടെ നടത്തിയത്. അവിടെ നടന്ന ബഹളത്തിനിടയിൽ ഒപ്പംവന്ന ആളുകൾക്കിടയിലേയ്ക്ക് കുഴഞ്ഞുവീണ ആ അമ്മയെ വനിതാപോലീസുകാർ രണ്ടുകൈയ്യും നീട്ടി കോരി എടുക്കുന്ന ദൃശ്യം എല്ലാ ഓൺലൈനുകളിലും ഇപ്പോഴുമുണ്ട്. പരസ്യമായി ആ ഓൺലൈൻ കാണാൻ തന്റേടമുണ്ടോയെന്ന് ഞാൻ ഒരു ചർച്ചയിൽ വെല്ലുവിളിച്ചു. എനിക്ക് ഇന്നുവരെ

മറുപടി കിട്ടിയിട്ടില്ല. ഞാൻ ഇപ്പോഴും അതുതന്നെയാണ് ചോദിക്കുന്നത്. രണ്ട് കയ്യുംകൊണ്ട് കോരിയെടുക്കാൻ ശ്രമിച്ചതിനെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി നിങ്ങൾ എത്ര വൈകൃതമായിട്ടാണ് ചിത്രീകരിച്ചത്. എന്തിനെയാണ് നിങ്ങൾ ഭയപ്പെടുന്നത്? ശ്രീ. ലോക്നാഥ് ബെഹ്റ എന്നു പറയുന്ന പോലീസ് ഉദ്യോഗസ്ഥനെ മാറ്റണമെന്ന് പറയുന്നു. എന്താണ് കാരണം, എൻ.ഐ.എ.-യിൽ ഇരുന്ന് ഇന്ത്യാ രാജ്യത്തെ ഏറ്റവും മികച്ച കുറ്റാന്വേഷകനായി കഴിവുതെളിയിച്ച ഒരുദ്യോഗസ്ഥനെ മാറ്റണം. ഈ രാജ്യത്ത് യു.എ.പി.എ. പോലുള്ള നിയമങ്ങൾ ചുമത്തി ഞങ്ങളുടെ എത്ര ആളുകളെയാണ് നിങ്ങളുടെ കാലത്ത് ജയിലിലടച്ചത്? ഇവിടെയിരിക്കുന്ന ശ്രീ. ടി. വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു തുടങ്ങിയ നിരപരാധികളായിട്ടുള്ള ആളുകളെയൊക്കെ ജയിലിലിട്ട് ക്രൂരമായി പീഡിപ്പിച്ച നിങ്ങൾ പോലീസ് അതിക്രമമെന്ന് ഈ നിരാകരണപ്രമേയത്തിൽ എഴുതിവച്ചിരിക്കുകയാണ്. നാണമുണ്ടോ? ടി. പി.-യുടെ കേസ് പറഞ്ഞുകൊണ്ട് നിങ്ങൾ എന്തൊക്കെ പരാക്രമങ്ങളാണിവിടെ നടത്തിയത്? സി.പി.ഐ(എം)ന്റെ രാഷ്ട്രീയ നേതാക്കന്മാരെ ജയിലിലടയ്ക്കാൻവേണ്ടിയുള്ള ഗൂഢാലോചനയിൽ നിങ്ങൾക്കുമാത്രമാണോ, പോലീസ് ഉദ്യോഗസ്ഥന്മാർക്കും പങ്കില്ലേ? ആ പോലീസ് ഉദ്യോഗസ്ഥരൊക്കെ കണക്കുപറയേണ്ട ദിവസങ്ങൾ വരും എന്ന കാര്യത്തിൽ യാതൊരു സംശയവും

വേണ്ട. അതുകൊണ്ട് ഈ ഗവൺമെന്റ് നല്ല കാര്യങ്ങളുമായി മുന്നോട്ടുപോവുകയാണ്. വനിതാ ബെറ്റാലിയൻ ആരംഭിച്ചിരിക്കുന്നു, ശ്രീമതി നിശാന്തിനിയെപ്പോലുള്ള ഒരു ഉദ്യോഗസ്ഥ ചുമതലയെടുത്തിരിക്കുന്നു. അവിടെ ഏഴ് വനിതാ എസ്.ഐ.-മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച് മാതൃക കാട്ടിയിരിക്കുന്നു. മൂവായിരത്തിലധികം തസ്തികകൾ പുതുതായി നൽകിയിരിക്കുന്നു. അങ്ങനെയാണ് ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമായി കേരളം മാറുന്നത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു കൊല്ലം തികയാൻ കുറച്ച് ദിവസങ്ങൾ മാത്രം ബാക്കിയുള്ള പിണറായി വിജയൻ ഗവൺമെന്റ് കേരളം കണ്ട ഏറ്റവും പരാജയപ്പെട്ട ഗവൺമെന്റാണ്. '*എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും*' എന്നുപറഞ്ഞ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ദിശാബോധം നഷ്ടപ്പെട്ട് കപ്പിത്താനില്ലാതെ നടുക്കടലിൽ ഒഴുകിനടക്കുന്ന നൗകയുടെ അവസ്ഥയിലാണ്. രാവിലെ ചർച്ചയിൽ പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിൽ നിന്നും മുഖ്യമന്ത്രി ബോധപൂർവ്വം ഒഴിഞ്ഞുമാറി. ആരാണ് സ്റ്റേറ്റ് പോലീസ് ചീഫ് എന്നത് ഈ സഭയ്ക്ക് അറിയാൻ ആഗ്രഹമുണ്ട്, അറിയാനുള്ള അവകാശമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

കൺവീനറായ സെലക്ട് കമ്മിറ്റിയാണ് കേരളാ പോലീസ് ആക്ട്, 2011 അംഗീകരിച്ചത്. ഞാൻ ആ സമിതിയിൽ അംഗമായിരുന്നു. പോലീസ് ആക്ട് ക്ലോസ് 18-ൽ, "State Police Chief - (1) The administration, supervision, direction and control of Police throughout the state shall, subject to the control of the Government be vested in an officer designated as the State Police Chief" എന്നാണ് പറയുന്നത്. കേരളത്തിലെ പോലീസിനെ നിയന്ത്രിക്കുന്ന സ്റ്റേറ്റ് പോലീസ് ചീഫ് ആരാണെന്നും അദ്ദേഹത്തിന്റെ പേരെന്താണെന്നും മുഖ്യമന്ത്രി ദയവായി മറുപടി പറയുമ്പോൾ പറയണം. അരിയെത്രയെന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്നുപറഞ്ഞ് ഒഴിഞ്ഞുമാറരുത്. ഇവിടെ പോലീസ് ചീഫില്ല. ഏപ്രിൽ 24-ലെ കോടതി വിധിയോടുകൂടി സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്തുനിന്ന് ശ്രീ. ലോക്നാഥ് ബെഹ്റ നീക്കംചെയ്യപ്പെട്ടു. പല ജില്ലകളിലും അദ്ദേഹം കോൺഫറൻസ് നടത്തി. ആ കോൺഫറൻസിൽ ശ്രീ. ബെഹ്റ പങ്കെടുക്കുന്നത് എന്തധികാരത്തിലാണ്? പോലീസ് ആക്ട് ക്ലോസ് 18(5)-ൽ പറയുന്നത്, "(5) No officer senior to state police chief shall be appointed in the Kerala Police" എന്നാണ്. സ്റ്റേറ്റ് പോലീസ് ചീഫിന് മുകളിലായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ പാടില്ല. ശ്രീ. രമൺ ശ്രീവാസ്തവ ആരാണ്; അദ്ദേഹത്തിന് കേരളാ പോലീസിലുള്ള

അധികാരമെന്താണ്; ഏത് പോലീസ് ആക്ടനുസരിച്ചാണ് അദ്ദേഹം പ്രവർത്തിക്കുന്നത്? അധികാരമില്ലാതെ അദ്ദേഹം അനാവശ്യമായ കാര്യങ്ങളിൽ ഇടപെടുന്നതിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അതൃപ്തരാണെന്ന വാർത്തകളുണ്ട്. ഒരു ഭരണഘടനാ അതീത സ്ഥാപനമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഇതാണ് കേരളത്തിലെ പോലീസിന്റെ അവസ്ഥ. ഈ ഡിമാന്റ് ചർച്ച ചെയ്യുമ്പോൾ കേരത്തിലെ പോലീസിന് നാഥനില്ലെന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. ശ്രീ. രാജു എബ്രഹാം ഇവിടെ 14 മിനിട്ട് പ്രസംഗിച്ചു. നാല് മിനിട്ടുപോലും അദ്ദേഹം പോലീസിന്റെ കാര്യങ്ങൾ സംബന്ധിച്ച് പറഞ്ഞില്ല. അദ്ദേഹം മറ്റ് മേഖലകളിലേയ്ക്ക് പോയി. അദ്ദേഹത്തിന് പോലീസിനെ ന്യായീകരിക്കാൻ സാധിക്കില്ല. ഒരു വർഷം പൂർത്തിയാകാൻ പോകുമ്പോൾ മുഖ്യമന്ത്രിയുടെ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയാണെങ്കിലും രണ്ടാം കക്ഷിയായ സി.പി.ഐ. ആണെങ്കിലും പോലീസിന് എന്തോ പാളിച്ചകൾ പറ്റിയിരിക്കുന്നുവെന്ന കുറ്റസമ്മതമാണ് നടത്തുന്നത്. നിങ്ങൾ ബലിയാടുകളെ തേടുന്നുണ്ട്, ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുന്നുണ്ട്. പക്ഷെ ഉത്തരം പറയേണ്ട മുഖ്യമന്ത്രി ഒഴിഞ്ഞുമാറുകയല്ലേ. കൊടിഞ്ഞി ഫൈസൽ വധക്കേസ്; ജിഷ്ണുവിന്റെ മരണം; നടിയെ ഉപദ്രവിച്ച സംഭവം; മറൈൻ ഡ്രൈവിലെ ശിവസേനയുടെ സദാചാര ഗുണ്ടായിസം; വാളയാറിൽ സഹോദരിമാരുടെ മരണം;

സി.എ. വിദ്യാർത്ഥിനി മിഷേലിന്റെ ദുരൂഹ മരണം; കുണ്ടറയിലെ പത്ത് വയസ്സുകാരിയുടെ മരണം തുടങ്ങി എല്ലാ സംഭവങ്ങളിലും പോലീസ് വീഴ്ച വരുത്തിയിട്ടുണ്ട്. കുറ്റവാളികളെ കണ്ടെത്തുന്നില്ല. ആക്ഷേപമുണ്ടാകുമ്പോൾ ആരെയെങ്കിലും സസ്പെന്റ് ചെയ്യുകയാണ് അങ്ങ് ചെയ്യുന്നത്. അങ്ങനെ അങ്ങേയ്ക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുമോ; കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു ദുരവസ്ഥ ഉണ്ടായിട്ടുണ്ടോ? ഗവൺമെന്റിന്റെ ബാലൻസ്ഷീറ്റ് നോക്കുമ്പോൾ എട്ട് മാസം തികയുന്നതിനുമുമ്പ് രാഷ്ട്രീയ കൊലപാതകങ്ങൾ 18; ക്രിമിനൽ കേസ്സുകൾ ഒന്നേമുക്കാൽ ലക്ഷം - യു.ഡി.എഫ്.-ന്റെ എട്ട് മാസത്തേതിനെക്കാൾ 61,000 കേസ്സുകളാണ് കൂടുതലുണ്ടായത്. പീഡനക്കേസ്സുകൾ 1100 - വർദ്ധനവ് 330; 1100 കേസ്സുകളിൽ 630 എണ്ണം പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള അക്രമങ്ങളാണ്. സദാചാര ഗുണ്ടകളുടെ അക്രമങ്ങൾ പെരുകുന്നു. ദമ്പതിമാർക്കോ സഹോദരി-സഹോദരന്മാർക്കോ പോലും വഴിനടക്കാൻ സാധിക്കുന്നില്ല. സ്ത്രീസുരക്ഷ ലക്ഷ്യമാക്കി ആവിഷ്കരിച്ച ഓപ്പറേഷൻ കാവലാൾ നിലവിലുണ്ടോ? സംസ്ഥാനത്തെ പിങ്ക് പോലീസിനെ സംബന്ധിച്ച് പഠിക്കാൻവേണ്ടി കർണാടകയിൽ നിന്ന് ഒരു സംഘം വരുന്നുണ്ടെന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. പിങ്ക് പോലീസ് നിലവിലുണ്ടോ; എല്ലാം നിശ്ചലാവസ്ഥയിലാണ്. ലഹരി മരുന്ന് കേസ്സുകൾ 4200 -

സംസ്ഥാനത്ത് സമീപകാലത്ത് ലഹരി മരുന്ന് കേസ്സുകൾ വർദ്ധിക്കുന്നതായാണ് എക്സൈസ് കമ്മീഷണർ പറയുന്നത്. ദളിത് പീഡനങ്ങൾ-7200, എട്ട് മാസത്തെ കണക്കാണിത്. ബഹു. മുഖ്യമന്ത്രീ, ഈ കണക്കുകൾ അങ്ങയുടെ ഗവൺമെന്റിന് അഭിമാനകരമാണോ; അങ്ങ് ചിന്തിക്കണം. ഈ ഗവൺമെന്റ് ദിശാബോധമില്ലാതെ മുന്നോട്ടുപോകുന്ന ഗവൺമെന്റായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ തൊടുന്നതെല്ലാം കുഴപ്പത്തിലാകുകയാണ്. കേരള ചരിത്രത്തിലെ ഏറ്റവും അപമാനകരമായ സംഭവമായിരുന്നില്ലേ ഏപ്രിൽ 5-ന് ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്നത്. അന്ന് നിങ്ങൾ 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ 60-ാം വാർഷികം ആഘോഷിക്കുമ്പോൾ ഡി.ജി.പി. ഓഫീസിനുമുന്നിൽ മഹിജ എന്ന അമ്മയുടെ വേദനിപ്പിക്കുന്ന ദൃശ്യങ്ങൾ, കാലമെത്ര പോയാലും മനസ്സിൽ നിന്ന് മായുകയില്ല. നിയമ സമാധാനപാലനത്തിന്റെ കാവലാളായ പോലീസിന്റെ ഹെഡ്ക്വാർട്ടേഴ്സിനുമുന്നിൽ നീതിപാലകരാൽ ആ അമ്മ അപമാനിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് കുടുംബമാണ് അവരുടേത്. മകന്റെ വിയോഗം താങ്ങാനാവാതെ നിസ്സഹായയായി നീതിതേടി യാചനയോടെ എത്തിയ അമ്മയെ വലിച്ചിഴച്ച സംഭവം ഈ സർക്കാരിന് ഭൂഷണമാണോ? ദയവായി ഇനിയെങ്കിലും ഒരമ്മയ്ക്കും ഈ അവസ്ഥയുണ്ടാകരുത്. ഷേക്ക്സ്പിയറുടെ മാക്ക്ബത്തിൽ ഒരു വാചകമുണ്ട്, "All the

perfumes of Arabia will not sweeten this little hand". അങ്ങയുടെ ഗവൺമെന്റിന്റെ കൈകളിലെ ഈ പാപക്കറ കഴുകിക്കളയാൻ അറേബ്യയിലെ സുഗന്ധദ്രവ്യങ്ങൾകൊണ്ട് സാധിക്കില്ല. സ്റ്റേറ്റ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിന് മുന്നിൽ സമരം ചെയ്യാൻ പോയതിന് ഒരു കോൺസ്പിറസി കേസ്...., എന്തെല്ലാം സമരങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് കുടുംബത്തിൽപ്പെട്ട ഒരു അമ്മയുടെ വേദന കാണാൻ കഴിയാത്ത അങ്ങ് ഒരു കമ്മ്യൂണിസ്റ്റാണോ? മഹിജയെ കാണാൻ ഉദ്ദേശിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു. നിരാഹാര സമരം നടത്തിയപ്പോൾ അങ്ങ് ആളുകളെ അയച്ച് ചർച്ചകൾ നടത്തിയതിനെത്തുടർന്ന് അതവസാനിപ്പിച്ചു. പിന്നീട് സമരംകൊണ്ട് മഹിജ എന്തുനേടിയെന്ന് അങ്ങ് ചോദിക്കുന്നു. സർ സി.പി. രാമസ്വാമി അയ്യരുടെ പ്രേതം ആവാഹിച്ച, അധികാരത്തിന്റെ അഹന്തയും ധിക്കാരത്തിന്റെ മൂർത്തിയുമായ ഒരു ഭരണാധികാരിയുടെ വാക്കുകളാണ് അങ്ങയിൽ നിന്ന് മുഴങ്ങിക്കേട്ടത്. ഇതൊരു കമ്മ്യൂണിസ്റ്റുകാരന് ചേർന്ന നടപടിയാണോ? നിയമസഭയുടെ 60-ാം വാർഷികദിനത്തിൽ പഴയ നിയമസഭാ ഹാളിൽവച്ച് ബഹുമാന്യനായ സ്പീക്കർ പറഞ്ഞത് സാധാരണക്കാർക്ക് പോലീസിനെ സമീപിക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത് എന്നാണ്. സഭയിലിരുന്ന അങ്ങും അത് കേട്ടുകാണും. പോലീസിനെ ഭയപ്പാടോടെ

കാണേണ്ടിവരുന്നത് ദൗർഭാഗ്യകരമാണ്. ജനമൈത്രി പോലീസ് സംവിധാനം കേരളത്തിലുണ്ടെങ്കിലും ജനങ്ങൾ ഭയപ്പാടോടെ പോലീസിനെ കാണുന്നു. ഇതാണ് അങ്ങയുടെ പോലീസിന്റെ അവസ്ഥ. നാഥനില്ലാത്ത അവസ്ഥയാണ് സംസ്ഥാന പോലീസിനുള്ളത്. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം, അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഞാൻ ഈ സഭയിലുണ്ടായിരുന്നു. അങ്ങ് നല്ല വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നു. പിന്നീട് പതിനഞ്ച് കൊല്ലക്കാലം അങ്ങ് സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറിയായി. അങ്ങയുടെ മനോഭാവവും കാഴ്ചപ്പാടും മാറി. അങ്ങ് മുഖ്യമന്ത്രിയാണെങ്കിലും ഇപ്പോഴും സി.പി.ഐ.(എം) നേതാവിന്റെ മാനസികാവസ്ഥയിൽ നിന്ന് മോചനമുണ്ടായിട്ടില്ല. മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്സ്മാൻ ആയിരിക്കണം. അങ്ങ് ഞങ്ങളുടെ മുഖ്യമന്ത്രിയാണ്; കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങേയ്ക്ക് ഒരു പാർട്ടി നേതാവിന്റെ ഇടുങ്ങിയ മനസ്സ് ഉണ്ടാകാൻ പാടില്ല. അങ്ങയുടെ സംസാരരീതി; അങ്ങയുടെ ഭാഷ; അങ്ങയുടെ പ്രയോഗങ്ങൾ ദയവായി മനസ്സിലാക്കണം. കേരളത്തിലെ ജനങ്ങളുടെ മുഖ്യമന്ത്രി കുറച്ചുകൂടി സൗമ്യമായി സംസാരിക്കണം. ധിക്കാരത്തിന്റെ ഭാഷയും അഹന്തയുടെ ഭാഷയും മുഖ്യമന്ത്രിക്ക് ചേർന്നതല്ല. ഈ ഡിമാന്റ് ചർച്ച ചെയ്യുമ്പോൾ കേരളത്തിന്റെ നിയമവാഴ്ച പൂർണ്ണമായും തകർന്നിരിക്കുന്നു. നാഥനില്ലാത്ത അവസ്ഥയാണെന്ന്

ഞാൻ ആവർത്തിക്കുന്നു. ഉത്തരം പറയുമ്പോൾ ഒരു കാര്യം പറയണം, ആരാണ് സ്റ്റേറ്റ് പോലീസ് ചീഫ്? ശ്രീ. ലോക്നാഥ് ബെഹ്റയാണോ, ശ്രീ. ടി. പി. സെൻകുമാറാണോ അതോ മറ്റാരെങ്കിലുമാണോ? ദയവായി ഒഴിഞ്ഞുമാറരുത്, ഞാൻ ഡിമാന്റിനെ എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലിരുന്ന 1957-59 കാലഘട്ടത്തിൽ കേരളത്തിൽ ആഭ്യന്തര വകുപ്പിന്റെ ചർച്ച നടന്നപ്പോൾ ഇന്ത്യയുടെ ആരാധ്യനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സഭയിൽ പ്രതിപക്ഷത്തിന് നൽകിയ മറുപടി ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്: " .......there may be criticism about the police. I admit they are imperfect. They have their own tradition. We cannot overnight make angels of men but we know which way the wind is blowing. We are aware the changes that have to be brought about in the Police in a welfare State. I hope Honorable Members of this House will give their valuable suggestions so as to quicken the face of the change and see to it that the criticism do not injure the qualitative transformation that is sought to be attempted. I hope it will be appreciated that this is not a matter of Politics at all." ഈ നയമാണ് ഞങ്ങളുടെ ഇന്നത്തെ ഗവൺമെന്റിനുള്ളത്.

ഒരു രാജ്യത്തിന്റെ ക്രമസമാധാനം പാലിക്കുക മാത്രമല്ല, ആ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു നയം ആവിഷ്കരിക്കാൻ നമ്മുടെ പോലീസ് അല്ലെങ്കിൽ ആഭ്യന്തര വകുപ്പ് ബാദ്ധ്യസ്ഥമാണ്. നമുക്ക് ഒരുപാട് അനുഭവങ്ങൾ ഉള്ളതാണ്. ബ്രിട്ടീഷുകാരന്റെ കാലത്തെ പോലീസ് എന്തായിരുന്നുവെന്ന് നമുക്കറിയാം. അതുകഴിഞ്ഞ് രാജഭരണത്തിന്റെ പോലീസ്; ജനാധിപത്യത്തിന്റെ പോലീസ്, എല്ലാക്കാലത്തും പോലീസ് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മർദ്ദനോപകരണമാണ്. ഗവൺമെന്റിന്റെ സങ്കുചിതമായ താല്പര്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്ന ഒരു ഉപകരണമാണ്. ആ ഉപകരണത്തിൽ മൗലികമായ മാറ്റം വരുത്തേണ്ട കാലം അതിക്രമിച്ചു. എന്റെ അഭിപ്രായം, കേരള പോലീസിൽ ആഭ്യന്തരമായും എല്ലാ തരത്തിലും അഴിച്ചുപണി അനിവാര്യമായ സമയമാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ പേരിൽ നിയമസഭയുടെ ഇത്രയും വിലപ്പെട്ട സമയം മെനക്കെടുത്തേണ്ട കാര്യം എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്കുണ്ടായിരുന്നോ? നിങ്ങൾ പൊളിറ്റിക്കലായി ഇത്ര bankrupt ആണോ? ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനെപ്പറ്റി പറയാൻ നിങ്ങൾ എത്ര മണിക്കൂർ ചെലവഴിച്ചു. എത്ര പ്രഗത്ഭമതികളാണ് ; എ ആണോ ബി ആണോ? നിങ്ങളും ഭരിച്ചിട്ടുള്ളതല്ലേ? ജനാധിപത്യ വ്യവസ്ഥയിൽ

ഇന്ന് ഒരു ഗവൺമെന്റ് വരും; നാളെ വേറൊരു ഗവൺമെന്റ് വരും. ഗവൺമെന്റ് മാറി മാറി വരും. ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യം ചെയ്യണം. ചെയ്തില്ലെങ്കിൽ ചെയ്യിപ്പിക്കും. അതിന് നിങ്ങൾ വക്കാലത്ത് പിടിച്ചാൽ കെ. സി. ജോസഫിനെപ്പോലെയുള്ള പ്രധാനപ്പെട്ട ആളുകൾ.....,

<u>ശ്രീ. കെ. സി. ജോസഫ്</u>: ഞങ്ങൾ ഉന്നയിച്ചത് ഉദ്യോഗസ്ഥരുടെ കാര്യമല്ല, അങ്ങ് ദയവായി തെറ്റിദ്ധരിക്കരുത്. ഞങ്ങൾ ഉന്നയിച്ചത് സുപ്രീം കോടതി വിധി; ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ വിധി നടപ്പിലാക്കാതെ മുമ്പോട്ടു പോകുന്നതിലുള്ള ഭരണഘടനാ പ്രശ്നങ്ങളാണ് ഉന്നയിച്ചത്. അങ്ങ് ദയവായി കാര്യങ്ങൾ മാറി ചിന്തിക്കരുത്.

<u>ശ്രീ. സി. ദിവാകരൻ</u>: ശ്രീ. കെ. സി. ജോസഫ് ഇപ്പോൾ പറഞ്ഞത് സംസ്കൃതമാണ്. ഇവിടെ കേട്ടവർക്കെല്ലാം മനസ്സിലായത് ഒരു പോലീസ് ഉദ്യോഗസ്ഥനുവേണ്ടി വാദിക്കുന്നതായിട്ടാണ്. അതിനകത്ത് അത്രയേയുള്ളൂ; വേറെ കാര്യങ്ങളൊന്നുമില്ല. സുപ്രീം കോടതി വിധി നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തുവേണമെന്നുള്ളത് ഞങ്ങൾ ആലോചിക്കും. ഞങ്ങളുടെ ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യട്ടേ. നിങ്ങളുടെ പൂർവ്വികന്മാരും ഗവൺമെന്റിനെ ഡിസ്മിസ് ചെയ്തല്ലോ? നിങ്ങൾ ഇത്രയും വലിയ ജനാധിപത്യം വാദിക്കുന്നല്ലോ?

ബഹുമാനപ്പെട്ട ജവഹർലാൽ നെഹ്റു പാർലമെന്റിൽ പറഞ്ഞതെന്താണ്? 356 ഉപയോഗിച്ച് കേരളത്തിലെ ഇലക്ട് ചെയ്ത, ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റിനെ ഡിസ്മിസ് ചെയ്തത് എന്റെ ജീവിതത്തിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു കാര്യമാണെന്നാണ്. ജനാധിപത്യത്തെ അന്ന് കശാപ്പ് ചെയ്തവരാണ് നിങ്ങൾ. നിങ്ങൾ അതുകൊണ്ട് കോടതിയെപ്പറ്റിയൊന്നും പറയണ്ട. നിങ്ങളുടെ യു.ഡി.എഫ്., നിങ്ങൾ പോലീസുകാരെയെല്ലാം കറക്കായായാണോ വച്ചത്. കോടതിയിൽ എത്ര കേസുകളുണ്ട്? നിങ്ങൾ അപ്പുറത്ത് ആരെയാ തല്ലാത്തത്; ആരുടെ ദേഹത്താണ് അടി കിട്ടാത്തത്; നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തല്ലേ ഏറ്റവും കൂടുതൽ മർദ്ദനം നടന്നിട്ടുള്ളത്. ഈ ഇന്ത്യയുടെ ചരിത്രത്തിൽ കോൺഗ്രസ് ഭരിച്ചിട്ടുള്ള കാലത്താണ് ഭീകരമായ മർദ്ദനങ്ങൾ നടന്നിട്ടുള്ളത്; വെടിവയ്പുകൾ നടന്നിട്ടുള്ളത്; ആളുകളെ കൊന്നിട്ടുള്ളത്. നിങ്ങൾ കഴിഞ്ഞ തവണ പ്രതിപക്ഷ നേതാവിനെ വിട്ടോ; എന്നെ വിട്ടോ. അതിനെപ്പറ്റിയൊന്നും പറയണ്ട. അതിൽ ഞങ്ങൾക്ക് പരാതിയൊന്നുമില്ല. സമരം ചെയ്യാൻ പോയാൽ കുറേ ആളുകൾ കേസുകളിൽ പ്രതികളാകുന്നത് വലിയ കാര്യമല്ല. പ്രതിയാകും; മർദ്ദനം കിട്ടും; ജയിലിൽപ്പോകും. നിങ്ങൾക്ക് അതൊന്നും പറഞ്ഞിട്ടില്ല. നിങ്ങൾ സ്വാതന്ത്ര്യം കിട്ടിയതു മുതൽ ഇന്നുവരെ വായ്ക്കകത്ത് സ്വർണ്ണ കരണ്ടിയുമായി ജനിച്ചവരാണ്. സ്വാതന്ത്ര്യം കിട്ടിയപ്പോൾ 1948-ൽ നിങ്ങൾ

കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു. 1952 വരെ നിങ്ങൾ ഭീകരമായ കേരളത്തിലെയും ഇന്ത്യയിലെയും കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചുകൊണ്ട് കണ്ടുകെട്ടി. വീടുകൾ കൊള്ളയടിച്ചു. ഞങ്ങളുടെ വീടുകളിൽ കയറി ബലാത്സംഗം ചെയ്തു. ഞങ്ങളുടെ പൂർവ്വികന്മാരെ നിരോധിച്ചു. എം. എൻ. ഗോവിന്ദൻ നായരുടെയും ടി. വി. തോമസിന്റെയും എല്ലാവരുടെയും തലയ്ക്ക് വില കൽപ്പിച്ചു.

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട അംഗം കോൺഗ്രസ് ഗവൺമെന്റുകൾ കാലാകാലങ്ങളിൽ നടത്തിയ അതിനിഷ്ഠൂരമായ പോലീസ് മർദ്ദനത്തെപ്പറ്റിയാണല്ലോ പറയുന്നത്. എന്നാൽ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ നിരായുധരായ രണ്ട് നക്സലൈറ്റുകളെ വെടിവച്ചുകൊന്നത് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റാണെന്ന കാര്യം അങ്ങേയ്ക്കറിയുമോ.

<u>ശ്രീ. സി. ദിവാകരൻ</u>: എന്നോട് സംസാരിച്ചാൽ ശ്രീ. പി. ടി. തോമസിന് ബുദ്ധിമുട്ട് വരും. നിങ്ങളുടെ എം. വി. രാഘവനാണ് അഞ്ചു കുട്ടികളെ പട്ടാപ്പകൽ വെടിവച്ചുകൊന്നത്. അവർ നിരായുധരല്ലായിരുന്നോ; എന്തിനാണ് വെടിവച്ചത്. ഞാൻ അതിലേയ്ക്ക് വരുന്നില്ല.

ഈ ഗവൺമെന്റ് വന്നിട്ട് 11 മാസമായി. ഗുരുതരമായ ഏതെങ്കിലും ഒരു കേസിന് തെളിവില്ലാതെ വന്നിട്ടുണ്ടോ? കോവളത്ത് മരിയാദാസ് എന്നയാളിനെ

ഏതൊരു തുമ്പും അവശേഷിപ്പിക്കാതെ കൊലപ്പെടുത്തിയ കേസിൽ തമിഴ്നാടിൽ നിന്നും ഒരാഴ്ചയ്ക്കുള്ളിൽ പ്രതികളെ അറസ്റ്റ് ചെയ്തു ഇവിടെ കൊണ്ടുവന്നു. പാലക്കാട് ആലത്തൂർ ചിതല എന്ന സ്ഥലത്തുനിന്നും കാണാതായ സ്ത്രീയെ തമിഴ്നാടിൽ പൊള്ളാച്ചിക്കു സമീപം കൊലപ്പെടുത്തി കുഴിച്ചിട്ട പ്രതിയെ രണ്ടാഴ്ചയ്ക്കുള്ളിൽ അറസ്റ്റ് ചെയ്ത് സ്വർണ്ണാഭരണങ്ങൾ വീണ്ടെടുത്ത് ഇവിടെ കൊണ്ടുവന്നു. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ലോലിയ എന്ന സ്ത്രീയെ തമിഴ്നാട് രാമപുരത്തു കൊണ്ടുപോയി വിഷം നൽകി കൊലപ്പെടുത്തിയ കേസിൽ പ്രതിയെ വേഗത്തിൽ അറസ്റ്റ് ചെയ്തു. കോട്ടയം ഏറ്റുമാനൂർ കുന്നംകുളത്ത് അശ്വതി എന്ന ഗർഭിണി സ്ത്രീയെ കൊന്ന് ബെഡ്ഷീറ്റിൽ പൊതിഞ്ഞ് റബ്ബർ തോട്ടത്തിൽ ഉപേക്ഷിച്ച കേസിൽ അഞ്ചു ദിവസത്തിനകം പ്രതിയെ പിടികൂടി. കൊച്ചിയിൽ മദ്ധ്യവയസ്കനെ കൊന്ന് മൃതദേഹം വെട്ടിനുറുക്കി കിണറ്റിൽ തള്ളിയ കേസിൽ പ്രതിയെ പിടികൂടി. തിരുവനന്തപുരത്ത് നന്തൻകോട് നടന്ന കൂട്ടകൊലപാതകത്തിലെ...... ഒരു നല്ല വാക്ക് പറയാത്തത് എന്താണ്? നിങ്ങൾ ഒരു ഡി.ജി.പി.യെയും കൊണ്ട് നടക്കുന്നു. നിങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നടന്ന, പോലീസ് നടത്തിയ ധീരമായ നടപടികളെ, ടൈമിംഗിൽ ഇടപെട്ടുകൊണ്ട് കൊലയാളികളെ പുറത്തുകൊണ്ടുവന്നില്ലേ. തിരുവനന്തപുരത്ത് നഗരമധ്യത്തിൽ നടന്ന ഭീകരമായ സംഭവമല്ലേ; മൂന്നാം ദിവസം

പ്രതിയെ പിടിച്ചില്ലേ? ഏത് കേസിലാണ് ആഭ്യന്തരവകുപ്പ്....നിങ്ങളെ ഭീകരമായി മർദ്ദിച്ചോ; ഞങ്ങളെ മർദ്ദിച്ചതുപോലെ നിങ്ങളെ മർദ്ദിച്ചോ? ജനകീയ സമരങ്ങളുണ്ടോ; നിങ്ങൾക്ക് ജനങ്ങളെ അണിനിരത്താൻ കഴിയുന്നുണ്ടോ? നമ്മൾ തമ്മിൽ സംസാരിക്കുമ്പോൾ സ്ഫോടനാത്മകമായ ദേശീയ രാഷ്ട്രീയ സാഹചര്യം നമ്മളെ വേട്ടയാടുകയാണ്. നിങ്ങൾ അത് മറക്കുകയാണ്. ഈ എൽ.ഡി.എഫ്. ഗവൺമെന്റിനെ ശരിപ്പെടുത്തുക എന്നതാണ് നിങ്ങളുടെ അജീവനാന്ത രാഷ്ട്രീയ അജണ്ട. നിങ്ങൾ ഇന്ത്യ കാണുന്നുണ്ടോ; നിങ്ങളുടെ പഴയ സ്റ്റേറ്റുകളെ കാണുന്നുണ്ടോ; മഹാത്മാ ഗാന്ധി ജനിച്ച ഗുജറാത്ത് കാണുന്നുണ്ടോ; നിങ്ങളുടെ ആന്ധ്രാപ്രദേശ് കാണുന്നുണ്ടോ; നിങ്ങളുടെ ഉത്തർപ്രദേശ് കാണുന്നുണ്ടോ? ജവഹർലാൽ നെഹ്റുവിന്റെ യു.പി. എവിടെ; മോട്ടിലാൽ നെഹ്റുവിന്റെ കാശ്മീർ എവിടെ; എവിടെയാണ് ഇന്ത്യയുടെ ആഭ്യന്തര രംഗം. അത്യന്തം ആപത്കരമായി സന്യാസിമാർ മുഖ്യമന്ത്രിമാരായി കൽപ്പനകൾ കൊടുക്കുന്നു. ആർ.എസ്.എസ്.-ന്റെ അഴിഞ്ഞാട്ടം നടക്കുന്നു. മഹാത്മാ ഗാന്ധിജിയെ കൊന്നത് ഗോഡ്സെ അല്ലായെന്ന് പറയണമെന്നാണ്. നമ്മുടെ പ്രിയപ്പെട്ട ശ്രീ. ഒ. രാജഗോപാൽ ഇവിടെയില്ല. അദ്ദേഹം പറഞ്ഞത് നടപടി ക്രമത്തിൽ നിന്ന് എടുത്തുകളയണം എന്നാണ്. ആരാണ് ഗാന്ധിജിയെ കൊന്നത്;

മഹാത്മാഗാന്ധിജിയുടെ കൊലയാളി ആരാണ്? Who Killed Mahathma Gandhi എന്ന പുസ്തകം ഇറങ്ങിയിട്ടുണ്ട്, അത് വായിക്കണം. നിങ്ങൾ അത് വായിച്ചിട്ട് വരണം. എന്താണ് സ്ഥിതി; നമ്മുടെ രാജ്യം വീണ്ടും എങ്ങോട്ടാണ് പോകുന്നത്? അന്ധകാരപൂർണ്ണമായ സാഹചര്യത്തിലേയ്ക്ക് ജനങ്ങളെയും പാവപ്പെട്ടവരെയും തൊഴിലാളികളെയും വേട്ടയാടി അവരെയെല്ലാം ത്തുത്തെറിഞ്ഞ് ഓടിക്കുമ്പോൾ, വർഗ്ഗീയത അഴിഞ്ഞാടുമ്പോൾ മതാധിപത്യത്തിന്റെ റിപ്പബ്ലിക്കിനുവേണ്ടി വാദിക്കുമ്പോൾ സെക്യുലറിസം മാറ്റണമെന്ന് പറഞ്ഞ് ഭരണഘടന മാറ്റുന്നു. ദേശീയ പതാകയെയും ദേശീയ ഗാനത്തേയും അവഹേളിക്കുന്നു. കലാ-സാംസ്കാരിക രംഗം മുഴുവൻ കാവിവത്കരിക്കുന്നു. വിദ്യാഭ്യാസ രംഗം അധ:പതിക്കുന്നു. നിങ്ങൾ അതൊന്നും കാണാതെ.. ഇന്ത്യയിലെ ഒരു പഞ്ചായത്ത് പോലെയുള്ള ഒരു ചെറിയ സംസ്ഥാനമാണ് കേരളം. ഇവിടെ ഒരു ഭരണം ഇരിക്കുന്നത് നിങ്ങൾക്ക് സഹിക്കാൻ വയ്യ. നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്; എങ്ങനെ നമ്മൾ ഇതിനെ നേരിടും. ഇന്ത്യയുടെ ജനാധിപത്യ സെക്യുലറിസം, ഇന്ത്യയിലെ ഡെമോക്രാറ്റിക് റൈറ്റ് എങ്ങനെ, ആര് സംരക്ഷിക്കും? വലിയ ഒരു ജനകീയ പ്രക്ഷോഭമാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ രാജ്യത്തെ സ്തംഭിപ്പിക്കുന്ന.... നിങ്ങൾക്ക് ശക്തിയുണ്ടല്ലോ, നിങ്ങൾ 60 കൊല്ലം രാജ്യം എടുത്ത്

അമ്മാനമാടിയല്ലോ; നിങ്ങൾ ഇപ്പോൾ അവകാശപ്പെടുന്നുണ്ടല്ലോ; എവിടെയെങ്കിലും ഒരു സ്റ്റേറ്റിൽ, ആ സ്റ്റേറ്റ് സ്തംഭിപ്പിക്കാൻ ഒരു സമരം നടത്താൻ ഈ കോൺഗ്രസ്സിന് ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ? ഞങ്ങൾ വിചാരിച്ചെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഒഴുകിപ്പോകുമായിരുന്നു. കേരളത്തിൽ ഞങ്ങൾ നടത്തിയ ഔദാര്യം....അത് പോകട്ടേ അതിനെപറ്റി പറയണ്ട. ഞങ്ങൾ അത് ചെയ്തില്ല. ശ്രീ. മൻമോഹൻ സിംഗ് ഗവൺമെന്റിനെ ഒരു അപശബ്ദവും ഇല്ലാതെ അഞ്ച് കൊല്ലം ഞങ്ങൾ വാഴിച്ചു. ഞങ്ങൾ ഒരു കമ്മിറ്റി ചോദിച്ചില്ല. പക്ഷെ, ഞങ്ങളറിയാതെ വിദേശ രാജ്യങ്ങളുമായി രഹസ്യ ബന്ധങ്ങളുണ്ടാക്കി. അതുകൊണ്ടാണ് ഞങ്ങൾ പിന്തുണ പിൻവലിച്ചത്. ഞങ്ങളുടെ പിന്തുണ നിങ്ങൾ സ്വീകരിച്ചില്ലേ? നിങ്ങളുടെ സോണിയാ ഗാന്ധിയെ ഞങ്ങൾ ചെയർപേഴ്സണായി അംഗീകരിച്ചില്ലേ? ഞങ്ങൾ നിങ്ങളുമായി കോമൺ മിനിമം പ്രോഗ്രാം ഉണ്ടാക്കിയില്ലേ? അന്നൊന്നും ഇല്ലാത്ത വിരോധം ഇപ്പോൾ എന്തിനാണ്; ഞങ്ങൾ ഇവിടെ അധികാരത്തിൽ വന്നതുകൊണ്ടാണോ? ഞങ്ങൾക്ക് അധികാരമൊന്നും വലിയ കാര്യമല്ല. നിങ്ങൾ പറയുന്ന ആളിനെ വച്ച് ഭരിക്കണോ? രാവിലെ നടത്തിയ ലഹള എന്താണ്? (എ) -യെ മാറ്റി (ബി)-യെ നിയമിക്കണം. അതല്ലേ നിങ്ങളുടെ മനസ്സിൽ ഇരിക്കുന്നത്. അങ്ങനെയൊക്കെ ഭരിക്കാൻ പറ്റുമോ; അങ്ങനെയൊക്കെ പറയാമോ?

ഉത്തരവാദിത്വമുള്ള പ്രതിപക്ഷ നേതാവല്ലേ അങ്ങ്. പ്രതിപക്ഷ നേതാവിനെപ്പോലെയുള്ള ആൾ, ഇന്ത്യയിലെ ഏറ്റവും വലിയ പാർട്ടിയുടെ ദേശീയ രംഗത്ത് ഒന്നാന്തരമായി റോൾ വഹിച്ച ശ്രീ. രമേശ് ചെന്നിത്തല ഇങ്ങനെയൊരു ഉദ്യോഗസ്ഥനവേണ്ടി ഇത്രയും വലിയ വൈരാഗ്യം, വാശി കാണിക്കണമോ? എന്ത്....... എന്ത് ന്യായമാണ്? ഞങ്ങൾക്ക് ആര് വന്നാലും, ഏത് ഡി.ജി.പി. വന്നാലും ആരോടും പ്രത്യേക താൽപ്പര്യമില്ല. ഈ ഗവൺമെന്റിന് ആരോടും വ്യക്തിപരമായ വിരോധമില്ല. ഇപ്പോൾ എല്ലാം ഞങ്ങളുടെ ഉദ്യോഗസ്ഥന്മാരാണ്. എന്നുവച്ചാൽ ഞങ്ങളുടെ ഗവൺമെന്റാണ്, ഗവൺമെന്റിന്റെ ഭാഗമാണ് അവർ. ചില ആളുകളെ നിങ്ങൾ കുത്തിയിളക്കി, അതിന്റെ പിന്നിൽ ചില കളികൾ... എന്തിനാണ് കുറുക്കുവഴികളൊക്കെ. ഭൂരിപക്ഷം ഞങ്ങൾക്ക് ഗണ്യമായിട്ടുണ്ട്. അഞ്ച് കൊല്ലം നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. പണ്ടാണെങ്കിൽ പറ്റുമായിരുന്നു. പണ്ട് അവിടെ ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റുണ്ടായിരുന്നു. ഇപ്പോൾ പറ്റുമോ കെ.സി. ജോസഫേ; പിണറായി വിജയൻ ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യാൻ പറ്റുമോ നിങ്ങൾക്ക്? ഒരു വിമോചന സമരം നടത്താൻ കഴിവുണ്ടോ നിങ്ങൾക്കിപ്പോൾ. ഒരു വിമോചന സമരത്തിന് കഴിയുമോ; ചരിത്രം അത് അംഗീകരിക്കുമോ? കമ്മ്യൂണിസ്റ്റ് വിരുദ്ധരല്ലേ നിങ്ങൾ. ഇപ്പോഴെങ്കിലും പറയണം,

ആന്റി കമ്മ്യൂണിസ്റ്റാണ് നിങ്ങൾ. നിങ്ങൾ അതിൽനിന്ന് എന്തുകൊണ്ട് മാറുന്നില്ല. ഞങ്ങൾ ഒരുപാട് വിട്ടുവീഴ്ച ചെയ്തു, നിങ്ങളെ സഹായിച്ചു, നിങ്ങളുടെ കേന്ദ്രത്തിൽ പിന്തുണച്ചു, നിങ്ങളുമായി ബന്ധങ്ങളുണ്ടാക്കി.......പ്രത്യേകിച്ചും എന്റെ പാർട്ടി. ഇതെല്ലാം കഴിഞ്ഞിട്ടും നിങ്ങൾക്കിപ്പോഴും കമ്മ്യൂണിസ്റ്റ് അലർജിയാണ്. അങ്ങനെയുള്ള ആളുകൾ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാണ്. നരേന്ദ്ര മോഡിയുടെ.....

ശ്രീ. കെ. സി. ജോസഫ്: സർ,.....

ശ്രീ. സി. ദിവകാരൻ : സർ, ശ്രീ. കെ. സി. ജോസഫേ, ഞാൻ നിന്ന് സംസാരിക്കുമ്പോൾ ........ഇരിക്കുകയാണെങ്കിലല്ലേ നിങ്ങൾ എഴുന്നേൽക്കേണ്ടത്. ഇത് നിങ്ങളെ ഞാൻ പഠിപ്പിക്കണോ?

ശ്രീ. കെ. സി. ജോസഫ് : സർ, അന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധത കോൺഗ്രസ്സിനില്ല. എന്നുമാത്രമല്ല കേരളത്തിൽ സി. അച്ചുതമേനോന്റെ കാലഘട്ടത്തിലടക്കം സി.പി.ഐ.യും കോൺഗ്രസ്സും തമ്മിൽ സഹകരിച്ചവരാണ്. ദേശീയരംഗത്ത് പാർലമെന്റിലേയ്ക്ക് ശ്രീ. സീതാറാം യച്ചൂരിയെ സഹായിക്കാനായി തീരുമാനിച്ചതാണ്. പാർലമെന്റിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആവശ്യമായതുകൊണ്ടാണ്. അതുകൊണ്ട് അന്ധമായ കോൺഗ്രസ് വിരോധമുള്ളത് മാർക്സിസ്റ്റ് പാർട്ടിക്കാണ്, സി.പി.ഐ.ക്ക് അല്ല.

ശ്രീ. സി. ദിവകാരൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആ വാചകം ഞാൻ സ്വാഗതം ചെയ്യുകയാണ്. കമ്മ്യൂണിസ്റ്റ് വിരോധമില്ല എന്ന് അദ്ദേഹം പറഞ്ഞല്ലോ. അങ്ങനെ വിരോധമുള്ള രാഷ്ട്രീയ സാഹചര്യമല്ല ഇപ്പോഴുള്ളത്. ജനാധിപത്യപരമായ താൽപ്പര്യങ്ങൾ, മതേതരത്വത്തിന്റെ താൽപ്പര്യങ്ങൾ, പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ, തൊഴിലാളികളുടെ മൗലികമായ അവകാശങ്ങൾ....ഇന്നലെ മെയ് ദിനമായിരുന്നു, ആ മെയ് ദിനത്തിൽപ്പോലും ഐ.എൻ.ടി.യു.സി. അടക്കമുള്ള തൊഴിലാളികൾ നേരിടുന്നത് ക്രൂരമായ അന്തരീക്ഷമാണ്. നരേന്ദ്രമോദിയെ നിങ്ങൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ലായെന്ന് ഇപ്പോൾ മനസ്സിലായല്ലോ. ഞങ്ങൾക്ക് ഡൽഹിയിൽ അധികമൊന്നും സീറ്റ് ഇല്ലായിരുന്നു. ഡൽഹി തൂത്തുവാരികൊണ്ട് പോയല്ലോ. പാഠം പഠിക്ക്, യു.പി.യുടെയും ബീഹാറിന്റെയും പാഠം പഠിച്ച് പുതിയ രാഷ്ട്രീയ സമവായത്തിനുവേണ്ടിയും അന്ധമായ എതിർപ്പുകളെ കൈവിട്ടുകൊണ്ട് ..... ശ്രീ. പി. ടി. തോമസേ...നല്ല കാര്യങ്ങൾക്ക് നിങ്ങൾ പിന്തുണ കൊടുക്കു. പോലീസിന്റെ ധനാഭ്യർത്ഥനകളെ നിങ്ങൾ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ധനാഭ്യർത്ഥനയെ എതിർക്കുന്നതുകൊണ്ട് എന്ത് കാര്യമാണുള്ളത്? അധികാരത്തിൽ വന്നിട്ട് ഒരു കൊല്ലംപോലും ആയില്ല. അതിന്

മുമ്പ് നിങ്ങളെക്കാൾ മെച്ചപ്പെട്ട രീതിയിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ഇവിടെ പറഞ്ഞ പോലീസ് വളരെ കറക്ടാണ്, ഭരണം നല്ല കൃത്യമാണ്, എല്ലാം ഭംഗിയായി പോകുന്നുണ്ട്, എങ്കിൽ പിന്നെ എന്തിനാണ് ജനയുഗത്തിൽ എഡിറ്റോറിയൽ എഴുതിയതും ശ്രീ. കാനം രാജേന്ദ്രൻ വിമർശിക്കുകയും ചെയ്തത്. രണ്ട് വള്ളത്തിൽ കാൽ ചവിട്ടരുത്. ഒന്നുകിൽ ജനയുഗം പറയുന്ന രൂപത്തിൽ പോകട്ടേ.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷത്ത് ഇരിക്കുന്ന പ്രഗത്ഭന്മാർക്കും ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരമുണ്ട്. ആ സമയത്ത് നിങ്ങൾ ഇതെല്ലാം പറയണം. ഇപ്പോൾ ഇതിൽ കയറി സംസാരിക്കേണ്ട. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷ നേതാവിനും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം. അദ്ദേഹത്തിന്റെ പേര് ഇന്നത്തെ ലിസ്റ്റിലുണ്ട്. നിങ്ങൾ അപ്പോൾ മറുപടി പറയൂ. നിങ്ങൾ പതിനൊന്ന് മാസം ഞങ്ങളോട് വല്ല വിട്ടുവീഴ്ചയും ചെയ്തിട്ടുണ്ടോ? ഏതെങ്കിലും തരത്തിൽ വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ, കമ്മ്യൂണിസ്റ്റ് വിരോധമില്ലെങ്കിൽ ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കാൻ നിങ്ങൾ തയ്യാറാണോ; ഈ ഗവൺമെന്റിനെതിരെ വേറെ കുറ്റപത്രം ഒന്നുമില്ല, നിങ്ങളുടെ കയ്യിൽ ഒന്നുമില്ല,

പരമശൂന്യമാണ്, പൊളിറ്റിക്കൽ bankrupt ആണ്. നിങ്ങൾക്ക് ഒരു പരിപാടിയുമില്ല, പോലീസിനെക്കുറിച്ച് ഒന്നും പറയാനില്ല. ഞങ്ങൾ പോലീസിൽ അഴിച്ചുപണി നടത്തും, ഞങ്ങൾ പോലീസ് നയം കൊണ്ടുവരും, പോലീസ് ആക്ടിലുള്ള കാര്യങ്ങൾ നടപ്പാക്കും. നിങ്ങൾ അതിനെ സപ്പോർട്ട് ചെയ്യുമോ? സപ്പോർട്ട് ചെയ്യുമെങ്കിൽ ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഈ ചർച്ച കൊണ്ടുവരികയാണ്. പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കുള്ള അവകാശം, പ്രതിയായാലും വാദിയായാലും നിർഭയമായി പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടാകണം. പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ അടിസ്ഥാനസൗകര്യം ഉണ്ടാകണം. നെടുമങ്ങാട് ഞാൻ നേരിട്ടുപോയി നോക്കിയതാണ്, അവിടെ സി.ഐ.യുടെ ഓഫീസ്, ഡിവൈ.എസ്.പി.യുടെ ഓഫീസ്, എസ്.ഐ.യുടെ ഓഫീസ്, പോലീസുകാർക്ക് റസ്റ്റ് ചെയ്യാനുള്ള സ്ഥലംപോലുമില്ല; വല്ലാത്ത അന്തരീക്ഷമാണ്. ഹെവി ഡ്യൂട്ടി കഴിഞ്ഞുവരുന്ന പോലീസുകാർക്ക് സ്റ്റേഷനിൽ അവരുടെ ഡ്രസ്സ് ചെയ്ഞ്ച് ചെയ്യാനുള്ള സൗകര്യം പോലുമില്ല. ഇത് മിക്കവാറും എല്ലാ സ്റ്റേഷനിലുമുള്ള സ്ഥിതിയാണ്. അതുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കണം.

അതുപോലെതന്നെ ജയിലുകൾ, ഇന്നത്തെ ജയിലുകൾ പരാതികളില്ലാത്ത ജയിലുകളാണ്. ജയിലിൽ മാതൃകാപരമായി പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അവിടം ഉല്പാദന കേന്ദ്രങ്ങളാകുന്നുണ്ട്; തുണി ഉല്പാദിപ്പിക്കുന്നു, ചപ്പാത്തി ഉണ്ടാക്കുന്നു, അങ്ങനെ അവർ കമേഴ്സ്യൽ ആകുകയാണ്. തടവുകാർക്ക് ആ കാര്യങ്ങൾ കുറച്ചുകൂടി വ്യാപകമായി നടത്താനാവശ്യമായ സാമ്പത്തിക സഹായം നൽകണം. ആഭ്യന്തര വകുപ്പിന് ആകെ 30 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. പോലീസിന് ആവശ്യമായ പ്രൊമോഷൻ, ശമ്പളപരിഷ്കരണം, അവരുടെ ടി.എ. ഇനത്തിലെ കുടിശ്ശിക എന്നിവയെല്ലാം കൊടുത്തുതീർക്കണം. അവർ ജനങ്ങളെ കൈകാര്യം ചെയ്യുന്നവരാണ്. അതുപോലെതന്നെ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് നിലവിലുണ്ടോ? ഇല്ലെങ്കിൽ അത് രൂപീകരിക്കണം. അത് പോലീസ് ആക്ടിൽ പറഞ്ഞിരിക്കുന്നതാണ്.

ഗൗരവമുള്ള ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലെ ഏറ്റവും വലിയ അപകടമാണ് ട്രാഫിക്. എന്നും നിർഭാഗ്യകരമായ മരണങ്ങളാണ് നടക്കുന്നത്. എല്ലാ റോഡുകളിലും ആക്സിഡന്റാണ്. പോലീസിനോടൊപ്പംതന്നെ ട്രാഫിക്കിന് പ്രത്യേക സംവിധാനം വേണം. ഇത് വളർന്നുകൊണ്ടിരിക്കുന്ന നഗരമാണ്. എറണാകുളമായാലും കോട്ടയമായാലും തിരുവനന്തപുരമായാലും

കോഴിക്കോടായാലും ഈ നഗരങ്ങളെല്ലാം കേന്ദ്രീകരിച്ചുകൊണ്ട് സ്റ്റേറ്റ് ട്രാഫിക്കിന്റെ വലിയൊരു വിഭാഗം തുടങ്ങണം. ആളുകളുടെ ജീവൻ രക്ഷിക്കണം. ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നത് പോലീസാണ്.

മി. ചെയർമാൻ: ....... പ്ലീസ്..........കൺക്ലൂഡ്.... പ്ലീസ്......... കൺക്ലൂഡ്

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ജീവിതങ്ങൾ കൊഴിഞ്ഞുവീഴുകയാണ്. ട്രാഫിക് റീ-ഓർഗനൈസ് ചെയ്യണം. പോലീസിന്റെ നയം പ്രഖ്യാപിക്കണം. പോലീസിനകത്ത് സുരക്ഷാ കമ്മീഷൻ രൂപീകരിക്കണം. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഇന്ദ്രജിത് ഗുപ്തയുടെ കാലത്ത് കേരള ഗവൺമെന്റിന് എഴുതിയ ഒരു കത്തുണ്ടെന്ന് ഇവിടെ പറഞ്ഞു. ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ച പോലീസ് കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കണം. അത് നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലെ പോലീസിന്റെ മുഖച്ഛായ മാറും; കേരളത്തിന് കുറച്ചുകൂടി കാര്യക്ഷമമായി ജനങ്ങളെ സേവിക്കാൻ കഴിയും. ഈ കാര്യങ്ങളെല്ലാം ചെയ്യാൻ പ്രതിപക്ഷത്തിന്റെ സഹായമുണ്ടാകും. അവർ ഏകപക്ഷീയമായി ഇത് പാസ്സാക്കിത്തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. ഇത് പാസ്സാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആഭ്യന്തര വകുപ്പും പോലീസ് പ്രവർത്തനങ്ങളും

ചരിത്രത്തിലേറെ വിമർശിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് പോലീസുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചകൾ നടക്കുന്നത്. ഒരു നിലയ്ക്കും ഈ ധനാഭ്യർത്ഥന ചർച്ചകളെ പിന്തുണയ്ക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഞാൻ ഇതിനെ ശക്തമായി എതിർക്കുകയാണ്. പോലീസിന്റെ അതിക്രമവും നിഷ്ക്രിയത്വവും കേരള പോലീസിന്റെ മുഖമുദ്രയായി മാറിയിട്ടുള്ള ഒരു കാലമാണിത്. കേരളത്തിൽ നടന്ന മുഴുവൻ അതിക്രമങ്ങളിലും വേട്ടക്കാരനൊപ്പം നിൽക്കുന്ന പോലീസിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സമീപകാല സംഭവങ്ങളൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചു. എറണാകുളത്ത് പ്രമുഖ നടി ആക്രമിക്കപ്പെട്ടപ്പോൾ, കേരളം ആഫ്രിക്കൻ തെരുവുകളാണോയെന്ന് തോന്നിപ്പിക്കപ്പെട്ടുപോയി. മറൈൻ ഡ്രൈവിലെ സദാചാര ഗുണ്ടായിസം ഗുജറാത്തിനെ അനുസ്മരിപ്പിക്കുന്നതായി. അതുപോലെതന്നെ ഇവിടെ ജിഷ്ണു പ്രണോയിയുടെ മരണത്തെക്കുറിച്ച് പറഞ്ഞു. അതുമായി ബന്ധപ്പെട്ട് എന്റെ സ്നേഹിതൻ രാജു എബ്രഹാം സംസാരിച്ചത് ആ അമ്മ സമരം ചെയ്തപ്പോൾ പോലീസ് കോരിയെടുക്കുകയായിരുന്നുവെന്നാണ്. ആരെയാണ് നിങ്ങൾ പറ്റിക്കുന്നത്? ഇടതുപക്ഷത്തിന്റെ നേതാക്കന്മാർതന്നെ പറഞ്ഞു, പോലീസിന്റെ നടപടികൾ ക്രൂരമായിപ്പോയി, തെറ്റായിപ്പോയി എന്ന്. അതുപോലെതന്നെ കൊടിഞ്ഞി ഫൈസലിന്റെ വധത്തിൽ പോലീസ് കാണിച്ചിട്ടുള്ള

അനാസ്ഥ, വാളയാറിലെ ബാലികമാരുടെ മരണം, ക്യാബിനറ്റിലിരിക്കുന്ന മന്ത്രിമാർക്കുപോലും പറയേണ്ടിവന്ന പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായെന്ന്. അതുപോലെതന്നെ കുണ്ടറയിലെ പത്തുവയസ്സുകാരിയുടെ മരണം. സ്ത്രീത്വം പിച്ചി ചീന്തപ്പെടുമ്പോഴും ഗുണ്ടകൾ അരങ്ങുവാഴുമ്പോഴും നമ്മുടെ പോലീസ് നിഷ്ക്രിയമാകുകയാണ്. എത്ര എത്ര സംഭവങ്ങൾ; ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. 3 വയസ്സുമുതൽ 85 വയസ്സ് വരെയുള്ള സഹോദരിമാർ പീഡിപ്പിക്കപ്പെടുന്ന ഒരു ദുരവസ്ഥയുണ്ട്. കോടതികളുടെ വിമർശനത്തെക്കുറിച്ച് ഇന്ന് രാവിലെ ഇവിടെ അടിയന്തരപ്രമേയവും തുടർന്നങ്ങോട്ട് ചർച്ചയുമുണ്ടായി. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, സുപ്രീംകോടതി അസന്നിദ്ധമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് സെൻകുമാറിന്റെ വിഷയത്തിലുണ്ടായിട്ടുള്ളത്. ഇനിയും എന്തെങ്കിലും ചെറിയ വാശിയുടെ പേരിൽ അത് വച്ചുനീട്ടിയാൽ ഇതിലും വലിയ പ്രഹരം ഈ സർക്കാരിന് ഈ വിഷയത്തിൽ ഏറ്റുവാങ്ങേണ്ടിവരുമെന്നുള്ളത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കാരണം കേസിലെ എല്ലാ വാദങ്ങളും സെൻകുമാറിന് പറയാനുള്ളത്, സർക്കാരിന് പറയാനുള്ളതെല്ലാം കേട്ടിട്ടാണ് സെൻകുമാറിനെ റീ-ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് കോടതി പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ( ..... മൈക്ക് ഓഫ്.....)

<u>ശ്രീ. ആർ. രാജേഷ് :</u> സർ, (മൈക്ക് ഓഫ്.....)

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, സത്യത്തിൽ ആകെ 8 മിനിറ്റേയുള്ളൂ. പഞ്ചായത്താഫീസിലെ വിഷയമൊക്കെ പറയണമെങ്കിൽ നിങ്ങൾക്ക് ആർക്കും ഇവിടെനിന്ന് എഴുന്നേറ്റ് നടക്കാൻ കഴിയില്ല. ഈ പറഞ്ഞ രൂപത്തിലുമല്ല ആ വിഷയം. സത്യത്തിൽ ഇന്ന് അങ്ങനെയൊരു സബ്മിഷൻ കൊണ്ടുവരാൻ പാടില്ലായിരുന്നു. (........ബഹളം.....)

<u>മി. ചെയർമാൻ:</u> ശ്രീ. ബഷീർ ........... Please........... sit down....

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, (.... ബഹളം.....) ഏറ്റവും മോശമായ ഒരു പ്രവണതയാണ് ആ കാണിച്ചത്. അങ്ങനെ വിവിധ പഞ്ചായത്തുകളിലൊക്കെ നടക്കുന്ന ഓരോ ഇഷ്യൂ ഇവിടെ കൊണ്ടുവരണമെങ്കിൽ ഇവിടത്തെ ഒരു ദിവസം നമുക്ക് മതിയാകില്ല. അതുകൊണ്ട് ആ രീതിയിലുള്ള സമീപനമൊന്നും വേണ്ട. ഞാൻ വിഷയത്തിലേയ്ക്ക് വരാം. എന്റെ സമയം പോകുന്നു.

<u>മി. ചെയർമാൻ:</u> പ്ലീസ്.... ബഷീർ ......... .ഇരിക്കൂ .. you continue....

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പോലീസുമായി ബന്ധപ്പെട്ട് ഇവിടെ അടുത്തുണ്ടായ മറ്റൊരു പ്രശ്നം, പോലീസിന് പുതിയൊരു ഉപദേശകനെ

വച്ചിരിക്കുകയാണ് എന്നതാണ്. അതിൽ പ്രധാനമായി രണ്ടുപ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടതുപക്ഷവും ഏറെ വിമർശിച്ചിട്ടുള്ള ശ്രീ. രമൺ ശ്രീവാസ്തവയെ പാലക്കാട് സംഭവത്തിന്റെ, സിറാജുന്നിസ സംഭവങ്ങളുടെ പേരിൽ ഏറെ വിമർശനങ്ങൾക്ക് വിധേയനായിട്ടുള്ള ഒരാളെയാണ് ഇന്ന് പോലീസിന്റെ തലപ്പത്ത് കൊണ്ടുവന്ന് വച്ചിട്ടുള്ളത്. ഇടതുപക്ഷത്തിന്റെ ഒരു നയം മാറ്റമാണോ എന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. അതിന് മറ്റൊരു വശമുണ്ട്; അത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. പോലീസ് ആക്ട് പ്രകാരം തലപ്പത്ത് ഒരാളേയുള്ളൂ; ജില്ലയിലും തലപ്പത്തും ഒരാളേ പാടുള്ളൂ. എന്നാൽ നിങ്ങൾ ഇപ്പോൾ ഒരു ഉപദേശകനെ കൊണ്ടുവന്നു. സകല യോഗങ്ങളിലും ഈ ഉപദേശകൻ പങ്കെടുക്കുന്നു. പോലീസിനകത്തുതന്നെ അസംതൃപ്തിയാണ്. പോലീസിനെ നിയന്ത്രിക്കുന്നത് ഉപദേശകനാണോ ഡി.ജി.പി.യാണോ എന്നൊരു പ്രശ്നം ഇവിടെ ഉയർന്നുവരികയാണ്. കണ്ണൂരിലെ യോഗത്തിൽ അങ്ങനെയുള്ള പ്രശ്നങ്ങളുണ്ടായി. അതുപോലെതന്നെ പലർക്കും ശിക്ഷായിളവ് കൊടുക്കാനുള്ള ഉത്തരവിറങ്ങുകയുണ്ടായി. ഗുണ്ടാ ആക്രമണങ്ങളൊക്കെ നടത്തിയിട്ടുള്ള ആളുകൾക്ക് ഇന്ന് ശിക്ഷായിളവ് കൊടുക്കാൻ പോകുകയാണ്. സർക്കാർ ഗുണ്ടകളോടൊപ്പമാണോ സാധാരണക്കാരോടൊപ്പമാണോ എന്ന് വ്യക്തമാക്കണം.

കേരളത്തിൽ ക്രിമിനൽ കേസുകൾ ഒന്നേമുക്കാൽ ലക്ഷമായി; ക്രമസമാധാനനില തകർന്നു; കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. ഇതാണോ പിണറായിയുടെ ഭരണം എന്ന് ചോദിക്കേണ്ട അവസ്ഥയിലേയ്ക്ക് ഇന്ന് കാര്യങ്ങൾ പോകുകയാണ്. ശ്രീ. ടി. പി. സെൻകുമാറിന്റെ വിഷയത്തിൽ ഒരു ജനവിധിയുണ്ടായിരുന്നു. ആ ജനവിധിയെ മാനിച്ചാണ് ഡി.ജി.പി.-യെ മാറ്റിയതെന്ന് ഇവിടെ ഇന്ന് രാവിലെ പറഞ്ഞു. നിങ്ങൾക്കെതിരായി ഒരു ജനവിധി ഉയർന്നുവന്നിട്ടുണ്ട്. അത് നിങ്ങളാരും ഇവിടെ ചർച്ച ചെയ്തിട്ടില്ല. മലപ്പുറത്ത് ഒരു ഉപതെരഞ്ഞെടുപ്പ് നടന്നു. ........ (ബഹളം).......... ആ ഉപതെരഞ്ഞെടുപ്പിൽ കേരളത്തിൽ, ഇന്ത്യയ്ക്ക് മാതൃകയാകുന്ന ഒരു പുതിയ രാഷ്ട്രീയത്തിന്റെ താരോദയമാണ് കണ്ടത്. ഈ തെരഞ്ഞെടുപ്പ് ശ്രീ. നരേന്ദ്ര മോഡിക്കുള്ളൊരു താക്കീത് ആകണമെന്ന് ഞങ്ങൾ പറഞ്ഞു. രാജ്യത്തെ മതേതര വിശ്വാസികൾ ഒരുപാട് നിരാശയിലായിരുന്നു. നമുക്കറിയാം യു.പി. തെരഞ്ഞെടുപ്പുകൂടി കഴിഞ്ഞപ്പോൾ കാശ്മീർ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഫറൂക്ക് അബ്ദുള്ളയുടെ പുത്രൻ ഉമർ അബ്ദുള്ള ഫേയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് 2019 ഇനി നമുക്ക് വിസ്മരിക്കാം 2024 -നെക്കറിച്ച് ചിന്തിക്കാമെന്ന് പറഞ്ഞു. നരേന്ദ്രമോഡി, ബി.ജെ.പി., സംഘപരിവാർ എന്നിവയിൽനിന്നും ഇന്ത്യയ്ക്ക് മോചനമില്ലെന്നൊരു നിരാശയാണ് അതിലൂടെ പ്രകടമായത്. നമ്മൾ അതിനെതിരായി ഒരു ബദൽ

രാഷ്ട്രീയമാണ് ഇന്ത്യയ്ക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തത്. മതേതര വിശ്വാസികൾ യോജിച്ചുനിന്നാൽ ഇതുപോലുള്ള കാര്യങ്ങൾ നടക്കും. ഒന്നേമുക്കാൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷവുമായി ഈ സഭയിൽ അംഗമായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിൽനിന്നും ഇന്ത്യൻ പാർലമെന്റിലേയ്ക്ക് കടന്നുചെല്ലുമ്പോൾ ഒരു പുതിയ രാഷ്ട്രീയത്തിന്റെ സൂചന, 'അണ്ണാറക്കണ്ണനും തന്നാലായത് ' ഞങ്ങൾക്ക് അത്രയേ കഴിയൂ. അത് ഞങ്ങൾ ചൂണ്ടികാണിച്ചു. ഇന്ത്യയിലെ മതേതര ശക്തികൾക്ക് പുതിയ പ്രതീക്ഷയും കരുത്തും നൽകുന്ന വിജയമാണിത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..പ്ലീസ്

ശ്രീ. എൻ. ഷംസുദ്ദീൻ: കേരളത്തിലെ ഭരണത്തെ വിലിയിരുത്താനാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അതും ജനങ്ങൾ നന്നായി വിലയിരുത്തി. അങ്ങനെ വിലയിരുത്തിയപ്പോൾ കേരള രാഷ്ട്രീയം ഒരു പുതിയ മാറ്റത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ആ മാറ്റമെന്താണ്? ആ മാറ്റം കേരളത്തിലും ചെറിയൊരു സ്ഥാനചലനമുണ്ടായിരുന്നു. ചെറിയൊരു ട്രാക്ക് തെറ്റി സംഘപരിവാർ രാഷ്ട്രീയം കടന്നുവന്നിരുന്നു. പക്ഷെ മലപ്പുറം തെരഞ്ഞെടുപ്പോടുകൂടി സംഘപരിവാർ രാഷ്ട്രീയം ഒന്നുമല്ലാതായി പഴയ മുന്നണി രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നു. അതിൽ നിങ്ങൾക്കും അഭിമാനിക്കാം. പക്ഷെ ആ മുന്നണികളുടെ രാഷ്ട്രീയത്തിൽ യു.ഡി.എഫ്. -ലീഗാണ്

ശക്തമെന്ന് പറയുന്നിടത്തേയ്ക്ക് കൂടി തെരഞ്ഞെടുപ്പ് വന്നിട്ടുണ്ട്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ വോട്ടായ അഞ്ചുലക്ഷത്തി പതിനയ്യായിരം വോട്ടാണ് ഞങ്ങൾക്ക് ലഭിച്ചത്. കേരളത്തിൽ ഒരു ലോക് സഭാ തെരഞ്ഞെടുപ്പിലും ഒരു സ്ഥാനാർത്ഥിക്കും അഞ്ചു ലക്ഷം വോട്ട് ഇന്നുവരെ കിട്ടിയിട്ടില്ല. ... (ബഹളം)

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്, പ്ലീസ്, പ്ലീസ്

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഇടതുപക്ഷത്തിന് അങ്ങനെ ഒരുലക്ഷം വോട്ട് കൂടിയിട്ടില്ല. എന്തൊരു നിരർത്ഥകമായ വാദമാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ 2009-ൽ 3,11,000 വോട്ട് ഉണ്ട്. 2014-ൽ സൈനബ എന്നുപറയുന്ന മഹതിയെ സ്ഥാനാർത്ഥിയായി നിർത്തിയപ്പോൾ നിങ്ങൾക്ക് സ്ഥിരമായി വോട്ട് ചെയ്യുന്ന ആൾക്കാർ വോട്ട് ചെയ്തില്ല. ഞങ്ങളുടെ കുഴപ്പമല്ല. അപ്പോൾ നിങ്ങളുടെ വോട്ട് 2,42,000 ആയി കുപ്പുകുത്തി. നിങ്ങൾ അവിടെനിന്നുമാണ് കണക്കുപറയുന്നത്. 3.11 എന്ന കണക്കുപറഞ്ഞാൽ നിങ്ങൾക്ക് 3.44 വോട്ടാണ് ഉള്ളത്. എന്നാൽ 2009-ൽ 4.27 ഉം 2014-ൽ 4.37 ഉം 2017-ൽ 5.15 ഉം വോട്ടാണ് ഞങ്ങൾക്ക് കിട്ടിയത്. അപ്പോൾ ഞങ്ങളാണോ നിങ്ങളാണോ മെച്ചം. 2016-ൽ കിട്ടിയതിനേക്കാൾ 30,000 വോട്ട് നിങ്ങൾക്ക് കുറവാണ്. മലപ്പുറം വലിയ ബാലികേറാ മലയൊന്നുമല്ല 2004-ലെ വിജയം ആവർത്തിക്കും, അട്ടിമറി വിജയം

ഉണ്ടാകുമെന്നുമാണ് നിങ്ങളുടെ ചില മന്ത്രിമാർ പറഞ്ഞത്. എവിടെ പോയി? കേരളത്തിൽ യു.ഡി.എഫ്.-ന്റെ തിരിച്ചുവരവിന്റെ ശംഖുനാദമാണ് മലപ്പുറത്തുനിന്നും മുഴക്കിയിട്ടുള്ളതെന്ന് അഭിമാനത്തോടുകൂടി പറയുന്നു. ശ്രീ. രമേശ് ചെന്നിത്തല അന്ന് പ്രഖ്യാപിച്ചതുപോലെ ഇന്നത്തെ മലപ്പുറത്തിന്റെ ശബ്ദം നാളത്തെ കേരളത്തിന്റെയും ഇന്ത്യയുടെയും പുതിയ പുതിയ സന്ദേശമായി മാറാനിരിക്കുകയാണെന്ന് കൂടി പറഞ്ഞുകൊണ്ടും എല്ലാ അർത്ഥത്തിലും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇടതുപക്ഷം വന്നാൽ എല്ലാം ശരിയാകും, എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്നാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങളൊക്കെ പ്രസംഗിച്ച വലിയൊരു കാര്യം. അത് ഓരോന്നോരോന്നായി ശരിയാക്കിവരുന്ന ശരിയായി വരുന്ന സാഹചര്യത്തിലാണ് ഈ ധനാഭ്യർത്ഥന വരുന്നത്. വളരെ സന്തോഷത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. അഴിമതിയെക്കുറിച്ചാണ് അന്ന് ഞങ്ങൾ പ്രസംഗിച്ചിരുന്നത്. ഇന്ത്യയിൽ അഴിമതി കുറഞ്ഞ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരം. ഇതുതന്നെയാണ് എൽ.ഡി.എഫ്. വന്നാൽ

എല്ലാം ശരിയാകുമെന്ന് പറഞ്ഞത്. വിജിലൻസ് സംവിധാനത്തെ ശക്തമായി പ്രവർത്തിക്കാൻ അനുവദിച്ചപ്പോൾ സംസ്ഥാനത്തെ അഴിമതി കുത്തനെ കുറഞ്ഞിരിക്കുന്നുവെന്നാണ് കഴിഞ്ഞ ഒരു വർഷംകൊണ്ട് നമുക്ക് തെളിയിക്കാൻ സാധിച്ചത്. ഇതുപോലെ ഒരുപാട് വിഷയങ്ങൾ നമ്മുടെ മുൻപിൽ വരികയാണ്. ഇക്കൂട്ടത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, കോഴിക്കോട് വിമാനത്താവളത്തെ സംബന്ധിച്ചായിരുന്നു നമ്മെല്ലാവരും പ്രസംഗിച്ച മറ്റൊരു കാര്യം. കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെകണ്ട് പ്രത്യേക ടീമിനെ നിശ്ചയിച്ച് അക്കാര്യങ്ങളൊക്കെ ഇപ്പോൾ ശരിയായി വരുന്നുവെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ചിലയാളുകൾക്ക് കോഴിക്കോട് ഹജ്ജ് ഹൗസ് കണ്ടാൽ ദഹിക്കുകയില്ല. അങ്ങോട്ട് കയറുന്ന സ്പീഡിൽ തന്നെ തിരിച്ചിറങ്ങി പോരുന്ന ചിലയാളുകളുണ്ട്. കാരണം ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പേര് ഹജ്ജ് ഹൗസിന് മുകളിൽ എഴുതിവച്ചിട്ടുണ്ട്. അദ്ദേഹമാണ് അത് ഉദ്ഘാടനം ചെയ്തത്. ഹജ്ജ് തീർത്ഥാടനത്തിന് വരുന്നതിൽ 80 ശതമാനം ആളുകളും മലബാറിൽനിന്നുമാണ് വരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെടുമ്പാശ്ശേരിയിൽനിന്നുമാണ്

ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നത്. അത് തിരിച്ച് കോഴിക്കോട്ടേയ്ക്ക് കൊണ്ടുവരുമെന്നാണ് ഇടതുപക്ഷം പറഞ്ഞുകൊണ്ടിരുന്നത്. തീർച്ചയായും അടുത്ത ഹജ്ജ് തീർത്ഥാടനം കോഴിക്കോട് നിന്നുമായിരിക്കുമെന്നാണ് പുതിയ സംഭവ വികാസങ്ങൾ നമ്മളെ ബോധ്യപ്പെടുത്തുന്നത്. മാത്രമല്ല വിമാനത്താവളങ്ങളെ സംബന്ധിച്ച് വലിയ ധാരണയൊന്നും നമുക്കുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത് വിമാനം ഇറക്കിയിട്ടുള്ള കണ്ണൂർ വിമാനത്താവളം ഉൾപ്പെടെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് വരാൻ പോകുന്നത്. ആ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ സംബന്ധിച്ചിടത്തോളം കേരള സംസ്ഥാനത്തിന് ഒരു സിവിൽ ഏവിയേഷൻ വകുപ്പ് ഇല്ല. ഒരുപാട് സംസ്ഥാനങ്ങളിൽ അത് ഉണ്ട്. ബഹുമാനപ്പെട്ട പിണറായി ഗവൺമെന്റ് കേരളത്തിൽ ഒരു സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ്. ഭരണ പരിഷ്കാര വകുപ്പിൽ അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ വേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുപോലെ ഓരോ കാര്യങ്ങളും എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞ കൂട്ടത്തിൽ ശരിയായിക്കൊണ്ടിരിക്കുകയാണ്. പൊതുശൃംഖലയിൽനിന്നും വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചുവർഷം വില വർദ്ധിപ്പിക്കില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഞങ്ങളൊക്കെ

പ്രസംഗിച്ചതാണ്. മാർക്കറ്റിൽ ഇത്രയധികം വിലവ്യതിയാനം ഉണ്ടായിട്ടുപോലും ഇന്നുവരെ ഒരു സാധനങ്ങൾക്കുപോലും പൊതുവിതരണ ശൃംഖലയിൽ വില വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പ്രസംഗിച്ചപ്പോൾ യു.എ.പി.എ. കേസുകളെ സംബന്ധിച്ച് പരാമർശിക്കാതിരുന്നത് മോശമായിപ്പോയിയെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൊത്തം 162 യു.എ.പി.എ. കേസുകളാണ് ഉണ്ടായിരുന്നത്. അതിൽ 136 കേസുകൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എടുത്തതാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് 26 യു.എ.പി.എ കേസുകളാണ് ഉണ്ടായിരുന്നത്. നിങ്ങൾ ഇപ്പോൾ ശ്രീ. രമൺ ശ്രീ വാസ്തവയെ സംബന്ധിച്ച് പറഞ്ഞല്ലോ. ഓരോ ഗവൺമെന്റിന്റെയും നയങ്ങൾ നടപ്പിലാക്കുകയാണ് ആ ഗവൺമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ ജോലിയെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചിട്ടേയുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്ത ഇരുപത്തിയാറ് കേസ്സുകളിൽ ഇരുപത്തിയഞ്ചെണ്ണവും പിൻവലിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത്, ഞാൻ ഒരുപാട് പ്രസംഗിച്ച ഒരു കാര്യമാണ് നിരപരാധികളായി പന്ത്രണ്ട് വർഷം ജയിലിൽ

കിടന്നതിനുശേഷം കോടതി കുറ്റവിമുക്തരായി പുറത്തുവന്ന രണ്ട് കുട്ടികളെയും പിടിച്ച് സി.പി.ഐ.(എം)-ന്റെ അന്നത്തെ സെക്രട്ടറിയായ ശ്രീ. പ്രകാശ് കാരാട്ട് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അടുത്ത് പോകുകയും പതിനെട്ട് വയസ്സായപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ട ഈ കുട്ടികൾ പത്തും പന്ത്രണ്ടും വർഷം ജയിലിൽ കിടന്നതിനുശേഷം നിരപരാധികളായി വിട്ടയയ്ക്കപ്പെടുമ്പോൾ ആലോചിക്കേണ്ട ചില കാര്യങ്ങളെയും നടപ്പിലാക്കേണ്ട ചില വിഷയങ്ങളെയും സംബന്ധിച്ച് രാഷ്ട്രപതിയോട് സംസാരിക്കുകയുണ്ടായി. അതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, അനാവശ്യമായി UAPA ചുമത്തിയ ഉദ്യോഗസ്ഥരെ ശിക്ഷിക്കണമെന്നാണ്. രണ്ടാമത്തേത്, UAPA ചുമത്തപ്പെടുമ്പോൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് പുറത്തുവരുന്ന ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് ശ്രീ. പ്രകാശ് കാരാട്ട് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുമ്പാകെ അന്ന് പറഞ്ഞത്. അത് നടപ്പാക്കുകയെന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ബാധ്യതയാണെന്നുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള ഇരുപത്തിയാറ് കേസ്സുകളിൽ ഇരുപത്തിയഞ്ച് കേസ്സുകളും പിൻവലിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കാസർഗോഡ് ചന്തേരാ പോലീസ് എടുത്തിട്ടുള്ള ISI -യുമായി ബന്ധപ്പെട്ട് ഒരു

കേസ്സൊഴികെ മറ്റുള്ള കേസ്സുകൾ പിൻവലിക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള കേസ്സുകളും ഞങ്ങൾ പിൻവലിക്കും. പക്ഷേ കോടതിയിൽ ചാർജ്ജ്ഷീറ്റ് കൊടുത്തുകഴിഞ്ഞ കേസ്സുകളിൽ കോടതിയുടെ അനുവാദംകൂടി വേണമെന്നുള്ളതുകൊണ്ടാണ് അക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കാത്തത്. UAPA സംബന്ധിച്ച് ഇത്രയുമൊക്കെ പ്രസംഗിച്ച മുസ്ലീം ലീഗിന്റെ ശ്രീ. എൻ. ഷംസുദ്ദീൻ ഈ ഒരു കാര്യത്തിലെങ്കിലും ഗവൺമെന്റിനെ അഭിനന്ദിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ വസ്തുതകൾ കാണുന്നില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. UAPA-യുടെ കാര്യത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് വളരെ വ്യക്തമായ ചില നിലപാടുകൾ വച്ചിട്ടുണ്ട്. UAPA ഇഷ്ടംപോലെ ചുമത്താൻ പാടില്ലെന്നുള്ളത് ഇടതുപക്ഷത്തിന്റെ നയമാണ്. ആ നയം ഈ ഗവൺമെന്റ് വന്നതിനുശേഷം ചില കാര്യങ്ങളിൽ ലംഘിക്കപ്പെട്ടിട്ടുണ്ട്. പ്രതിപക്ഷനേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് നിശ്ചയിച്ചിരുന്ന ചില ഉദ്യോഗസ്ഥരൊക്കെ ആ കൂട്ടത്തിലുണ്ട്. ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദറിനോട് ഗുരുവായൂർ ക്ഷേത്രത്തിന്റെ കാര്യത്തിൽ നിങ്ങൾക്കെന്താണ് എന്നു ചോദിച്ച, ആ മനോഭാവമുള്ള ആളുകളുണ്ടാകും. പക്ഷേ ഈ ഗവൺമെന്റ് വളരെ ശക്തമായ രീതിയിൽ

ഇക്കാര്യത്തിൽ ഇടപെടുകയും UAPA ചുമത്തുന്നത് സംബന്ധിച്ച് വ്യക്തമായ നയങ്ങളും പരിപാടികളും ഗവൺമെന്റ് മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് തന്നെയാണ് ഉദ്യോഗസ്ഥർ ഇപ്പോൾ മുന്നോട്ട് പോകുന്നത്. UAPA-യെ സംബന്ധിച്ച്, നമ്മൾ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഡൽഹിയിലെ സിക്ക് കൂട്ടക്കൊലയിലെ പ്രതികൾക്കൊന്നും ഇത്തരം മാരകമായ കരിനിയമവും ചുമത്തപ്പെട്ടിട്ടില്ല. 1984-ലെ ഭോപാൽ വാതക ദുരന്തത്തിൽ നിരവധി ആളുകൾ മരിച്ചപ്പോഴും 1992-ൽ ബാബറി മസ്ജിദ് തകർത്തപ്പോഴും അതിനുശേഷവും ഇങ്ങനെയുള്ള നിയമം അവരുടെ പേരിൽ ഇത്തരമൊരു കുറ്റം ചുമത്തപ്പെട്ടിട്ടില്ല. 2002-ലെ ഗുജറാത്ത് വംശഹത്യയുടെ സന്ദർഭത്തിലും ഇതുപോലെയുള്ള നിയമങ്ങൾ ഉപയോഗിച്ചിട്ടില്ല. നിരപരാധികളായ ആളുകളുടെ പേരിലാണ് UAPA പോലെയുള്ള മാരകമായ നിയമങ്ങൾ ചുമത്തപ്പെടുന്നത്. അത് പാസ്സാക്കിയ സമയത്ത് ലീഗ് ആ ഭരണത്തിലുണ്ടായിരുന്നോ ഇല്ലയോ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ഇടക്കാലത്തെങ്കിലും ലീഗ് അതിനെതിരായ സമീപനം സ്വീകരിച്ചിരുന്നുവെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. ഇവിടെ നേരത്തെ പാലക്കാട് സിറാജുന്നിസ വെടിവച്ച് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവത്തെക്കുറിച്ച് പറഞ്ഞു. കുറേകാര്യങ്ങൾ നിങ്ങൾ കൂട്ടിപ്പറയുകയാണ്. എങ്കിലും

അങ്ങനെയുള്ള വിഷയത്തെ സംബന്ധിച്ച് നിങ്ങൾ തന്നെ അന്വേഷണം നടത്തി അയാളെ കുറ്റവിമുക്തനാക്കിയിട്ടുണ്ടല്ലോ? അയാളെ നിങ്ങൾ കുറ്റവിമുക്തനാക്കി എന്നുള്ളത് ഒരു വസ്തുതയാണ്. ഇനി അഥവാ അദ്ദേഹം അങ്ങനെ ചെയ്തെങ്കിൽ തന്നെ അത് അന്നത്തെ സർക്കാരിന്റെ നയമാണ്. ഇപ്പോൾ ശ്രീ. വാസ്തവ ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റിന് കീഴിലാണുള്ളത്. ഈ ഗവൺമെന്റിന്റെ നയമാണ് ഇപ്പോൾ നടപ്പാക്കുന്നത്. നിങ്ങൾ അന്ന് നടപ്പാക്കിയത് നിങ്ങളുടെ നിയമമാണ് എന്നുമാത്രം മനസ്സിലാക്കിയാൽ മതി. അതുകൊണ്ട് പോലീസ് ഉദ്യോഗസ്ഥരല്ല കുറ്റക്കാർ, അവർക്ക് ആ നയവും പരിപാടിയും പറഞ്ഞുകൊടുക്കുന്ന ആളുകളാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഉദ്യോഗസ്ഥരുടെ നയമല്ല, സർക്കാരിന്റെ നയമാണ് എന്നുള്ളതെങ്കിൽ അത് ശ്രീ. ടി. പി. സെൻകുമാറിന്റെ കേസിനും ബാധകമല്ലേ?

<u>ശ്രീ. പി. ടി. എ. റഹിം</u>: സർ, തീർച്ചയായും, നല്ലൊരു ഗവൺമെന്റും കഴിവുറ്റ ഒരു ഭരണാധികാരിയുമുണ്ടെങ്കിൽ അതിന്റെ കീഴിൽ നടക്കുന്ന കാര്യങ്ങളൊക്കെ ആ ഗവൺമെന്റിന്റെ കീഴിലാണ് വരുന്നത്. സുപ്രീം കോടതിവിധിയിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ ജിഷ വധക്കേസ്സിൽ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന്.

അന്നത്തെ ഗവൺമെന്റിനെ സംബന്ധിച്ചും ആ കോടതിവിധിയിൽ പറഞ്ഞിട്ടുണ്ട്. കോടതിയുടെ കാര്യങ്ങൾ കോടതി പറയട്ടെ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോടതി വിധിയിൽ ജിഷ വധക്കേസ്സിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഞാൻ അങ്ങേയ്ക്ക് അത് തരാം. അത് പറയാതിരിക്കുന്നതിന് പറയുന്ന കാരണം, വിചാരണ നടന്നുകൊണ്ടിരിക്കുന്ന ഒരു കേസ്സായതുകൊണ്ട് കോടതി ഇടപെടുന്നില്ലെന്നാണ് പറഞ്ഞത്.

ശ്രീ. പി. ടി. എ. റഹിം: സർ,വളരെ വ്യക്തമായി ആ വിധി വായിച്ചുനോക്കിയാൽ അറിയാം, ദൈവത്തിന്റെ സ്വന്തം നാടിനെ ആർക്കും രക്ഷിക്കാൻ സാധിക്കില്ല എന്ന് സുപ്രീം കോടതി പറഞ്ഞത് എന്തിനെപ്പറ്റിയാണെന്ന് വളരെ വ്യക്തമായി എല്ലാവർക്കുമറിയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് എന്തിനെന്നുവച്ചാൽ ശ്രീ. സെൻകുമാറിനെ ഡി.ജി.പി. ആക്കിയത് സീനിയോറിറ്റി മറികടന്നാണെന്ന ഒരു വാദമുന്നയിച്ചപ്പോഴാണ് കോടതി അങ്ങനെ പറഞ്ഞത്. ശ്രീ. സെൻകുമാർ സീനിയോറിറ്റി മറികടന്നല്ല. സീനിയറായത് ശ്രീ. സെൻകുമാറാണ്, അദ്ദേഹത്തിന് മുകളിലുള്ള സീനിയറായ ആൾ ഡൽഹിയിൽ കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിലായിരുന്നു.

<u>ശ്രീ. പി. ടി. എ. റഹിം</u>: സർ, ഇത് ആദ്യത്തെ സംഭവമൊന്നുമല്ലല്ലോ? ഇന്ത്യയിലെ സർവ്വസൈന്യാധിപനും മൂന്ന് ആളുകളെ മറികടന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതൊന്നും പുതിയ കാര്യങ്ങളൊന്നുമല്ല. രാഷ്ട്രീയ തീരുമാനങ്ങളാണ്.

എനിക്ക് ഈ ഗവൺമെന്റിനോട് പറയാനുള്ളത്, UAPA യെ സംബന്ധിച്ച് പറയുന്ന അവസരത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള ഇ-മെയിൽ ചോർത്തലുമായി ബന്ധപ്പെട്ട കേസ്സിൽ മൂന്നുപേരാണ് പ്രതികൾ, ബിജു സലീം എന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെ പോലീസിൽനിന്നും പിരിച്ചുവിട്ടു. ദസ്തക്കീർ എന്ന ഒരു ഡോക്ടറെ, അയാൾ ആർക്കും സർട്ടിഫിക്കറ്റൊന്നും കൊടുത്തിട്ടില്ല. പക്ഷേ അയാളെയും ജോലിയിൽനിന്നും ഒഴിവാക്കി. ഇവർക്കൊന്നും പെൻഷൻ പോലും കിട്ടിയിട്ടില്ല. ആ കേസ്സിലെ മൂന്ന് പ്രതികളും ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരായിരുന്നു. ഇ-മെയിൽ കേസ്സ് വ്യാജമാണെന്ന് വ്യക്തമായ സ്ഥിതിക്ക് UAPA യെ കുറിച്ച് സുധീരമായ തീരുമാനമെടുത്തിട്ടുള്ള അങ്ങ് ഈ കാര്യത്തിൽ കൂടി യുക്തമായ തീരുമാനം എടുക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

പോലീസിനെ സംബന്ധിച്ച് മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്,

കേസ്സുകളുടെ ഇൻവെസ്റ്റിഗേഷനും ക്രമസമാധാനവും വിഭജിക്കണമെന്നുള്ള ഒരു തീരുമാനം നേരത്തെതന്നെയുണ്ടായിരുന്നു. അത് വളരെ നേരത്തെ ചർച്ച ചെയ്ത് വളരെ അഭികാമ്യമാണെന്ന് നമ്മൾ പറയുകയും പിന്നീട് കോടതി പറയുകയും ചെയ്തിട്ടുള്ളതാണ്. അക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കേണ്ടതാണെന്നുകൂടി ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹളമുണ്ടാക്കിയതുകൊണ്ടൊന്നും ഈ ഗവൺമെന്റിന്റെ പരിപാടികളെ തടസ്സപ്പെടുത്താൻ കഴിയില്ല. ഗവൺമെന്റിന്റെ പരിപാടികൾ ആളുകൾ ഏറ്റെടുത്തിരിക്കുന്നുവെന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ നടക്കുന്ന യോഗങ്ങൾ, എല്ലാ ദിവസവും പൂർവ്വവിദ്യാർത്ഥി സംഗമവും പൂർവ്വ അദ്ധ്യാപക സംഗമവും നടത്തി എല്ലാ സ്കൂളുകളും സ്മാർട്ടാക്കാനുള്ള ശ്രമത്തിലാണ്. നിങ്ങൾ ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ, ജനങ്ങൾ ഈ വിഷയം ഏറ്റെടുത്തിരിക്കുകയാണ്. കൃഷിയുടെ കാര്യത്തിൽ, ജൈവ പച്ചക്കറിയുടെ കാര്യത്തിലൊക്കെ... ജനങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. ഗവൺമെന്റിന്റെ ഓരോ പരിപാടികളും ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. വഴിയിൽ കുരച്ചുകൊണ്ടിരിക്കുന്ന എല്ലാ പട്ടികളെയും എറിഞ്ഞോടിച്ചശേഷം ലക്ഷ്യസ്ഥാനത്തേയ്ക്ക് വേഗം പോകാൻ

സാധിക്കില്ല. സമയം പോകും. അത് അവിടെ കുരയ്ക്കട്ടെ. സധൈര്യമായി നിങ്ങൾ മുന്നോട്ടുപോകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസ്, ജയിലുകൾ എന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ഇവിടെ സൂചിപ്പിച്ച വിവിധ പ്രശ്നങ്ങളിൽ, കേരളത്തിൽ ഇന്ന് സങ്കീർണ്ണമായി ചൂണ്ടിക്കാണിച്ച ഡി.ജി.പി.യുടെ പ്രശ്നം, ഗവൺമെന്റ് ആത്മ പരിശോധനയ്ക്ക് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രാഷ്ട്രീയ വിമർശനം എന്നതിനെക്കാളുപരി കേരളത്തിന്റെ ക്രമസമാധാനനിലയിലും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട മേൽനോട്ടത്തിലുമെല്ലാം പ്രതിസന്ധിയുണ്ടായിരിക്കുന്നുവെന്ന തോന്നൽ കേരളത്തിലെ പൊതുസമൂഹത്തിനുമുന്നിൽ വന്ന സ്ഥിതിവിശേഷം ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന് ഇക്കാര്യത്തിൽ അടിയന്തര തീരുമാനത്തിലെത്താൻ ഈ ചർച്ച സഹായകരമാകട്ടെയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ വളരെ വിമർശനപരമായി, യു.ഡി.എഫ്. തലത്തിലും എൽ.ഡി.എഫ് തലത്തിൽ ഗവൺമെന്റിനെ സംരക്ഷിച്ചുമുള്ള രാഷ്ട്രീയ വിമർശനങ്ങളുടെ ചർച്ചകൾ സജീവമായി

നടക്കുമ്പോൾ, വ്യത്യസ്തമായ ഒരു സമീപനം ഇക്കാര്യത്തിൽ, കേരള കോൺഗ്രസ്സ് നിഷ്പക്ഷ നിലപാടിൽ നിൽക്കുമ്പോൾ ഞങ്ങൾ ഇക്കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു. ഗവൺമെന്റ് ചെയ്യേണ്ടതായ വിഷയങ്ങളിലേയ്ക്ക് കടക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട, ഇപ്പോൾ നടപ്പാക്കാൻ കഴിയാതെ പെന്റിംഗിലുള്ള വിഷയം അത്തരം കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സുപ്രീം കോടതി നിർദ്ദേശിച്ച, കേരളത്തിൽ നടപ്പാക്കേണ്ട കാര്യങ്ങൾ, അതിൽ ഏറ്റവും പ്രധാനപ്പെട്ട ലാ ആന്റ് ഓർഡർ, ക്രൈം - ഇവ രണ്ടും വേർതിരിച്ചുകൊണ്ടുള്ള ഒരു ഭരണക്രമീകരണത്തെക്കുറിച്ച് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇന്ത്യയിൽ തമിഴ്നാട്, ഡൽഹി, മുംബൈ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ഇതിനോടകം നടപ്പാക്കുകയും ചെയ്തു. പക്ഷേ കേരളം ഇതുവരെ ഇക്കാര്യത്തിൽ മുന്നോട്ടുവന്നിട്ടില്ലെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. മുൻകാലങ്ങളെക്കാൾ കേസ്സിന്റെ എണ്ണം വർദ്ധിച്ചുവരുമ്പോൾ ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിച്ചുവരികയാണ്. അത് പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്ക് നമ്മുടെ സംസ്ഥാനം വരേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത്.

കുറ്റകൃത്യങ്ങളുടെ വർദ്ധനവ് പരിശോധിക്കുമ്പോൾ, എൽ.ഡി.എഫ്., യു.ഡി.എഫ്. വ്യത്യാസത്തിലല്ല നാട്ടിലെ ജനങ്ങളുടെ സമീപനമാണ് പ്രശ്നം. ഇവിടെ നമുക്ക് വന്നിരിക്കുന്ന അവസ്ഥ എന്താണ്? ഞാൻ ആ കാര്യങ്ങളിൽ ഒരു പരിശോധന നടത്തിയതിൽ 1957-ൽ 8500 കേസ്സുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് 1990 -ൽ 1,90,000 കേസ്സുകൾ രജിസ്റ്റർ ചെയ്തു. കഴിഞ്ഞവർഷത്തെ കണക്കനുസരിച്ച് 7,17,000 കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. എൽ.ഡി.എഫ്.-നെയോ യു.ഡി.എഫ്.-നെയോ പരസ്പരം കുറ്റപ്പെടുത്തുന്നതിനേക്കാൾ കുറ്റകൃത്യങ്ങളുടെ വർദ്ധനവ് ജനങ്ങളുടെ സമീപനത്തിൽ വരുന്ന പ്രശ്നത്തെ കണക്കിലെടുത്ത് ജനങ്ങൾക്കിടയിലേയ്ക്ക് പോലീസിനെ കൂടുതലായി വിന്യസിക്കുകയും പോലീസിന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നതാണ് പ്രധാനപ്പെട്ട കാര്യം. 450 പേർക്ക് ഒരു പോലീസ് എന്ന നിലയിലുള്ള സ്ട്രെങ്ത് വച്ചാണെങ്കിൽതന്നെ ഒരു ലക്ഷത്തോളം പോലീസ് സേന വേണ്ടിവരും. എന്നാൽ ലോക്കൽ പോലീസിന്റെ സ്ട്രെങ്ത് ഇപ്പോഴുള്ളത് 31000 ആണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇതുവച്ച് കാര്യങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യം ഒരു ഭാഗത്ത് നിൽക്കുന്നു. അതുകൊണ്ട് പോലീസിലെ ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ തസ്തികയും അടിയന്തരമായി നിയമനം

നടത്തുവാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. നാലായിരത്തോളം ഒഴിവുകൾ ഇനിയും കിടക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഒഴിവിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുവാനുള്ള സാഹചര്യം ഗവൺമെന്റുണ്ടാക്കണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, കാലാകാലങ്ങളിൽ വരുന്ന ഗവൺമെന്റുകൾ വിവിധ പദ്ധതികൾ പ്രഖ്യാപിക്കുന്നു. ഓരോ സമയത്തും പ്രഖ്യാപിക്കുന്ന പദ്ധതികൾ ജനോപകാരപ്രദമായ പദ്ധതികളാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചു. എല്ലാ അസംബ്ലി മണ്ഡലങ്ങളിലും എസ്.പി.സി. ഏറ്റവും നല്ല യൂണിറ്റായി പ്രവർത്തനരംഗത്ത് നിൽക്കുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. എസ്.പി.സി. പ്രവർത്തിപ്പിക്കണമെങ്കിൽ പോലീസിന്റെ സഹായം ആവശ്യമാണ്. പക്ഷേ അതിനുള്ള പോലീസിനെ അഡീഷണലായി നിയമിച്ചിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളായ ഹെൽപ്പ് ഡെസ്ക്, വിമൻ ഹെൽപ്പ് ഡെസ്ക് എന്നിവയെല്ലാം ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളാണ്. സംസ്ഥാനത്തൊട്ടാകെ പരിശോധിക്കുമ്പോൾ അമ്പതോളം സ്പെഷ്യൽ പ്രോജക്ടുകൾ വിവിധ പദ്ധതികളിൽ ഇന്ന് നിലനിൽക്കുകയാണ്. 50 പദ്ധതികൾക്കും അഡീഷണലായി പോലീസ് സ്ട്രെങ്ത് കൊടുക്കുന്നില്ല എന്ന പ്രശ്നം നിൽക്കുകയാണ്. അതുകൊണ്ട് ഇങ്ങനെ

പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികൾക്കുവേണ്ടി അഡീഷണലായി പോലീസിനെ കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള, സ്ട്രെങ്ത് വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ ഉണ്ടാകണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. അതുപോലെ തന്നെ പോലീസ് വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് പോലീസ് സ്റ്റേഷനുകൾ ഇംപ്രൂവ് ചെയ്യുക എന്നുള്ളത്. വിവിധ തരത്തിൽ ജനങ്ങൾക്ക് കടന്നുവരുന്നതിന്, ഏറ്റവും നിർഭയമായി കടന്നുവരുന്നതിന് ഇങ്ങനെയൊക്കെ കുറേ കാര്യങ്ങൾ നമ്മൾ പറയുന്നുണ്ട്. പക്ഷേ ഇവിടെ കടന്നുവരുമ്പോൾ അവർക്ക് വേണ്ടതായ സംരക്ഷണം കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉറപ്പുവരുത്താൻ കഴിയണമെങ്കിൽ ആവശ്യമായ പോലീസിന്റെ കൂടുതൽ ശ്രദ്ധ ഇവിടെ ആവശ്യമായി വരികയാണ്. അതുകൊണ്ട് കൂടുതലായി പോലീസിനെ നിയമിക്കണം. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് പോലീസിന് ക്ഷാമമുണ്ടായപ്പോഴാണ് ഹോം ഗാർഡിനെക്കുറിച്ച് ചിന്തിച്ചത്. പോലീസിന്റെ ശമ്പളത്തിന്റെ അഞ്ചിലൊന്ന് ശമ്പളമാണ് ഹോം ഗാർഡിന് കൊടുക്കുന്നത്. അവർ വലിയ സേവനം ചെയ്യുകയാണ്. ഹോം ഗാർഡിന്റെ എണ്ണം വർദ്ധിപ്പിക്കുക എന്നുള്ളത് ഗവൺമെന്റിന് ചെയ്യാവുന്ന ഒരു കാര്യമാണ്. കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ഹോം ഗാർഡുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുക എന്നുള്ള മാനുഷിക

പരിഗണനകൂടി നൽകുക എന്നതുകൂടി ഗവൺമെന്റിന്റെ ആവശ്യമാണ്. വലിയൊരു സഹായം അവർ നമുക്കുവേണ്ടി ചെയ്യുന്നു. അതിന് വേണ്ടത്ര പ്രതിഫലം കൊടുക്കാനുള്ള കടമ ഗവൺമെന്റിനുണ്ട്.

അതുപോലെ തന്നെ ജനമൈത്രി പോലീസ് നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി തുടങ്ങിയ ഒരു വിഭാഗമാണ്. ജനമൈത്രി പോലീസ് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ഞാൻ ഉന്നയിക്കുകയാണ്. ഇതിനുവേണ്ടി ഒരു കമ്മിറ്റി നേരത്തേ രൂപീകരിച്ചിരുന്നു. ആ കമ്മിറ്റി പുനഃസംവിധാനം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

പോലീസ് സേനയിൽ റിക്കോർഡുകൾ സൂക്ഷിക്കുന്നതിന് പുതിയൊരു സംവിധാനമുണ്ടാക്കണം. ഡയറിയുമായി പൊലീസുകാർ പോകുന്ന കാലം മാറിയിരിക്കുകയാണ്. പുതിയ കാലത്തിനനുസൃതമായ ഒരു സിസ്റ്റം നടപ്പിലാക്കേണ്ടതുണ്ട്. ആദ്യം ഫയൽ ബോർഡ് സംവിധാനമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ കമ്പ്യൂട്ടർ റിക്കോർഡ് സിസ്റ്റം ആക്കിയിരിക്കുകയാണ്. കമ്പ്യൂട്ടർ റിക്കോർഡ് സിസ്റ്റം നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ ഈ സിസ്റ്റം

ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലും അമേരിക്കയിലും യൂറോപ്പിലുമെല്ലാം കേസ് ഡയറി തിരുത്താനോ പോലീസ് രേഖപ്പെടുത്തിയ ഒരു കാര്യം മാറ്റി എഴുതാനോ കഴിയുകയില്ല. അങ്ങനെയുള്ള ഡിജിറ്റൽ സിസ്റ്റത്തിലേയ്ക്കും കമ്പ്യൂട്ടർ സിസ്റ്റത്തിലേയ്ക്കും അവർ മാറിയിരിക്കുന്നു. ആധുനികവൽക്കരണത്തിന്റെ ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ കടക്കുമ്പോൾ തീർച്ചയായും പോലീസ് സേനയിലും പോലീസ് വകുപ്പിലും മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വാങ്ങിയ മൂവായിരത്തോളം കമ്പ്യൂട്ടറുകളിൽ ഇപ്പോൾ സ്റ്റാറ്റസ് സിമ്പൽ മാത്രമായാണ് കാണുന്നത്. കറുത്ത പർദ്ദയിട്ട് മൂടി ഭൂരിഭാഗം പോലീസ് സ്റ്റേഷനുകളിലും വച്ചിരിക്കുകയാണ്. ആ മൂടി മാറ്റി കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന വിധത്തിൽ, പോലീസിനെ രംഗത്ത് കൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്.

ഒന്നുരണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാം. സൈബർ കുറ്റകൃത്യങ്ങൾ ഇന്ന് ഏറ്റവും കൂടുതലായി വർദ്ധിച്ചു. ഇന്ത്യയിലെ നാലിലൊന്ന് സൈബർ കുറ്റകൃത്യങ്ങൾ നടക്കുന്നത് കേരളത്തിലാണ്. 200 പേരുള്ള ഒരു സൈബർ സെല്ലാണ് കേരളത്തിലുള്ളത്. ഒരുലക്ഷത്തി ഇരുപതിനായിരം സൈബർ കുറ്റകൃത്യങ്ങൾ

കേരളത്തിൽ തന്നെ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങൾക്ക് ആവശ്യമായ അന്വേഷണം നടത്താൻ കഴിയുന്ന വിധത്തിൽ സൈബർ സെല്ലിനെ വിപുലീകരിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

2009-ൽ പാസ്സായ പോലീസ് ആക്ട് ഒരു കാഴ്ചവസ്തുവായി ഇരിക്കുകയാണ്. ആക്ട് നിലവിൽ വരണമെങ്കിൽ അതിനനുസരിച്ചുള്ള റൂൾസ് ഉണ്ടാകണമെന്നതാണ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം. പക്ഷേ ഇതുവരെ പോലീസ് ആക്ടിന്റെ ഭാഗമായി റൂൾസ് നിലവിൽ വന്നിട്ടില്ല. പ്രിസൺ ആക്ട് ഇവിടെ നടപ്പാക്കി ഇക്കാര്യത്തിൽ മാറ്റങ്ങൾ വരുത്തണം.

മി. ചെയർമാൻ: ശ്രീ. മോൻസ് ജോസഫ്...പ്ലീസ് കൺക്ലൂഡ്...അങ്ങയുടെ സമയം കഴിഞ്ഞ് രണ്ട് മിനിട്ട് അധികമാകുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഒറ്റക്കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിക്കാൻ സാഹചര്യമുണ്ടാകണം. കോട്ടയം ജില്ലയിൽ കുറുപ്പന്തറ പോലീസ് സ്റ്റേഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ സമയത്ത് പ്രഖ്യാപിച്ചതാണ്. ഇപ്പോൾ വകുപ്പുതലത്തിലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറുപ്പന്തറ പോലീസ് സ്റ്റേഷൻ

പ്രവർത്തനമാരംഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ചുരുക്കുകയാണ്. മാധ്യമങ്ങളിൽ വന്നത് " സെൻട്രൽ ജയിലിൽ ഇരുട്ടറ, ക്യാമറകൾ ഒന്നോടെ കണ്ണടച്ചു, 88 സി.സി.ടി.വി. ക്യാമറകൾ നിശ്ചലമായിരിക്കുന്നു. ഗുണ്ടകൾ, കൊടുംകുറ്റവാളികൾ ഏത് കുറ്റകൃത്യം ചെയ്യാനും വരുന്നു. നമുക്കാർക്കും കാണാൻ കഴിയില്ല." ഗൗരവതരമായ ഈ പ്രശ്നം ജയിലുകളുമായി ബന്ധപ്പെട്ട ഈ ചർച്ചയിൽ ഗവൺമെന്റ് പരിശോധിക്കണം. സെൻട്രൽ ജയിലിലുള്ള സി.സി.ടി.വി. ക്യാമറകൾ നവീകരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. കേരളത്തിലെ 14 ജില്ലകളിൽ ജയിലുകളില്ലാത്ത എല്ലാ ജില്ലകളിലും ജയിലുകൾ നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ കൂടിയുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. നമ്മുടെ ഗവൺമെന്റിന്റെ പ്രവർത്തനരംഗത്തെ ഫലപ്രദമായ നടപടികൾക്ക് സഹായകരമായ ഈ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ടാണ് ഞാൻ അല്പസമയം കൂടുതലെടുത്തത്. അതിൽ അങ്ങ് എന്നോട് ക്ഷമിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

1.20-1.30

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.......ഞാൻ നേരത്തേയും ഈ വിഷയം ചൂണ്ടിക്കാണിച്ചതാണ്. പോലീസിനെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻപോലും, നേരത്തേ മൂന്നുനാല് പേരുണ്ടായിരുന്നു. ഇപ്പോൾ ആരുമില്ല. ഇതിന് മറുപടി പറയേണ്ട മുഖ്യമന്ത്രിയും സഭയിലില്ല.

<u>മി. ചെയർമാൻ</u>: മുഖ്യമന്ത്രി സഭയിൽ ഉണ്ടായിരുന്നല്ലോ; മുഖ്യമന്ത്രി മറുപടി പറയും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഉണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരില്ലല്ലോ; ഒരുദ്യോഗസ്ഥനെങ്കിലും ഉദ്യോഗസ്ഥ ഗ്യാലറിയിലില്ല. അതിനെക്കുറിച്ച് പറയുകയാണ്.

<u>മി. ചെയർമാൻ</u>: മുഖ്യമന്ത്രി പറയും. യെസ്....പ്ലീസ് സിറ്റ്ഡൗൺ...

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടും ഉദ്യോഗസ്ഥർ പോയത് ഈ സഭയോടുള്ള അവഹേളനമാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ പറയുന്ന അവസരത്തിൽ സംശയം തോന്നുന്നു. സിനിമാ നടിയുടെ നേർക്ക് അക്രമമുണ്ടാകുന്നു. വളരെ വേഗം ചുരുങ്ങിയ

സമയത്തിനുള്ളിൽ പ്രതികളെ പിടിച്ച ഗവൺമെന്റിനെ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട നടീ-നടന്മാൻ തുടങ്ങിയ എല്ലാ ആളുകളും ഗവൺമെന്റിനെ അഭിനന്ദിച്ചു. ആ സ്ത്രീയെ കയ്യേറ്റം ചെയ്തവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആ പ്രശ്നത്തിന്റെ പേരിൽ ഗവൺമെന്റിനെ ആക്ഷേപിക്കാൻ സാധിക്കുമോ; അതുപോലെ തന്നെ ജിഷ്ണുവിന്റെ മരണത്തിന് ഇടയാക്കിയത് സ്വകാര്യ കോളേജുകൾ അനുവദിച്ചത് കാരണമാണ്. ആ സ്വകാര്യ കോളേജുകൾ അനുവദിച്ചാൽ അതിന്റെ മാനേജ്മെന്റുകൾ ഇഷ്ടംപോലെ പ്രവർത്തിക്കുമെന്ന് പറഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിനെതിരായി വമ്പിച്ച പ്രക്ഷോഭം നടത്തിയിട്ടും ആ പ്രക്ഷോഭത്തിനുശേഷമാണ് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണിയുടെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയടക്കം പിന്നീട് അധികാരത്തിൽ വന്നപ്പോൾ അതിനെ എതിർക്കാതിരുന്നത്. സ്വകാര്യ മേഖലകളിലുള്ള കോളേജുകളുടെ മാനേജ്മെന്റുകൾ നടത്തുന്ന അതിക്രൂരമായ പ്രവൃത്തിയുടെ ഒരു ഭാഗമായിട്ടാണ് ആ കുട്ടി മരണപ്പെട്ടത്. അതിന്റെ മാനേജ്മെന്റിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ അതിന് പ്രധാനമായും നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെയോ നിയന്ത്രണത്തിലുള്ള ആരുമില്ല. വേണമെങ്കിൽ കോൺഗ്രസ് (ഐ)-യുടെ പ്രധാനപ്പെട്ട ആളുകളുമായി

ബന്ധപ്പെട്ടതാണ് ആ സ്ഥാപനമെന്നും പറയാം. അങ്ങനെ ആക്ഷേപിച്ചില്ലല്ലോ; അതിക്രൂരമായി ആ കുട്ടിയെ കൊല ചെയ്യപ്പെട്ടശേഷം അതിന്റെ പേരിൽ ആരെയൊക്ക അറസ്റ്റ് ചെയ്യാൻ സാധിക്കുമോ അതിന് ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചില്ലേ; അത് ഒരു മാർക്സിസ്റ്റ് കുടുംബത്തിലുള്ള കുട്ടി എന്നുള്ള നിലയ്ക്ക് മാത്രമല്ല, ഒരു വിദ്യാർത്ഥി അതിക്രൂരമായി മരിക്കേണ്ട സാഹചര്യമുണ്ടാക്കിയതിന്റെ പേരിലാണ് സംഭവമുണ്ടായത്. അതുമായി ബന്ധപ്പെട്ട എല്ലാവരെയും കേരളത്തിൽനിന്ന് അറസ്റ്റ് ചെയ്തുവെന്ന് മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കടന്നവരെ അവിടെയെല്ലാം പോയി പ്രതികളെയെല്ലാം കസ്റ്റഡിയിൽ എടുക്കുന്ന കാര്യത്തിൽ സർക്കാർ വിജയിച്ചു. മുഖ്യമന്ത്രി അന്ന് പറഞ്ഞത് ഒരു കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് സാദ്ധ്യതയുള്ള എല്ലാവരെയും കസ്റ്റഡിയിൽ എടുക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിനുശേഷവും നിരോധനമുള്ള ഒരു പ്രദേശത്ത് വന്ന് ഡി.ജി.പി.-യെ കാണാൻ അനുവാദം കൊടുത്തതിശേഷം അതിന്റെ കൂടെ സാധാരണനിലയ്ക്ക് ആവശ്യമില്ലാത്ത, അത്തരം മേഖലകളിൽ പോകാൻ ബാദ്ധ്യതയില്ലാത്ത ചില ആളുകളെ കൂട്ടിപ്പോയി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ സഭയിലെ അംഗമായിരുന്ന ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. വി. ശിവൻകുട്ടി എന്നിവർ

പ്രകടനം നടത്തിയിട്ടുള്ള സ്ഥലത്ത് മഹിജ പോയതുകൊണ്ട് എന്താണ് കുഴപ്പം; അവർ മാർക്സിസ്റ്റ് പാർട്ടിയിലെ രണ്ട് സീനിയർ എം.എൽ.എ.-മാരാണ്. അവർ ഡി.ജി.പി. ഓഫീസ് പടിക്കൽ പ്രകടനം നടത്തിയിട്ടുണ്ട്. അവർ സമരം നടത്തിയിട്ടുണ്ട്. എല്ലാ സമരമാർഗ്ഗങ്ങളും അവർ നടത്തിയിട്ടുള്ള സ്ഥലത്ത് ഒരു പാവം സ്ത്രീ പരാതി പറയാൻ ചെല്ലുന്നത് എന്തിനാണ് എതിർക്കാൻ പോകുന്നത്?

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട അംഗം ഈ കളി എന്നോട് കളിക്കുന്നത് മോശമായിപ്പോയി. അതെല്ലാം സാധാരണ മെമ്പർമാരോട് കളിച്ചാൽ മനസ്സിലാകും. ഞാൻ ഈ മേഖലയിൽ വന്നിട്ട് കുറേ വർഷങ്ങളായില്ലേ; മഹിജ പോയ പ്രശ്നം തെറ്റാണ് എന്ന് ഞാൻ എവിടെയെങ്കിലും പറഞ്ഞോ; താങ്കൾ അത് ചോദിക്കാൻ കാരണമെന്താണ്: മഹിജയ്ക്ക് പോകാൻ അനുവാദം കൊടുത്തല്ലോ; മഹിജ പോകണമെന്നുപറഞ്ഞാൽ, മഹിജയടക്കമുള്ള ആറ് ആളുകൾക്ക് പോകാൻ അനുവാദം കൊടുത്തു. ഇതൊരു പൊളിറ്റിക്കൽ ഇഷ്യൂവായി ഉയർത്തിക്കൊണ്ടുവന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായി ഈ പ്രശ്നം ഉയർത്താമെന്ന രൂപത്തിൽ പ്രവർത്തിച്ചത് വളരെ മോശമായിപ്പോയി എന്നാണ് ഞാൻ പറഞ്ഞത്. നമ്മളുമായി ബന്ധപ്പെട്ട ഒരു സഹപ്രവർത്തകൻ, പഴയകാല കോൺഗ്രസ് (ഐ)-യിലെ പ്രധാനപ്പെട്ട നേതാവിന്റെ മകനുണ്ട്. ആക്ഷേപിച്ചില്ലല്ലോ; കോൺഗ്രസ്

(ഐ)-യുടെ ആളുകളാണ് ഈ കൊലപാതകത്തിന്റെ പിന്നിലെന്ന് കേരളത്തിലെ മുഖ്യമന്ത്രിയോ ആരെങ്കിലും ആക്ഷേപിച്ചോ; ഞാൻ താങ്കളോട് വിനീതമായി ചോദിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഗവൺമെന്റ് ചെലവിൽ പത്രത്തിൽ പരസ്യം കൊടുത്തു.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ പഴയകാല സഹപ്രവർത്തകന്റെ മകൻ ഉത്തരവാദപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്. എന്നിട്ട് ഇവിടെനിന്ന് ആക്ഷേപം ഉന്നയിച്ചില്ലല്ലോ; ശ്രീമതി മഹിജ അവിടെ ചെന്നപ്പോൾ പോകാൻ പാടില്ലെന്ന് പറഞ്ഞ് അവരെ തടഞ്ഞോ; ശ്രീമതി മഹിജയടക്കം ആറ് ആളുകൾക്ക് പോകാനുള്ള അനുവാദം കൊടുത്തു. അവർ പോകാൻ ശ്രമിക്കുന്ന ഘട്ടത്തിൽ കുറെയാളുകൾ അവിടെ വന്ന് ബഹളമുണ്ടാക്കി. അതൊരു രാഷ്ട്രീയ ഇഷ്യൂവായി. മരണപ്പെട്ട ഒരു വിദ്യാർത്ഥിയുടെ മാതാവിനെ അവിടെ തടഞ്ഞ് ആക്രമിച്ചുവെന്ന രൂപത്തിലുള്ള അന്തരീക്ഷമുണ്ടാക്കാൻ ശ്രമിച്ചത് ശരിയാണോ; നമ്മൾ നാട്ടിലെ ജനങ്ങളോട് മറുപടി പറയണ്ടേ; ശ്രീമതി മഹിജ പറയുന്നതിനെ സർക്കാർ നിരോധിച്ചോ; ശ്രീമതി മഹിജയ്ക്കും ആറ് പേർക്കും കാണാൻ അനുവാദം കൊടുത്തില്ലേ; അവരെ സംരക്ഷിച്ചുകൊണ്ടുപോകാനുള്ള പോലീസ് അവിടെ

സന്നദ്ധമായില്ലേ; പുറമെ നിന്നുവന്ന ആളുകൾ പറഞ്ഞതിനെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. ഗവൺമെന്റിന്റെ പേരിൽ കുറ്റം പറയാൻ മാർക്സിസ്റ്റ് പാർട്ടിക്കാരിയായ ശ്രീമതി മഹിജ, മകന്റെ മരണത്തിൽ വേദനിക്കുന്ന ഒരു സഹോദരി ആ രൂപത്തിലുള്ള ഒരെതിർപ്പും ഉണ്ടാക്കിയില്ല. മുഖ്യമന്ത്രി ആ സംഭവത്തെ സംബന്ധിച്ച് നടത്തിയ പ്രതികരണം, ഏത് അന്വേഷണമാണ് നടത്താത്തത്, ഏത് പ്രതികളെ അറസ്റ്റ് ചെയ്യാനാണ് പോലീസ് രംഗത്തുവരാത്തത്. ഫലപ്രദമായ രൂപത്തിൽ ഒരു നടപടി സ്വീകരിച്ചശേഷം അതിനെ രാഷ്ട്രീയമായി ഉപയോഗിക്കാൻ ശ്രമിക്കുകയെന്നത്....... നമ്മൾ അപ്പുറത്തും ഇപ്പുറത്തും ഭരണവും പ്രതിപക്ഷവുമാണ്. ഒരു പ്രശ്നത്തെ വളരെ ലഘൂകരിച്ചുകൊണ്ട് അല്ലെങ്കിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാതെ, നമ്മുടെ സംഘടിതമായ പ്രചരണം രാജ്യത്തെ ജനങ്ങൾ തെറ്റിദ്ധരിക്കപ്പെടട്ടേയെന്നുള്ള രൂപത്തിൽ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ആളുകൾ ശ്രമിക്കുന്നത് ശരിയല്ല. ആ കാര്യത്തിൽ എനിക്ക് അത്രമാത്രമേ പറയാനുള്ളൂ. ഓരോരോ ഘട്ടങ്ങളെ സംബന്ധിച്ച് പറയാൻ എനിക്ക് സമയമില്ല.

നടിയുടെ കാര്യത്തിൽ എനിക്ക് സങ്കടംതോന്നി. മൂന്നാമത്തെ ദിവസം മലയാള സിനിമാ രംഗത്തെ എല്ലാവരും ഒരുമിച്ചുചേർന്നുകൊണ്ട് ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഇവിടെ വന്ന് നടിയുടെ പ്രശ്നവുമായി ബന്ധപ്പെട്ടെന്ന് പറഞ്ഞാൽ

എന്താണ് പ്രശ്നം. കാര്യങ്ങൾ നമ്മൾ പറയുന്ന അവസരത്തിൽ കുറെക്കൂടി റിയലിസ്റ്റിക്കായി..... ഏത് ഗവൺമെന്റ് ഭരിച്ചാലും പോരായ്മകളുണ്ടാകും. അതിന് പ്രശ്നങ്ങളുമുണ്ടാകാം. അത് പരിഹരിക്കണം. ഇന്ന് പലതരത്തിലുമുള്ള ചർച്ചകൾ ഇവിടെയുണ്ടാകും.

ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ട്രാഫിക് പോലീസ് സ്റ്റേഷന്റെ സംവിധാനങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തണം. റോഡുകൾ വീതി കുറഞ്ഞ പഴയ റോഡുകളാണ്. ഓരോ ദിവസവും ആർ.ടി. ഓഫീസുകളിൽ പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. റോഡിലൂടെ വാഹനങ്ങൾ പോകുന്ന അവസരത്തിൽ നന്നായി നിയന്ത്രിക്കാൻ ട്രാഫിക് പോലീസില്ലെങ്കിൽ...... വേദന തോന്നുന്നു. എന്റെ മണ്ഡലത്തിലൊക്കെ മിക്കവാറും ദിവസം ആക്സിഡന്റിൽ മരിച്ച ആളുകളുടെ വീടുകളിൽ പോകുകയും ബന്ധുക്കളോടൊപ്പമിരുന്ന് കണ്ണുനീർ വാർക്കുന്നതും വളരെ പ്രായമായ എം.എൽ.എ. ആയ എനിക്ക് വേദനായി അനുഭവപ്പെടുന്നുണ്ട്. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു നഗരമാണ് വടകര. ട്രാഫിക് പോലീസ് സ്റ്റേഷൻ ഒരു ട്രാഫിക് ഔട്ട്ലെറ്റ് എന്നതുപോലയേയുള്ളൂ. അത് ഒരു ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തണം. എന്റെ മണ്ഡലത്തിലുള്ള ജയിൽ ബ്രിട്ടീഷ് ഭരണകാലത്തുള്ളതാണ്. അത് മാറ്റി സ്ഥാപിക്കാനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്.

മി. ചെയർമാൻ: യെസ്..... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. സി. കെ. നാണു: സർ, എനിക്ക് വിനീതമായി ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സഭകളെയും പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കുറെക്കൂടി ഉപയോഗപ്പെടുത്തി ഈ രാജ്യത്ത് പ്രശ്നങ്ങളുണ്ടാകുന്ന അവസരത്തിൽ വളരെ വേഗം അതിനെ സംബന്ധിച്ച് സംസാരിച്ച് ജനങ്ങൾ ഏറ്റുമുട്ടലിലേയ്ക്ക് നീങ്ങാത്ത രൂപത്തിലുള്ള സാഹചര്യമുണ്ടാക്കാൻ സർക്കാരിന്റെ നേതൃത്വത്തിൽ തഹസിൽദാരെയും താലൂക്ക് സഭകളെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രശ്നങ്ങൾ പറഞ്ഞുതീർക്കാനാവശ്യമായ സംവിധാനമുണ്ടാകണം. ജനാധിപത്യ സംവിധാനങ്ങളെ ആ രൂപത്തിൽ, ജനങ്ങൾ തമ്മിൽ ഏറ്റുമുട്ടാതെ ഐക്യത്തിൽ കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് പോലീസ്, ജയിൽ വകുപ്പുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ചർച്ച തുടങ്ങിവച്ച നമ്മുടെ പ്രിയങ്കരനായ ഇടതുപക്ഷ-സി.പി.ഐ.(എം.)-ന്റെ ശ്രീ. രാജു എബ്രഹാം വളരെ നീണ്ട പ്രസംഗം നടത്തി. ആ 14

മിനിട്ടിനകത്ത് രണ്ട് മിനിട്ടുപോലും പോലീസിനെപ്പറ്റി പറഞ്ഞില്ല. എനിക്ക് അത്ഭുതം തോന്നി. ശ്രീ. രാജു എബ്രഹാം എന്റെ അടുത്ത സുഹൃത്താണ്. പൊതുഭരണം എന്തെന്നാണ് അദ്ദേഹം പറഞ്ഞത്. അതുപോലെ, ഇന്ന് ഭരണകക്ഷിക്കാർ സംസാരിച്ച എല്ലാ മേഖലകളും ഞാൻ ശ്രദ്ധിച്ചു. ആരും പോലീസിനെപ്പറ്റി മിണ്ടുന്നില്ല. എന്തുകൊണ്ട്? അത് കേരളത്തിലെ ജനങ്ങൾ പറയുന്നുണ്ട്. അതാണ് ഇവിടത്തെ പ്രശ്നം. ഇടതുപക്ഷ മുന്നണിയുടെ 1957 മുതലുള്ള ഗവൺമെന്റുകളെടുത്ത് പരിശോധിച്ചാൽ ഇ.എം.എസ്. ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ഞാനില്ല. അതിനുശേഷമുള്ള ഏത് ഗവൺമെന്റെടുത്ത് പരിശോധിച്ചാലും ഇടതുപക്ഷം വരുമ്പോൾ ആദ്യത്തെ മൂന്ന് വർഷം ഭരണം വളരെ ക്ലിയറാണ്. മൂന്ന് വർഷം കഴിയുമ്പോഴാണ് അല്പം മോശമായിപ്പോകുന്നത്. പക്ഷെ, ഞാനിത് പറയുമ്പോൾ ക്ഷമിക്കണം. ഞാൻ പ്രതീക്ഷിച്ചത്, 91 പേരുടെ പിന്തുണയോടുകൂടി സഖാവ് പിണറായി വിജയൻ വന്നിരിക്കുന്നു, ഒരു നല്ല ഭരണം 5 വർഷമുണ്ടാകുമെന്ന് ആത്മാർത്ഥമായി ഞാൻ വിശ്വസിച്ചു. ദുഃഖത്തോടെ പറയട്ടെ, മൂന്ന് വർഷമെന്നത് മൂന്ന് മാസമായപ്പോഴേ ചീയാൻ തുടങ്ങിയെന്നുള്ളതാണ് സത്യം. എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്ന് എനിക്കറിയില്ല. ഇത്രമാത്രം ശക്തനായ ഒരു മുഖ്യമന്ത്രി വന്നിട്ട്, ഒന്നുകിൽ അദ്ദേഹത്തിന്റെ പാർട്ടിയിൽനിന്ന്

അദ്ദേഹത്തിനുവേണ്ട പിന്തുണകിട്ടുന്നില്ല, അല്ലെങ്കിൽ അദ്ദേഹം പറഞ്ഞാൽ ഉദ്യോഗസ്ഥർ കേൾക്കുന്നില്ലെന്ന് പറഞ്ഞാൽ കേൾപ്പിക്കാൻ കഴിവുള്ളവനാണല്ലോ; പിന്നെന്താണ് പ്രശ്നം; എനിക്ക് മനസ്സിലാകുന്നില്ല. ആ മാറ്റം ബഹുമാനപ്പെട്ട പിണറായി വിജയൻ ഉൾക്കൊള്ളണം. അത് ഉൾക്കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. 7 ഉപദേശകന്മാരുണ്ട്. ആ 7-നേയുംകൂടി പിരിച്ചുവിടാമെങ്കിൽ അങ്ങ് കുറച്ചുകൂടി രക്ഷപെടുമെന്നാണ് എന്റെ അഭിപ്രായം. 7 എണ്ണത്തിനെ വച്ചിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ട് പ്രശ്നമാണെന്നെനിക്കറിയാം. അങ്ങനെയെങ്കിൽ നമുക്ക് ഒറ്റ ഉപദേഷ്ടാവിനെ വച്ചാൽ മതി. നമ്മുടെ ലോട്ടറി മാർട്ടിനെ വച്ചാൽ ഒരു പണിയും ചെയ്യാതെ കാശുണ്ടാക്കുന്ന മാർഗ്ഗം അയാൾ പറഞ്ഞുതരും. അതാണെന്റെ അഭിപ്രായം.

ജയിൽ വകുപ്പിനെപ്പറ്റി ആരും മിണ്ടുന്നില്ല. എന്റെ അഭിപ്രായത്തിൽ ഏതെങ്കിലുമൊരു കുറ്റം ചെയ്ത് ജയിൽപ്പോയി കിടക്കുകയാണ് ഇപ്പോൾ സുഖം. ഒരു ദിവസം ഇറച്ചി, ഒരു ദിവസം മുട്ട, ഒരു ദിവസം പാൽ അങ്ങനെ സുഖമായ ഭക്ഷണം. പുറത്ത് ഈ ഭരണത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് രാവിലെ ഞാനിവിടെ സൂചിപ്പിച്ചല്ലോ; ആ നിലയ്ക്ക് ജയിലിൽ പോയിക്കിടക്കുകയാണ് സുഖം. നല്ല ശമ്പളവും കിട്ടും. ഞാൻ പറയുന്നത്, ജയിലിൽ കിടക്കുന്ന പ്രതികളെ ഞാൻ

ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു. കുഴപ്പമൊന്നുമില്ല അവർ നമ്മുടെ സുഹൃത്തുക്കളാണ്. പക്ഷെ, അവരെ ഇതുപോലെ അപ്പം ചുടാനും പൊറോട്ട ഉണ്ടാക്കാനും വിട്ടിട്ട് ഇതുപോലെ കാശ് കൊടുക്കണമെന്ന് ഒന്ന് ആലോചിക്കണം. കാരണം, നമ്മുടെ റോഡ് ടാറിംഗ് തൊഴിലാളികൾക്ക് കിട്ടുന്ന കൂലി എത്രയാണെന്ന് നമുക്കറിയാം. അവരുടെ ബുദ്ധിമുട്ട് എത്ര വലുതാണ്. ഇതുപോലെ കഠിനമായ ശിക്ഷയ്ക്ക് അർഹരായി ജയിലിൽ കിടക്കുന്നവർക്ക് ഇറച്ചിയും മീനും മുട്ടയുമൊക്കെ കൊടുത്തോളൂ. ഇതുപോലുള്ള തൊഴിലിന് പറഞ്ഞയച്ച് അവർക്ക് ആ കൂലി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. ചെയർമാൻ: യെസ്.... മി. പി. സി. ജോർജ്......

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ചുരുക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ തുടങ്ങണ്ടേ; അങ്ങും ഞാനും കോട്ടയം ജില്ലക്കാരല്ലേ; അപ്പോൾ നമുക്ക് ആലോചിക്കേണ്ട പ്രശ്നമല്ലേയിത്; എന്തുകൊണ്ട് അത് തുടങ്ങുന്നില്ലെന്ന് ഞാൻ ചോദിക്കുകയാണ്. ലാ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കും. ഇതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേക സംവിധാനമുണ്ടാക്കും. ശ്രീ. പിണറായി വിജയൻ അറിഞ്ഞുകൊണ്ട് എഴുതിയതാണല്ലോ ഇത്. നടപടി തുടങ്ങിയിട്ടില്ലല്ലോ;

ഇതിനെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റി വയ്ക്കുമെന്ന് പറഞ്ഞു. ഞാൻ സമയമില്ലാത്തതിനാൽ ചുരുക്കുകയാണ്. എന്തുകൊണ്ട് ഈ കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങളെങ്കിലും ചെയ്യുന്ന കാര്യത്തിൽ എന്തുകൊണ്ട് അലംഭാവം കാണിക്കുന്നുവെന്ന് ഇടതുപക്ഷ മുന്നണി ചർച്ച ചെയ്യണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അല്പംകൂടി നന്നായി, മൂന്ന് മാസംകൊണ്ട് മോശമായെന്ന് ഞാൻ പറഞ്ഞല്ലോ; ഇനിയും നന്നാവാൻ അവസരമുണ്ട്. ഇനിയും നാല് വർഷക്കാലം കിടക്കുന്നു. ആ നാല് വർഷക്കാലത്തിൽ ഒരു രണ്ട് മാസംകൊണ്ട് അല്ലെങ്കിൽ മൂന്ന് മാസംകൊണ്ട് വ്യക്തമായ ഒരു പഠനം നടത്തി, എന്താണ് സംഭവിച്ചിരിക്കുന്നതെന്ന്..... ഡി.ജി.പി.-യൊന്നും വലിയ ആനയായി എനിക്ക് തോന്നുന്നില്ല. ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് ഗവൺമെന്റാണ്. എന്റെ അഭിപ്രായവും അതുതന്നെയാണ്. പക്ഷെ എന്താണ് ഈ ഗവൺമെന്റിന് പറ്റിയിരിക്കുന്ന അപജയമെന്നതിനെപ്പറ്റി വിശദമായ ചർച്ച ചെയ്ത്.... നിങ്ങൾ എൽ.ഡി.എഫ്. ഇരുന്ന് ചർച്ച ചെയ്യുന്നവരാണ്. ചർച്ച ചെയ്ത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി മാറ്റമുണ്ടാക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. കെ. ശശി:</u> സർ, ഞാൻ ഈ ഡിമാന്റിനെ പിന്തുണയ്ക്കുകയാണ്.

ഗവൺമെന്റിന്റെ പ്രവർത്തനം 11 മാസക്കാലം പിന്നിട്ടപ്പോൾ കഴിഞ്ഞ കാലത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിന്റെ പോലീസിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. കേരളത്തിലെ ക്രമസമാധാനം തകരുന്നതിനെപ്പറ്റിയൊക്കെ വളരെ വാചാലമായി സംസാരിക്കാൻ പ്രതിപക്ഷത്തു നിന്ന് ആളുകളുണ്ടായി. പക്ഷെ യഥാർത്ഥത്തിൽ ഇന്ന് കേരളത്തിൽ തകർന്നത് ക്രമസമാധാനമല്ല. അപ്പുറത്തിരിക്കുന്ന ആളുകളുടെ മനഃസമാധാനമാണ്. അവരുടെ മനഃസമാധാനം നഷ്ടപ്പെട്ടുവെന്നുള്ളതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ നാട് ഒരുപാട് പ്രശ്നങ്ങളെ നേരിടുന്നുണ്ട്. നമ്മുടെ രാജ്യം ഒരുപാട് പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ആർ.എസ്.എസ്. രാജ്യത്ത് ഉയർത്തിക്കൊണ്ടുവരുന്ന ഭീഷണി യഥാർത്ഥത്തിൽ നമ്മുടെ നാടിനെ സ്നേഹിക്കുന്ന പ്രസ്ഥാനങ്ങൾക്കും ആളുകൾക്കും മാത്രമേ അതിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കൂ. നാടിന്റെ മനസ്സറിയുന്ന ആളുകൾക്ക് ഈ വിപത്തിനെ തിരിച്ചറിയാൻ സാധിക്കും. അതൊന്നും കണക്കാക്കാതെ ഇന്ന് അധികാരം കയ്യിൽവച്ച് ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിന്റെ തണലിൽ ഈ രാജ്യത്ത് ഒരു മതാധിഷ്ഠിതമായ ഭരണം അടിച്ചേൽപ്പിക്കാൻ വേണ്ടിയുള്ള നീക്കം ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനെപ്പറ്റി ഒന്നും പറയാൻ യു.ഡി.എഫ്.-കാർക്കില്ല. അവർക്ക് ആകെ പറയാനുള്ളത് പ്രധാനമായും ടി. പി.

സെൻകുമാറിൻെറ പ്രശ്നമാണ്. ഇത്രമാത്രം വിഷയദാരിദ്ര്യം യു.ഡി.എഫ്.-ന് നേരിട്ട മറ്റൊരു കാലം കേരളത്തിൽ ഉണ്ടായിട്ടില്ല. ഒരു കാര്യം അവരോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സെൻകുമാർ എന്ന് പറഞ്ഞ് ആരെയും പേടിപ്പിക്കേണ്ട. ഏത് ഉദ്യോഗസ്ഥനാണെങ്കിലും, ഏത് വലിയ ഉദ്യോഗസ്ഥനാണെങ്കിലും ഈ ഗവൺമെന്റിന്റെ തീരുമാനങ്ങളും നയങ്ങളും നടപ്പാക്കിക്കാനുള്ള നല്ല ചങ്കുറ്റവും ചങ്കുറപ്പും ഈ ഗവൺമെന്റിനുണ്ടെന്ന് കേരളത്തിൻെറ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പറയുകയുണ്ടായി. അങ്ങനെ പറഞ്ഞൊന്നും ഞങ്ങളെ പേടിപ്പിക്കേണ്ട. യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടുവാനുള്ള ഈ അഭ്യാസമുണ്ടല്ലോ, ഈ വർഗ്ഗീയത യഥാർത്ഥത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ എതിർക്കുന്നതിൻെറ ഫലമായി യു.ഡി.എഫ്.-നെ കാത്തിരിക്കുന്നത് ഒരു പതനമാണ്. തെറ്റായ നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ്സ് ഏകദേശം ഓട്ടമുക്കാലുപോലെയായില്ലേ; ആർക്കും രക്ഷിക്കാൻ കഴിയാത്ത കോലത്തിൽ ആയില്ലേ കോണഗ്രസ്സ്; ഇവിടെ ക്രമസമാധാനത്തിൻെറ പ്രശ്നത്തെക്കുറിച്ചു പറയുന്നു. ഇവിട ക്രമസമാധാനത്തിന് എന്താണ് പ്രശ്നം; നമ്മുടെ രാജ്യത്ത് നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും അവസാനത്തെ രേഖയനുസരിച്ച് കേരളത്തിലെ

പോലീസാണ് ഏറ്റവും കാര്യക്ഷമമായ പോലീസ്. ഇന്ത്യയുടെ പാർലമെന്റിൽ വച്ച കണക്കാണിത്. കേരളത്തിൽ ഐ.പി.സി. ചാർജ്ജ് ചെയ്യുന്ന കേസ്സുകളിൽ 77 ശതമാനം കുറ്റം തെളിയിക്കുന്നവയാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ കൺവിക്ഷൻ റേറ്റുള്ള പോലീസ് കേരളാ പോലീസാണ്. ഇവിടെ പലരും പറഞ്ഞുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുപോലതന്നെ പോലീസ് ട്രെയിനിംഗ് പണ്ടത്തെപ്പോലെയല്ല. പണ്ടത്തെ അവസ്ഥയല്ല. പെറ്റമ്മയുടെ മുലപ്പാലുപോലും ചോർത്തിക്കളയുന്ന രൂപത്തിലുള്ള പരിശീലനം നമ്മുടെ പോലീസ് ക്യാമ്പുകളിലുണ്ടായിരുന്നു. അവിടെ പരിശീലനം കിട്ടിയ ആളുകളാണ് ഇവിടെ കിള്ളിയും കീഴ്മാട്ടുമൊക്കെ ഉണ്ടാക്കിയത്. ആ അവസ്ഥയിൽ നിന്നും വലിയ മാറ്റം വന്നിട്ടുണ്ട്. എങ്കിലും കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറഞ്ഞുപോലെ പോലീസിൻെറ പരിശീലനത്തിൽ കുറെക്കൂടി ശ്രദ്ധ കൊടുക്കാൻ ഈ ഗവൺമെൻറ് ശ്രദ്ധിക്കുമെന്ന് അദ്ദേഹം പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമായ ഒരു കാര്യമാണ്. ഇതോടൊപ്പം ഒരു കാര്യം കൂടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ജില്ലാതലത്തിൽ ഒരു പോലീസ് കൺസൽട്ടേഷൻ കമ്മിറ്റിയുണ്ടായിരുന്നു. എം.എൽ.എ.-മാരും എം.പി.-മാരുമൊക്കെ ആ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. ഇപ്പോൾ അത് കൃത്യമായി

വിളിക്കുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. അത് വിളിച്ചുചേർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. മറ്റൊരു കാര്യം, യു.എ.പി.എ., കാപ്പ പോലുള്ള നിയമങ്ങളെ സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ വളരെ ഗൗരവത്തോടുകൂടി പരിശോധിക്കാൻ മുഖ്യമന്ത്രി തയ്യാറായി. അത് പുനഃപരിശോധന ചെയ്യാൻ മുഖ്യമന്ത്രി തയ്യാറായി. അതിന്റെ ഭാഗമായി 44 കേസ് ഒഴിവാക്കാൻ തീരുമാനിച്ചു. ഒരഭിപ്രായം വന്നാൽ ആ അഭിപ്രായങ്ങളെ പരിപൂർണ്ണമായി നിഷേധിക്കുകയല്ല ഈ ഗവൺമെന്റ് ചെയ്യുന്നത്. അതിൽ എന്തെങ്കിലും ശരിയുണ്ടോ, ആ ശരിയുണ്ടെങ്കിൽ അതിനെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണുകയും ശരിയായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുകയെന്ന രീതിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. ഇ. പി. ജയരാജൻ സംസാരിക്കുമ്പോൾ കേരളത്തിന്റെ ഇടതുപക്ഷ മനസ്സിനെപ്പറ്റി പറഞ്ഞു. അതു പറയുമ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ വല്ലാതെ പരിഹസിക്കുകയാണ് ചെയ്തത്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഇടതുപക്ഷ മനസ്സിന്റെ പ്രാധാന്യം മനസ്സിലാകില്ല. ജാതിയ്ക്കും മതത്തിനുമെല്ലാം അതീതമായി മനുഷ്യൻ എന്ന ചിന്തയിൽ നമ്മൾ

ഒരുമിച്ച് നിൽക്കണമെന്ന് മലയാളിയെ പഠിപ്പിച്ചത് കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനമാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ്. ഇടതുപക്ഷ രാഷ്ട്രീയം നടത്തിയിട്ടുള്ള പോരാട്ടങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഭാഗമായാണ് ഒരു മതനിരപേക്ഷമായ സാമൂഹ്യബോധം മലയാളിക്കുണ്ടായത്. അതാണ് കേരളീയ സമൂഹത്തിൻെറ പ്രത്യേകത. അയൽസംസ്ഥാനങ്ങളിലൊക്കെയുള്ള വർഗ്ഗീയ കലാപങ്ങളും ജാതിമതിലുപോലെയുള്ള കുഴപ്പങ്ങളുമൊക്കെ നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുമ്പോൾ ഹിമാലയ പർവ്വതംപോലുള്ള മതിൽകെട്ട് ഉയർത്തി നമ്മുടെ കേരളത്തിന് അത് തടയാൻ സാധിക്കുന്നത് കേരളത്തിൻെറ ഇടതുപക്ഷ ആഭിമുഖ്യംകൊണ്ടാണ്, ഇടതുപക്ഷ മനസ്സുള്ളതുകൊണ്ടാണ്. പക്ഷേ ഇത് അപ്പുറത്തിരിക്കുന്ന ആൾക്കാർക്ക് മനസ്സിലാകില്ല. എന്നും ഒരു വഴിപാടുപോലെ എല്ലാ ദിവസവും ഈ കറുത്ത തുണിക്കെട്ടുമായി, ഭാണ്ഡവുമായി നിയമസഭയിലേയ്ക്ക് വരുന്നയാളുകൾക്ക് അത് മനസ്സിലാകില്ല. ശക്ധർ ആന്റ് കൗളിൽ അതുണ്ടാകില്ല. പക്ഷേ ഇതെല്ലാം രാഷ്ട്രീയ പ്രവർത്തനത്തിന്റെ, പൊതുപ്രവർത്തനത്തിന്റെ ഭാഗമായി ഇക്കാര്യങ്ങളെല്ലാം വളരെ ഗൗരവ്വത്തോടുകൂടിയുള്ള കാര്യങ്ങളാണെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. ഇവിടെ ആർ.എസ്.എസ്.-ന്റെ പ്രശ്നം ഞാൻ പറഞ്ഞല്ലോ; എല്ലാ പ്രശ്നങ്ങളിലും ആർ.എസ്.എസ്.-ഉം യു.ഡി.എഫ്.-ഉം, പ്രത്യേകിച്ചും

കോൺഗ്രസ്സിനെയാണ് ഞാൻ പറയുന്നത്, അളിയനും അളിയനുമായിട്ടല്ലേ നടക്കുന്നത്. എത്ര മോശമാണ് ഇക്കാര്യങ്ങൾ. ഇപ്പോൾ മൂന്നാറിൽ സമരം നടന്നു. മൂന്നാറിൽ ശ്രീമതി ഗോമതി നേതൃത്വം കൊടുത്തുകൊണ്ട് നടത്തുന്ന സമരത്തിന്റെ ഒരറ്റത്ത് ശ്രീമതി ബിന്ദുകൃഷ്ണയും അപ്പുറത്ത് ശ്രീമതി ശോഭാ സുരേന്ദ്രനുമാണ്. എന്തൊരു യോജിപ്പാണ്. ഇവർ എങ്ങോട്ടാണ് ഇവരുടെ രാഷ്ട്രീയത്തെ കൊണ്ടുപോകുന്നതെന്ന് മനസ്സിലാക്കാൻ ഇനിയെങ്കിലും ഒരു പുന:പരിശോധനയ്ക്ക് അവർ തയ്യാറാകണം. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തോട് ചേർന്ന ഒറ്റപ്പാലം നഗരസഭയിൽ ഒരു തെരഞ്ഞെടുപ്പ് നടന്നു. ആ തിരഞ്ഞെടുപ്പിൽ മുസ്ലീംലീഗിന്റെ സ്ഥാനാർത്ഥി ബി.ജെ.പി.-യുടെ വോട്ടുവാങ്ങി വിജയിച്ചു. കേരളത്തിൽ ഒരു സ്ഥലത്തുപോലും പറയാൻ പറ്റില്ല. ആർ.എസ്.എസ്.-കാരന്റെ, ബി.ജെ.പി.-ക്കാരന്റെ പിന്തുണ വാങ്ങി ഞങ്ങൾ ഒരു തെരഞ്ഞെടുപ്പിലും മത്സരിച്ചിട്ടില്ല, ഒരു തെരഞ്ഞെടുപ്പിലും ഞങ്ങൾ ജയിച്ചിട്ടില്ല. ഇതിന്റെയെല്ലാ ക്രെഡിറ്റും യു.ഡി.എഫ്-നുള്ളതാണ്. ഞാൻ അതുസംബന്ധിച്ച് അത്രയേ പറയുന്നുള്ളൂ. ഇവിടെ മണിയാശാനെക്കുറിച്ച് നിരന്തരം പറയുന്നുണ്ട്. മണിയാശാനെക്കുറിച്ച് കോടതി വിധിയാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, കോടതിവിധിയുടെ പേരിൽ മണിയാശാൻ രാജിവയ്ക്കണമെന്ന് ഇന്നിവിടെ പറഞ്ഞല്ലോ. ഞാൻ ചെറിയൊരു

കാര്യം ചോദിക്കട്ടെ, കോടതി വിധിയുടെ പേരിലാണ് പറയുന്നതെങ്കിൽ നിങ്ങളുടെ കഴിഞ്ഞ ഗവൺമെന്റിലെ മുഖ്യമന്ത്രി എത്രപ്രാവശ്യം രാജിവയ്ക്കണമായിരുന്നു, നാട് വിടേണ്ടി വരുമായിരുന്നില്ലേ. എത്ര കോടതി വിധികളാണ് വന്നത്. നിങ്ങൾ അനങ്ങിയോ; അന്ന് എവിടെയായിരുന്നു കോടതി വിധിയെക്കുറിച്ചുള്ള പരാമർശം. ഇപ്പോഴെങ്ങനെയാണ് ഇങ്ങനെ വന്നത്. മണിയാശാൻ മനുഷ്യന്റെ ഭാഷയാണ് സംസാരിക്കുന്നത്. മണിയാശാന് ശക്ധർ ആന്റ് കൗളിനെക്കുറിച്ചൊന്നും ധാരണയുണ്ടാകില്ല. അതൊക്കെയുള്ള ആളുകളുണ്ടാകും. പക്ഷേ അതൊന്നും അദ്ദേഹം പഠിച്ചിട്ടുണ്ടാകില്ല. അതിലൊക്കെ എനിക്കും ശ്രീ. പി. കെ. ബഷീറിനുമൊക്കെയുള്ള വിവരമേ അദ്ദേഹത്തിനുമുണ്ടാകൂ. പക്ഷേ മനുഷ്യന്റെ ജീവിതപ്രശ്നങ്ങളറിയാം. ജീവിതപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രീയ പ്രവർത്തനമാണ് ഞങ്ങളുടെയൊക്കെ രാഷ്ട്രീയ പ്രവർത്തനമെന്നുപറയുന്നത്. ആ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സാധാരണക്കാരന്റെ ഭാഷയിൽ സംസാരിച്ചു ഒരു സാഹചര്യത്തിൽ നിന്ന് പറഞ്ഞ വാക്കുകൾ അടർത്തിയെടുത്ത് മണിയാശാൻ എന്തോ വലിയ കുഴപ്പം കാണിച്ചുവെന്ന മട്ടിലല്ലേ ഇവിടെ പറയുന്നത്: ഞാൻ പറയട്ടെ, എങ്ങോട്ടാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്. ഇതിന്റെ പേരിൽ മണിയാശാൻ രാജിവയ്ക്കണോ. നിരാഹാര സമരം ഇരുന്നു. ഞാൻ ചോദിക്കട്ടെ,

ജനങ്ങൾ എവിടെ. മുഖ്യമന്ത്രി പറഞ്ഞതാണ് ശരി. എവിടെയാണ് ജനങ്ങൾ. വലിയ കോലാഹലം കൊട്ടുത്തുകൊണ്ട് നിരാഹാര സമരം നടത്തിയില്ലേ; ജനം എവിടെയാണ്; ജനരോഷത്തെ ഭയന്നുകൊണ്ട് മരിക്കുന്നതുവരെ നിരാഹരം പ്രഖ്യാപിച്ചയാളുകൾക്ക്, പുലിയുടെ അലർച്ചപോലെ വന്നവയാളുകൾക്ക് എലിയുടെ വാലുപോലെ മടങ്ങിപ്പോകേണ്ടിവന്നില്ലേ; ഞാൻ ഈ സന്ദർഭത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഒരു കാര്യം പറയുകയാണ്, ശ്രീ. എസ്. രാജേന്ദ്രൻ മൂന്ന് തവണ എം.എൽ.എ. ആയ ആളാണ്. 8 സെന്റ് ഭൂമി മാത്രമാണുള്ളത്. ഒരേക്കർ തികച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് മനസ്സുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്, അഭ്യർത്ഥിക്കുകയാണ്. 8 സെന്റ് ഭൂമി മാത്രമാണ് ശ്രീ. എസ്. രാജേന്ദ്രനുള്ളത്. എന്നിട്ട് ശ്രീ. എസ്. രാജേന്ദ്രനെക്കുറിച്ചുള്ള ആക്ഷേപമെന്താണ്; കയ്യേറ്റക്കാരൻ. ഞങ്ങളല്ല കയ്യേറ്റക്കാർ. എല്ലാക്കാലത്തും എല്ലാ കൊള്ളരുതായ്മക്കും ചൂട്ടുപിടിച്ചുകൊടുത്തത് നിങ്ങളാണ്. ജയിലിനകത്ത് കുറ്റവാളികൾക്ക് സംരക്ഷണം കൊടുത്തത് നിങ്ങളാണ്. സെക്യൂരിറ്റിക്കാരനെ കൊലപ്പെടുത്തിയ കേസിൽ ജയിലിൽ കിടന്ന നിസ്സാമിന് സുഖവാസസൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതെല്ലാം നിങ്ങളാണ്. അതിന്റെ പേരിൽ ഇപ്പോൾ ഞങ്ങളുടെ മേക്കിട്ടുകേറാനൊന്നും ആരും മിനക്കടേണ്ട. അഭിസാരികയുടെ ചാരിത്ര്യ

പ്രസംഗമെന്ന് സാധാരണ നമ്മളൊക്കെ കേട്ടിട്ടുണ്ട്. 10 പെറ്റ തള്ളയോട് പ്രസവവേദനയെപ്പറ്റി കല്ല്യാണം കഴിച്ചിട്ടില്ലാത്ത പെൺകുട്ടി സംസാരിക്കുന്നതിനെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ, ഇതിനെയെല്ലാം കടത്തിവെട്ടുന്ന കാര്യമാണ്. എന്തായാലും ശരി, സ്ത്രീകളുടെ സുരക്ഷിതത്വത്തെ സംബന്ധിച്ച്, സ്ത്രീത്വത്തെ ബഹുമാനിക്കേണ്ടതിനെ സംബന്ധിച്ച് അഭിപ്രായം പറയാൻ കോൺഗ്രസ്സുകാർക്ക് ഇപ്പോഴെങ്കിലും തോന്നിയതിന് വളരെ സന്തോഷമുണ്ട്. ആരുടെയും പേര് പറയുന്നില്ല. കൊല്ലത്തുനിന്ന് സേവാദൾ വോളന്റിയറെ മഞ്ചേരിയിൽ കൊണ്ടുവന്ന് ദിവസങ്ങളോളം പാതിരാത്രിക്ക് യോഗാസനം പഠിപ്പിച്ച മഹാനായ നേതാവിന്റെ പാർട്ടിയല്ലേ; അവർ സ്ത്രീത്വത്തെപ്പറ്റി പറയുമ്പോൾ കേൾക്കാൻ നല്ല സുഖമാണ്. സ്വന്തം പാർട്ടി ഓഫീസിലെ തൂപ്പുകാരിയായ സ്ത്രീയെ ഉപയോഗം കഴിഞ്ഞതിനുശേഷം വെട്ടിനുറുക്കി കുളത്തിലിട്ട് കൊന്ന നേതാക്കന്മാരുടെ പാർട്ടിയല്ലേ; ഇതെല്ലാം നല്ല കാര്യമാണ്. ഇങ്ങനെയുള്ള കുറെ അനുഭവങ്ങളില്ലേ? വള്ളംകളി ഉദ്ഘാടനത്തിനെത്തിയ സിനിമാനടിയുടെ ശരീരഭാഗങ്ങളിലാകെ കൈയടയാളം പതിപ്പിച്ച മഹാന്മാരിൽ മഹാന്മാരുടെ പാർട്ടിയല്ലേ നിങ്ങളുടെ പാർട്ടി. അവരാണ് സ്ത്രീത്വത്തെപ്പറ്റി ഇപ്പോൾ ഞങ്ങളെ പഠിപ്പിക്കാൻ നടക്കുന്നത്. ഞങ്ങൾ പറയട്ടെ, നിങ്ങളുടെ ഒരു

സാരോപദേശവും ഞങ്ങൾക്ക് വേണ്ട, ഞങ്ങൾക്കറിയാം ശരിയേതാണ് തെറ്റേതാണെന്ന്. കാക്കയേയും പുലികളേയും തിരിച്ചറിയാനുള്ള നല്ല വിവേകവും വിവേചനാശക്തിയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനുണ്ട്. ഈ ഗവൺമെന്റ്

അതിന്റെ ശരിയായ പാതയിലൂടെ മുമ്പോട്ട് പോകുമെന്ന കാര്യത്തിൽ ആർക്കുംതന്നെ ഒരു സംശയവും വേണ്ട. ഇവിടെയിപ്പോൾ വിഷയ ദാരിദ്ര്യം, യു.ഡി.എഫ്.-ന് ഇപ്പോൾ ചേരയുടെ രൂപയും ഭാവവുമാണ്. കൂടിവന്നാൽ കവുകിൻ തോട്ടത്തിൽ തവളയെ പിടിച്ച് ശാപ്പിടാനറിയാം, അതിനപ്പുറത്തേയ്ക്ക് ഒരു പുല്ലും ചെയ്യാൻ, ഒരു ചുക്കും ചെയ്യാൻ യു.ഡി.എഫ്.-ന് കഴിയാത്ത രൂപത്തിൽ രാഷ്ട്രീയമായി പാപ്പരായിരിക്കുന്നു. ഐക്യജനാധിപത്യമുന്നണിയുടെ ഏറ്റവും പ്രധാനമായി കോൺഗ്രസ്സിന്റെ പാപ്പരായ മുഖമാണ് ഇന്നീ നിയമസഭയിൽ കാണുന്നത്. കൂടെ നിൽക്കുന്ന ലീഗിനോട് ഞങ്ങൾ ഒരു കാര്യം പറയട്ടെ, നിങ്ങളങ്ങനെ വല്ലാതെ ചാരിക്കൊടുക്കേണ്ട. കെട്ടവനെ തൊട്ടാൽ തൊട്ടവനും കെടും. നിങ്ങൾ കൂടുതൽ കെടും. അവിടേയ്ക്ക് നിങ്ങൾ എത്തേണ്ടെന്ന് മാത്രം അവരോട് പറഞ്ഞുകൊണ്ട് ഈ നല്ല ഉപദേശമെങ്കിലും നിങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഭാഗമെന്ന രൂപത്തിൽ

ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട ഈ ഡിമാന്റിനെ ശക്തമായി ഞാൻ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ]

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സുരക്ഷിത കേരളം വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പന്ത്രണ്ടാം മാസത്തിലേയ്ക്ക് കടക്കുമ്പോൾ സമ്പൂർണ്ണ അരക്ഷിത കേരളം സൃഷ്ടിച്ചതിന്റെ ക്രെഡിറ്റുമായാണ് ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുന്നത്. പന്ത്രണ്ട് മാസത്തിനിടെ എത്ര വീഴ്ച പറ്റിയെന്ന് എണ്ണിയാൽ ഈ സർക്കാരിന് ഒരു തവണപോലും എണീറ്റ് നിൽക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാകും. കാരണം വീഴുകയും പിന്നെയും വീഴുകയും വീഴുന്നിടത്ത് കിടന്ന് ഉരുളുകയും എല്ലാം കഴിഞ്ഞിട്ട് വീഴ്ച പറ്റിയേയെന്ന് പറയുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്നിപ്പോഴുള്ളത്. ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജിമാരോട് നമ്മുടെ മുഖ്യമന്ത്രി താഴേണ്ട കാര്യമില്ല. ഹരീഷ് സാൽവേയ്ക്ക് നമ്മുടെ ഖജനാവിൽനിന്നും ലക്ഷങ്ങൾ കൊടുത്തുവെന്നത് പോട്ടെ, പക്ഷേ നാട്ടുകാർ പറയുന്നത് 'ഉർവ്വശീശാപം ഉപകാരമായി' എന്നാണ്. കാസർകോട് തൊട്ട് വാളയാർ തൊട്ട് തിരുവനന്തപുരത്ത് സ്വന്തം ഓഫീസിന്റെ മുറ്റത്തുവച്ചുപോലും വീഴ്ചപറ്റുന്ന

ഡി.ജി.പി.-യിൽനിന്നും കേരളം കോടതി വഴിയെങ്കിലും രക്ഷപ്പെട്ടുമല്ലോയെന്നാണ് നാട്ടുകാർ ആശ്വസിക്കുന്നത്. ഈ ഡി.ജി.പി.-ക്ക് ലോകനാഥ് ബഹ്റയെന്ന് ആരാണ് പേരിട്ടത്? ലോകനാഥനെന്നാൽ ലോകത്തെ രക്ഷിക്കുന്നവനെന്നാണ് അർത്ഥം. കേരളത്തിലെ മൂന്ന് കോടി ജനങ്ങളെ രക്ഷിക്കുന്നതിന് അദ്ദേഹത്തിന് കഴിയുന്നില്ല. അദ്ദേഹത്തെ നിയമിച്ച ആളിനെപ്പോലും രക്ഷിക്കാൻ കഴിയാത്ത ആളിന് ലോക് നാഥ് ബഹ്റയെന്ന് പേരിട്ടത് ആരാണെന്ന് മനസ്സിലാകുന്നില്ല. സാക്ഷാൽ മഹാവിഷ്ണുവിന്റെ പേരാണ് ലോകനാഥൻ. മഹാവിഷ്ണുവിന്റെ പേര് ഇതുപോലുള്ള ആളുകൾക്ക് ഇടുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയില്ല. ......(ബഹളം).....

<u>ശ്രീ. എം. ഉമ്മർ</u> : അവിടെയിരിക്കു.... അദ്ദേഹം പറയട്ടെ.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഇദ്ദേഹത്തിന്റെ പതിനൊന്ന് മാസത്തെ പ്രവർത്തനമെടുത്ത് നോക്കിയാൽ... ......(ബഹളം).....

<u>ശ്രീ. ആർ. രാജേഷ്</u> : സർ, സഭയിൽ സന്നിഹിതനല്ലാത്ത ഒരാളുടെ പേര് പറഞ്ഞ് അധിക്ഷേപിക്കുന്നത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം......... (ബഹളം).....

<u>മി. ചെയർമാൻ</u> : അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, എന്റെ സമയം കളയരുത് എനിക്ക് സമയമില്ല...

<u>മി. ചെയർമാൻ</u> : അദ്ദേഹം സംസാരിക്കട്ടെ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, എന്റെ സമയം തരണം.. ഇദ്ദേഹത്തിന്റെ പതിനൊന്ന് മാസത്തെ പ്രവർത്തനമെടുത്ത് നോക്കിയാൽ ലോക്നാഥ് ബഹ്റയെന്നല്ല ലോക ഭസ്മാസുര ബഹ്റയെന്നാണ് ഇടേണ്ടത്.

<u>മി. ചെയർമാൻ</u> : സഭയ്ക്ക് ആശാസ്യമല്ലാത്ത പരാമർശങ്ങൾ സഭാരേഖകളിൽ ഉണ്ടാകില്ല. പരിശോധിച്ച് തീരുമാനിക്കും.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഈ ഭസ്മാസുരന് വരം കൊടുത്തത് സാക്ഷാൽ പരമശിവനാണ്. ഈ പരമശിവനെ അവസാനം ആലിംഗനം ചെയ്യാൻ ചെന്നുവെന്നാണ് പറയുന്നത്.

<u>മി. ചെയർമാൻ</u> : സഭയിലില്ലാത്ത ആളുകളെക്കുറിച്ചുള്ള പരാമർശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കും.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, അവസാനം ശ്രീ പരമേശ്വരൻ വിഷ്ണുവിന്റെ അടുത്ത് അഭയം പ്രാപിച്ചു. അവസാനം വിഷ്ണു ഭഗവാൻ സ്ത്രീയുടെ വേഷത്തിലെത്തി ഭസ്മാസുരനെ നിഗ്രഹിക്കുകയാണ് ചെയ്തത്. ഈ സർക്കാരിനെ രക്ഷിക്കാനായി ഒരു

സ്ത്രീയും വേഷം കെട്ടി വരുമെന്ന് തോന്നുന്നില്ല. എനിക്ക് സമയം കൂടുതൽ നൽകേണ്ടിവരും.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നതിനാൽ എനിക്ക് കൂടുതൽ സമയം വേണ്ടിവരും. ......(ബഹളം).....

മി. ചെയർമാൻ : സഭയ്ക്ക് നിരക്കാത്ത... പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എനിക്ക് കൂടുതൽ സമയം തരേണ്ടിവരും.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ 307, ഈ സഭയിൽ ഇല്ലാത്ത ലോകനാഥ ബെഹ്റയെക്കുറിച്ച് അദ്ദേഹത്തിന് പേരിട്ടതിനെക്കുറിച്ചുള്ള പരാമർശം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. അദ്ദേഹം ഡി.ജി.പി. ആകുന്നതിന് മുമ്പാണ് അങ്ങനെയൊരു പേരിട്ടത്. അദ്ദേഹത്തിന്റെ പേര് പറഞ്ഞുകൊണ്ട് സഭയിൽ ഇല്ലാത്ത ഒരു വ്യക്തിയെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത് സഭാരേഖകളിൽ ഉണ്ടാകുവാൻ പാടില്ല.

മി. ചെയർമാൻ : അത് പരിശോധിച്ച് നടപടി സ്വീകരിക്കും.*

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അങ്ങയുടെ അധികാരമാണ് മാറ്റണമോ വേണ്ടയോ എന്നത്. ഇപ്പോൾ ലോകനാഥ് ബഹ്റയോട് ഇത്ര സ്നേഹമെന്താണെന്ന്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.1979/ഇ.ബി./2017/നി.സെ.തീയതി 3-5-2017) സഭാരേഖകളിൽ നിലനിറുത്താൻ തീരുമാനിച്ചു.

എനിക്ക് അറിയില്ല. എനിക്ക് പറയാനുള്ളത് മറ്റൊരു.........(ബഹളം).....

മി. ചെയർമാൻ : അദ്ദേഹം സംസാരിക്കട്ടെ,

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എനിക്ക് കൂടുതൽ സമയം നൽകേണ്ടിവരും എന്റെ പ്രസംഗം തടസ്സപ്പെടുത്തിയാൽ. ഇവിടെ മറ്റൊരു മേധാവിയുണ്ട്, ഇന്റലിജൻസ് മേധാവി. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ 'മണിച്ചിത്രത്താഴ്' സിനിമയിൽ ബാധകൂടി ബോധംപോയ കുതിരവട്ടം പപ്പുവിനെയാണ് നമുക്ക് ഓർമ്മ വരുന്നത്. മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാറിനെ അറിയാത്തവരാരാണ് ഇവിടെയുള്ളത്. ശ്രീ. വി. എസ്. സുനിൽകുമാർ തൃശ്ശൂർ ജില്ലയിലൂടെ കാറിൽ പോകുമ്പോൾ കൊച്ചുകുട്ടികൾപോലും പറയും, ടി.വി.-യിൽ ജോലിയുള്ള സുനിൽ അങ്കിൾ പോകുന്നു. കാരണം കഴിഞ്ഞപ്രാവശ്യം പ്രതിപക്ഷത്തിരുന്നപ്പോൾ അഞ്ചുവർഷക്കാലവും ചാനലിൽപോയി നിരന്തരം ചർച്ച നടത്തിക്കൊണ്ടിരുന്ന ആളാണ് സുനിൽ അങ്കിൾ. കേരളത്തിലെ മുഴുവൻ ആളുകൾക്കുമറിയാം അദ്ദേഹം വൈകിട്ട് ചാനലിൽ ചർച്ചയ്ക്ക് പോകുന്നത് പേസ്റ്റും ബ്രഷുമായിട്ടാണ്, കാരണം അന്ന് രാത്രി അവിടെ കിടക്കും പിറ്റേന്ന് ആ ദിവസത്തേയ്ക്കുള്ള ചർച്ചയുംകൂടി കഴിഞ്ഞിട്ടാണ് മടങ്ങിവരുന്നത്. അങ്ങനെയൊരാളെപ്പോലും ഇവിടത്തെ ഇന്റലിജൻസ് മേധാവിക്ക് തിരിച്ചറിയുവാൻ

പറ്റില്ലെന്ന് പറഞ്ഞാൽ എന്തൊരു ഇന്റലിജൻസ് മേധാവിയാണ്. അദ്ദേഹം വഴിതെറ്റി ചെന്നത് ഭാഗ്യത്തിന് റവന്യൂ വകുപ്പുമന്ത്രിയുടെ വീട്ടിലാണ്. പക്ഷെ തുറമുഖവകുപ്പുമന്ത്രി കടന്നപ്പള്ളി സാറിന്റെ വീട്ടിലെങ്ങാനുമാണ് ചെന്നിരുന്നതെങ്കിൽ അദ്ദേഹം എന്തായിരിക്കും പറയുക? ഇതാര് ഇത് നമ്മുടെ മുൻ പ്രധാനമന്ത്രി ഐ. കെ. ഗുജ്റാളല്ലേ എന്ന് ചോദിച്ച് പോരേണ്ട ഗതികേടുണ്ടാകും. ഇങ്ങനെയുള്ള ആളുകളെയാണ് പോലീസ് മേധാവിയാക്കി വയ്ക്കുന്നതെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന് പറയുക. ......(ബഹളം).....

<u>മി. ചെയർമാൻ</u> : അദ്ദേഹം സംസാരിക്കട്ടെ..

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ ശ്രീ. വി .എസ്. സുനിൽകുമാറിനെപ്പറ്റി നല്ല കാര്യമാണ് പറഞ്ഞത്. കേരളത്തിലെ മുഴുവൻ ആളുകളും അറിയുന്ന ആളാണ് ശ്രീ. വി. എസ്. സുനിൽകുമാറെന്നാണ് പറഞ്ഞത്. ഞാനൊരു കാര്യം ഇവിടെ പറയുകയാണ്. സ്ത്രീകളുടെ ശാപം ഏറ്റുവാങ്ങിയതാണ് ഈ ഗവൺമെന്റ്. മഹിജയടക്കം പൊമ്പിളൈ ഒരുമൈ അടക്കമുള്ള സ്ത്രീകളുടെ ശാപമേറ്റുവാങ്ങുന്ന.....

<u>മി. ചെയർമാൻ</u> : പോയിന്റ് ഓഫ് ഓർഡറാണ്. സമയം കൊടുക്കും.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>) : സർ, ക്യാബിനറ്റ് അംഗമായ ശ്രീ. വി. എസ്. സുനിൽകുമാറിനെ സംബന്ധിച്ച് വളരെ

മോശമായ ഒരഭിപ്രായമാണ് അദ്ദേഹമിവിടെ പ്രകടിപ്പിച്ചത്. വളരെ മോശമായ അഭിപ്രായമാണ്. ......(ബഹളം)..... ചാനൽ ചർച്ചയ്ക്ക് പോയിട്ട് അന്ന് അവിടെ കിടന്നിട്ട് പിറ്റേന്ന് രാവിലെയേ തിരിച്ച് വരുകയുള്ളൂയെന്നത് ആക്ഷേപാർഹമാണ്. ആ വാക്ക് പിൻവലിക്കണം.

മി. ചെയർമാൻ : അത്തരം വ്യക്തിപരമായ പരാമർശങ്ങൾ പരിശോധിച്ച് നടപടിയെടുക്കും.*

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അദ്ദേഹത്തെക്കുറിച്ച് ഞാൻ നല്ലതാണ് പറഞ്ഞത്. ആക്ഷേപിക്കുന്നുവെന്ന് തോന്നിയാൽ ആ ഭാഗമങ്ങ് മാറ്റിയേക്കൂ. ഞാൻ പറഞ്ഞുവന്നത് സ്ത്രീകളുടെ ശാപമുള്ള ഒരു ഗവൺമെന്റായി മാറരുത്. മഹിജയടക്കം പൊമ്പിളൈ ഒരുമൈ അടക്കമുള്ള ആളുകളുടെ ശാപം ഈ ഗവൺമെന്റിനുണ്ടാകരുതെന്നാണ് പറയുന്നത്. സ്ത്രീശാപം ഏറ്റുവാങ്ങിയാൽ ആ കുലംതന്നെ മുടിഞ്ഞുപോകും. മഹാഭാരത യുദ്ധം കഴിഞ്ഞ് ഗാന്ധാരി യുദ്ധഭൂമിയിലേയ്ക്ക് വരുമ്പോൾ ചീഞ്ഞളിഞ്ഞ ശരീരങ്ങളും അതുപോലെതന്നെ കയ്യുംകാലുകളും നഷ്ടപ്പെട്ട അർദ്ധപ്രാണനുള്ള ശരീരങ്ങളുമൊക്കെയാണ് അവിടെ കിടന്നത്. ഇതെല്ലാം ചോദിച്ചറിഞ്ഞ ഗാന്ധാരി ഈ യുദ്ധത്തിനെല്ലാം കാരണക്കാരനായ കൃഷ്ണനെപ്പോലും ശപിച്ചുവെന്നാണ് പറയുന്നത്. "ഹേ കൃഷ്ണാ,

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.1979/ഇ.ബി./2017/നി.സെ.തീയതി 3-5-2017) സഭാരേഖകളിൽ നിലനിറുത്താൻ തീരുമാനിച്ചു.

താങ്കളാണ് ഈ യുദ്ധത്തിന്റെയെല്ലാം കാരണക്കാരൻ, അങ്ങയുടെ കുലംപോലും മുടിഞ്ഞ് പോകട്ടെ"-യെന്ന് ആ ഗാന്ധാരി മനസ്സുരുകി ശപിച്ചുവെന്നാണ് പറയുന്നത്. സ്ത്രീകളുടെ ശാപമേറ്റുവാങ്ങേണ്ട സർക്കാരായി ഈ സർക്കാർ മാറരുത്. പുകവലിയുടെ പരസ്യത്തിൽ പറയുന്നുണ്ട്. ഈ നഗരത്തിനെന്ത് പറ്റി? ചിലയിടത്ത് ചാരം, ചിലയിടത്ത് പുക.. എന്ന് പറയുന്നതുപോലെ ഈ സർക്കാരിന് എന്ത് പറ്റി? ചിലയിടത്ത് രാജി ചിലയിടത്ത് ചോർച്ച. ചരിത്രത്തിലാദ്യമായിട്ടല്ലേ എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നത്? കേരളചരിത്രത്തിൽ ഇതുവരേയും ചോദ്യപേപ്പർ ചോർന്നിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് ചോദ്യപേപ്പർ ചോർന്നിരിക്കുകയാണ്. പത്താം ക്ലാസ് കണക്ക് പരീക്ഷ രണ്ടാമത് എഴുതേണ്ട സാഹചര്യം ആദ്യമായിട്ടുണ്ടായി. രണ്ടാം വിക്കറ്റിൽ നമ്മുടെ രവീന്ദ്രൻ മാഷാണ് പോകേണ്ടത്. പക്ഷേ രണ്ടാം വിക്കറ്റ് ശ്രീ. ശശീന്ദ്രനായിപ്പോയി. അദ്ദേഹത്തിന്റെ സമയം നല്ലഭാഗ്യമാണ് എന്നേ എനിക്ക് പറയാനുള്ളൂ. ഈ വർഷം പത്താം ക്ലാസ്സിൽ ജയിച്ച കുട്ടികളെല്ലാംകൂടി എന്റെ റബ്ബേ... എന്റെ റബ്ബേയെന്ന് വിളിച്ചുകൊണ്ടിരിക്കുകയാണ്. മുകളിലിരിക്കുന്ന പടച്ചോനെയല്ല വിളിക്കുന്നത്. പഴയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. പി. കെ. അബ്ദു റബ്ബിനെയാണ് വിളിക്കുന്നത്. കാരണം അദ്ദഹത്തിന് ഡോക്ടറേറ്റുമില്ല

പി.എച്ച്.ഡി.-യുമില്ല.

മി. ചെയർമാൻ : അങ്ങയുടെ സമയം അവസാനിക്കുകയാണ്. അങ്ങ് ചുരുക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വൈകി പരീക്ഷകൾ നടത്തിയെന്നത് ഒരു വസ്തുതയാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡറിന് സമയം കൊടുത്തു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഇല്ല എന്റെ സമയം കൂടുതൽ എടുത്തു.. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്.... സൂര്യനെല്ലിയിലെ പാപ്പാത്തിച്ചോലയിൽ കുരിശ് മാറ്റിയതൊന്നും അവിടുത്തെ സഭയായ സ്പിരിറ്റ് ഇൻ ജീസസ്-ന് ഇപ്പോൾ പരാതിയില്ല. സ്പിരിറ്റ് ഇൻ ജീസസ് സഭയ്ക്ക് ആകെ ഒരു പരാതിയുണ്ടായിരുന്നു, കുരിശെടുത്ത് മാറ്റിയെന്ന സംഭവത്തിൽ. പക്ഷേ ഇപ്പോൾ അവർക്ക് ആകെ ഒരു പരാതിയേയുള്ളൂ, കേരളത്തിലെ ഏറ്റവും കൂടുതൽ ഉപദേശികൾ ഉള്ള സഭയാണ് സ്പിരിറ്റ് ഇൻ ജീസസ്. ഇന്ന് ഏറ്റവും കൂടുതൽ ഉപദേശികൾ ഉള്ളതിൽ രണ്ടാം സ്ഥാനത്ത് കേരളാ ഗവൺമെന്റാണ്. ഇനിയും ഉപദേശികളെ വച്ച് കേരള ഗവൺമെന്റ് ഇപ്പോൾ സ്പിരിറ്റ് ഇൻ ജീസസിന്റെ ഒന്നാം സ്ഥാനം കളയരുത്

എന്ന് മാത്രമാണ് അവരുടെ ആവശ്യം. ഇതുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നന്ദി.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. അരാചകത്വവും അരക്ഷിതാവസ്ഥയും കൊടികുത്തിവാണ കഴിഞ്ഞ അഞ്ചു വർഷത്തെ നിരാശാഭരിതമായ അനുഭവങ്ങളുടെ മുമ്പിലാണ് ഇപ്പോൾ അപ്പുറത്തിരിക്കുന്നവരെ അപ്പുറത്താക്കിയ ജനവിധി ഉണ്ടായത്. ഇവിടെ കേരളം ഒരു ശുദ്ധീകരണത്തിന്റെ പാതയിലാണ്. രാജ്യത്തിന്റെ മുൻപിൽ ശിരസ്സ് കുനിഞ്ഞുപോയ ഒരു സംസ്ഥാനം തല ഉയർത്തി നിൽക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ഓർമ്മകൾ ഉണ്ടായിരിക്കണം എന്നത് ഒരു പഴയ സിനിമയുടെ പേര് മാത്രമല്ല, പ്രതിപക്ഷത്തെ എളിമയോടെ ഓർമ്മിപ്പിക്കാനുള്ള ഒരു കാര്യവുമാണ്. ബഹുമാന്യരായ ചില പ്രതിപക്ഷ അംഗങ്ങൾ ഇവിടെ സംസാരിക്കുന്നത് കേട്ടാൽ അസാധാരണവും അവിശ്വസനീയവുമായ മറവിരോഗം പിടിപെട്ടതുപോലെയാണ് നമുക്ക് തോന്നുക. അവരിപ്പോഴും കഴിഞ്ഞ ഭരണകാലത്തെ അനുഭവങ്ങളിൽനിന്നും മാനസികമായി വിമുക്തി നേടിയിട്ടില്ല. എന്തൊക്കെ ആയിരുന്നു ഈ കേരളത്തിൽ ഉണ്ടായിരുന്നത്, ഇവിടെ നടന്നിരുന്നത്? അതെല്ലാം സൗകര്യപൂർവ്വം മറക്കാൻ കഴിയുന്നതാണോ എന്ന്

നെഞ്ചിൽ കൈവച്ച് ആലോചിക്കുന്നത് നന്നാവും.

ഇവിടെ യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോഴാണ് ഇടുക്കി ജില്ലയിലെ രാജാക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസിൽ മദ്ധ്യസ്ഥത വഹിക്കുന്നതിനുവേണ്ടി കടന്നുചെന്ന, അതും കോൺഗ്രസ്സിന്റെ നേതാവ്, മധു എന്ന ചെറുപ്പക്കാരൻ. എന്താണ് അയാൾക്ക് നേരിടേണ്ടി വന്ന അനുഭവം; ഭീകരമായ മർദ്ദനം ഏറ്റുവാങ്ങി സഹിക്കാനാവാതെ ആ ലോക്കപ്പിൽ മലവിസർജ്ജനം നടത്തി. അതൊരു തെറ്റല്ല. കാരണം ആ തരത്തിലുള്ള മർദ്ദനമാണ് അയാൾക്ക് കിട്ടിയത്. ആ മലം അദ്ദേഹത്തെക്കൊണ്ട് കഴിപ്പിച്ചു, തീറ്റിച്ചു എന്നതാണ് അന്നവിടെ ഉണ്ടായത്. എല്ലായിടത്തും ഓടിനടന്ന് നിരാഹാരം നടത്തുന്ന ആദർശശാലികളെയൊന്നും അന്ന് രാജാക്കാട് കണ്ടിട്ടില്ല. നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു; ഞങ്ങൾ പ്രതിഷേധിച്ചു. യൂത്ത് കോൺഗ്രസ്സല്ലേ, മലം തിന്നോട്ടെ എന്ന് ഞങ്ങൾ കരുതിയില്ല. ഞങ്ങൾ മനുഷ്യാവകാശപ്രശ്നം ഉയർത്തി പ്രതിഷേധിച്ചു. പക്ഷേ നിങ്ങളാരും ഒന്നും മിണ്ടിയില്ല. നിങ്ങൾ മിണ്ടാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണല്ലോ ഡൽഹിയിൽനിന്ന് വിമാനം പിടിച്ച് തിരുവനന്തപുരത്തേയ്ക്ക് ബണ്ടി ചോർ എന്ന കള്ളൻ വന്നത്. വിമാനം പിടിച്ചൊരു കള്ളൻ വന്ന വിവരം ഇതിന് മുൻപ് എവിടെയെങ്കിലും

കേട്ടിട്ടുണ്ടോ? ബൈക്കിൽപോയി മാല പൊട്ടിച്ച എന്നൊക്കെ കേട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഡൽഹിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് വന്നത്? ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ കേരളത്തിൽ ഉള്ളതിനേക്കാൾ വസ്തുവകകൾ മോഷ്ടിക്കാൻ കിട്ടില്ലേ. കിട്ടാത്തതുകൊണ്ടല്ല. ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച നോക്കിയപ്പോൾ, ഗൂഗിളിൽ സെർച്ച് ചെയ്തപ്പോൾ മനസ്സിലായി, ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ പോലീസിനെ പേടിക്കാതെ മോഷണം നടത്താൻ പറ്റിയ ഒരേയൊരു സ്ഥലം ശ്രീ. ഉമ്മൻ ചാണ്ടി എന്ന മഹാനായ മനുഷ്യൻ മുഖ്യമന്ത്രിയായിരിക്കുന്ന ഈ കേരളമാണ്, തിരുവനന്തപുരമാണ് എന്ന്. ഇങ്ങോട്ടുവന്നു. ഇവിടെ ഒരു വീട്ടിൽ കയറി മോഷണം നടത്തി. അവിടെ സി.സി.ടി.വി. ക്യാമറ വച്ചിരുന്നു. ആ സി.സി.ടി.വി. ക്യാമറയിൽ ഈ കള്ളൻ വന്ന് മോഷ്ടിക്കുന്ന ദൃശ്യങ്ങളൊക്കെ പതിഞ്ഞിരുന്നു. കുറേ ദിവസംകഴിഞ്ഞ് ഗൃഹനാഥൻ വന്നു. 14 ദിവസം കഴിഞ്ഞാൽ ദൃശ്യങ്ങൾ മാഞ്ഞുപോകുന്ന മറ്റേടത്തെ സി.സി.ടി.വി. ആയിരുന്നില്ല ആ വീട്ടിലെ വീട്ടിലെ സി.സി.ടി.വി. അതുകൊണ്ട് ആ ദൃശ്യങ്ങളൊക്കെ കിട്ടി. അത് നേരെ പോലീസ് സ്റ്റേഷനിൽ കൊടുത്തു. പോലീസ് അറസ്റ്റ് ചെയ്തോ; ദൃശ്യങ്ങൾ കിട്ടിയിട്ട് ആ കള്ളനെ ഇവിടെനിന്ന് പിടിക്കാൻ കഴിഞ്ഞോ; മഹാരാഷ്ട്രയിൽ ചെന്നപ്പോൾ അവിടത്തെ പോലീസ് പിടിച്ച് കേരള

പോലീസിന് കൊടുത്തു. ഏറ്റവാങ്ങുന്ന പണിയായിരുന്നു അന്ന് കേരള പോലീസിന് ഉണ്ടായിരുന്നത്. ശരിയല്ലേ?

ബിട്ടി മോഹന്തി. ഒരു ബലാത്സംഗക്കേസിൽ ശിക്ഷിക്കപ്പെട്ട പ്രതി പരോളിൽ ഇറങ്ങിയിട്ട് സ്വന്തം മാതാപിതാക്കളെപ്പോലും കാണാൻ നിൽക്കാതെ കേരളത്തിലേയ്ക്ക് ഓടി വന്നില്ലേ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേരളത്തിലേയ്ക്ക്. ഇവിടെ വന്നിട്ട് ബാങ്കിന്റെ മാനേജരായില്ലേ; എന്ത് നിലപാടാണ് എടുത്തത്?

യൂണിഫോമിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെ നടുറോഡിലിട്ട് കുത്തിക്കൊന്നില്ലേ, മണിയൻപിള്ള എന്ന പോലീസ് ഉദ്യോഗസ്ഥനെ. കുപ്രസിദ്ധ കുറ്റവാളി ആട് ആന്റണി. ഒരു മാസംകൊണ്ട് പിടിച്ചോ; ഒരു കൊല്ലംകൊണ്ട് പിടിച്ചോ; രണ്ട് കൊല്ലംകൊണ്ട് പിടിച്ചോ; ഒരു രോമത്തിൽ തൊടാൻ സാധിച്ചോ അന്ന് കേരളാ പോലീസിന് ആട് ആന്റണിയുടെ. എത്ര അനുഭവങ്ങളാണുള്ളത്.

ജിഷയുടെ അനുഭവം ഇവിടെ എല്ലാവരും പറഞ്ഞു. ചെരിപ്പ് മരത്തിൽ കെട്ടിത്തൂക്കിയിട്ട് കാത്തിരിക്കുകയായിരുന്നില്ലേ. ഒരു ചെരിപ്പ് നഷ്ടപ്പെട്ട പ്രതി മറ്റേ ചെരിപ്പുമിട്ട് വരുമ്പോൾ പിടിക്കാം. അതായിരുന്നില്ലേ കണക്കുകൂട്ടൽ. എന്തെല്ലാം അനുഭവങ്ങൾ നമ്മളിവിടെ കണ്ടു. മധുവും ലാൽജിയും ഹനീഫയും. നിങ്ങൾതന്നെ അങ്ങോട്ടും ഇങ്ങോട്ടും കൊന്നു, തൃശ്ശൂരിൽ. മധുവിന്റെ അമ്മ കണ്ണീരോടെ പറഞ്ഞു,

ഈ ക്യാബിനറ്റിലെ ഒരു മന്ത്രിയാണ് ഇതിന്റെ പിന്നിലെന്ന്. നിങ്ങൾ എന്തു നടപടി സ്വീകരിച്ചു; രാഷ്ട്രീയ എതിരാളികളെ വേട്ടയാടുകയായിരുന്നില്ലേ. മണിയാശാനെതിരെ ഒരു പ്രസംഗത്തിന്റെ പേരിലാണ് നടപടിയെടുത്തത്. കേസെടുത്ത് ജയിലിൽ അടച്ചത്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആ കേസിന് ആസ്പദമായ പ്രസംഗം കുഴപ്പമുള്ളതാണെങ്കിൽ 'ഞങ്ങളും കൊന്നിട്ടുണ്ട്' എന്ന് ശ്രീ. എം. എം. ഹസ്സൻ പറയുമ്പോൾ എന്താണ് കേസെടുക്കാത്തത്; കോൺഗ്രസിന്റെ നേതാവ് ശ്രീമതി ജമീലാ ഇബ്രാഹിം കഴിഞ്ഞ ദിവസം എഴുകോണിൽ പ്രസംഗിച്ചല്ലോ, വർഷങ്ങൾക്ക്മുൻപ് ഒരു സി.പി.എം.കാരനെ കഷ്ണങ്ങളായി വെട്ടി നുറുക്കിക്കൊന്നത് ഡി.സി.സി. പ്രസിഡന്റ് സത്യശീലനും സഹോദരങ്ങളുമാണോന്ന്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രീ, അങ്ങേയ്ക്ക് ഇപ്പോഴും അഭിപ്രായം കേസെടുക്കണമെന്നാണോ; എങ്കിൽ ഒരു പ്രസ്താവനയെങ്കിലും അങ്ങ് പുറപ്പെടുവിക്കുമോ; രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടുകയാണ് നിങ്ങൾ ചെയ്തത്.

ഇന്നോവ കാറിൽവന്ന് ടി.പി. ചന്ദ്രശേഖരനെ കൊന്നു എന്നാണ് കേസ്. പക്ഷേ നിങ്ങളുടെ പ്രതിപ്പട്ടിക നോക്കിയാൽ ഇന്നോവ കാറല്ല. ഒരു കപ്പലിൽ ആളുവന്നതായിട്ടാണ് തോന്നുക. എത്ര പേരെയാണ് രാഷ്ട്രീയമായ വിരോധംകൊണ്ട് നിങ്ങൾ കേസിൽ പ്രതിയാക്കിയത്. ഇവിടെ ഇരിക്കുന്ന ശ്രീ. ടി. വി. രാജേഷിനെ

നിങ്ങൾ ജയിലിലടച്ചു. എന്തായിരുന്നു നിങ്ങളുടെ ഉദ്ദേശ്യം; ശ്രീ. പി. ജയരാജനെ, സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിനെ നിങ്ങൾ കാപ്പ ചുമത്തി അകത്താക്കി. രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാനാണ് എല്ലാ നിയമങ്ങളും നിങ്ങൾ ഉപയോഗിച്ചത്. എത്ര യു.എ.പി.എ. കേസുകൾ നിങ്ങൾ എടുത്തു. ഈ സർക്കാരിന്റെ കാലത്തോ? ഈ സർക്കാരിന്റെ കാലത്ത് യഥാർത്ഥ സാമൂഹ്യ വിരുദ്ധൻമാരെ കണ്ടുപിടിച്ച് തുറുങ്കിലടച്ച് ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. 6,471 ഗുണ്ടകൾ അറസ്റ്റ് ചെയ്യപ്പെട്ടു. അങ്ങനെയാണ് കേരളത്തിൽ സ്വൈര-സമാധാന അന്തരീക്ഷം ഉണ്ടായത്. ബിഷപ്പ് ഹൗസ് ആക്രമണം ഉൾപ്പെടെ 24 കേസിൽ പ്രതിയായ കോൺഗ്രസ്സ് നേതാവ് നെയ്യാറ്റിൻകരയിലെ വേണുഗോപാലിന്റെ മകൻ ശാന്തിഭൂഷൻ അകത്തായത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. നിങ്ങൾ പല ക്രിമിനലുകളെയും രക്ഷപ്പെടുത്താൻ ശ്രമിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി ശിക്ഷിച്ചിട്ട് ജയിലിൽ പോകാതെ നിയമവ്യവസ്ഥയെ വെല്ലുവിളിച്ച്, കബളിപ്പിച്ച് നടന്ന ഡേവിഡ് ലാലിയെ നിങ്ങൾക്ക് നല്ല പരിചയമുണ്ടല്ലോ. നിങ്ങളാണല്ലോ ഒളിപ്പിച്ചിരുന്നത്. ആ ഡേവിഡ് ലാലിയെ ഒരുലക്ഷം രൂപ പിഴയടച്ചിട്ട് കുറ്റവിമുക്തനാക്കാനുള്ള കടലാസിൽ ഒപ്പുവച്ചയാളാണ് നിങ്ങളുടെ മുഖ്യമന്ത്രി എന്നോർക്കണം. ഈ സർക്കാർ

അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ശിക്ഷിച്ച, നിങ്ങൾ ഒരുലക്ഷം രൂപ സംഭാവന വാങ്ങി വിടാൻ ഒപ്പുവച്ച ആ ഡേവിഡ് ലാലിയെ കാണണമെങ്കിൽ പൂജപ്പുര സെൻട്രൽ ജയിലിൽ പോയാൽമതി. അതാണ് ഈ സർക്കാരിന്റെ ചങ്കുറ്റം. അതാണ് ഞങ്ങൾ നടത്തുന്ന നിയമ സമാധാനപാലനം.

ഇപ്പോൾ നിങ്ങളുടെ കാലത്ത് തട്ടിപ്പുനടത്തി ആയിരക്കണക്കിന് കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയ ഉതുപ്പ് വർഗ്ഗീസിനെ ഓർമ്മയില്ലേ. ഉതുപ്പിനെ അകത്താക്കിയത് ഈ സർക്കാരാണ്, ഈ പോലീസാണ്. എത്രയെത്ര അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പ് നടത്തിയ പ്രതികളെ കേരളാ പോലീസ് ഡൽഹിയിൽപോയി പിടിച്ചു. കോവളത്തെ മരിയദാസ് വധം. കോവളത്തെ അംഗത്തിന് അറിയാമല്ലോ അക്കാര്യങ്ങളെല്ലാം. കോവളത്തെ മരിയദാസ് വധത്തിന് ഒരു തുമ്പും ഉണ്ടായിരുന്നില്ല. പ്രതികൾ തമിഴ്നാട്ടിലേയ്ക്ക് രക്ഷപ്പെട്ടു. ഒരാഴ്ചക്കുള്ളിൽ തമിഴ്നാട്ടിൽ പോയി പ്രതികളെ പിടിച്ചു. പാലക്കാട് ആലത്തൂരിലെ പ്രീതിയെ പൊള്ളാച്ചിയിൽ കൊണ്ടുപോയി കൊന്നു കുഴിച്ചിട്ടു. അവിടുന്ന് സ്വർണ്ണാഭരണങ്ങൾ അപഹരിച്ചു. രണ്ടാഴ്ചയേ വേണ്ടി വന്നുള്ളൂ, പ്രതികളെ അവിടെപ്പോയി പിടിച്ചു. തൃശ്ശൂരിലെ ഈസ്റ്റ് പോലീസിന്റെ പരിധിയിലുള്ള ലോലിതയെ തമിഴ്നാട്ടിലെ രാമപുരത്ത് കൊണ്ടുപോയി കൊന്നു. ഉടൻ

കേരളത്തിലെ പോലീസ് അവിടെ പോയി പ്രതിയെ പിടിച്ചു. കോട്ടയത്ത് അശ്വതി എന്ന ഗർഭിണി കൊല്ലപ്പെട്ടു. അഞ്ചാം ദിവസംതന്നെ കേരളത്തിലെ പോലീസ് പ്രതിയെ പിടിച്ചു. കൊച്ചിയിൽ മധ്യവയസ്കനെ കൊന്ന് കിണറ്റിൽത്തള്ളി. തൊഴിലുടമ ആയിരുന്നു പ്രതി. തൊഴിലുടമയെ മണിക്കൂറുവച്ച് പിടിച്ചു. തൊഴിലുടമയുടെ രൂപം കണ്ടപ്പോൾ പോലീസിന്റെ മുട്ട് വിറച്ചില്ല. ആ സ്വാതന്ത്ര്യവും ആത്മവിശ്വാസവും ഈ സർക്കാർ പോലീസിന് കൊടുത്തു.

നന്തൻകോട് മാതാപിതാക്കളെയടക്കം നാലുപേരെ കൊന്ന പ്രതി ഒളിവിൽപ്പോയി. പ്രതിയെ മൂന്നാം ദിവസം പിടിച്ചു. ഇത് കേരള പോലീസിന്റെ ട്രാക്ക് റിക്കോർഡല്ലേ; നമ്മളിപ്പോൾ കാണുന്നതല്ലേ. കാസർഗോഡ് റിയാസ് മൗലവി. വലിയ വർഗ്ഗീയ കലാപത്തിലേയ്ക്ക് പോകുമായിരുന്ന വിഷയം മണിക്കൂറുവച്ച് പ്രതിയെ പിടിച്ചതുകൊണ്ട് ആ നാടിന്റെ സമാധാനനില സംരക്ഷിക്കാൻ കഴിഞ്ഞു. എറണാകുളത്ത് നടി ആക്രമിക്കപ്പെട്ടു. ആറാം നാൾ പിടിച്ചു. ഒരാഴ്ച തികഞ്ഞില്ല, മുഴുവൻ പ്രതികളും അകത്തായി. ഇപ്പോൾ ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സ്ത്രീകൾക്ക് സ്വൈരമായി ഇറങ്ങി നടക്കാൻ കഴിയുന്നൊരു അന്തരീക്ഷം കേരളത്തിലുണ്ടായി.

കെ.എസ്.യു.വിന്റെ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് ജസ്ല.

കഴിഞ്ഞ ദിവസം മങ്കടയിൽനിന്ന് പെരിന്തൽമണ്ണയിലേയ്ക്ക് ഇരുചക്ര വാഹനത്തിൽ പോയപ്പോൾ അവരുടെ നേരെ അക്രമമുണ്ടായി. അവർ ആത്മരക്ഷാർത്ഥം നേരെ അടുത്ത പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നു. അവർക്കുണ്ടായ അനുഭവം അവരിപ്പോൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. എഴുത്തല്ല, പറഞ്ഞിരിക്കുന്നു അവർ, വീഡിയോ ക്ലിപ്പ്. അവരെന്താണ് പറയുന്നത്. " എനിക്ക് വലിയ ആഹ്ലാദവും അഭിമാനവും തോന്നുന്നു കേരളാ പോലീസിനെ കുറിച്ചോർത്ത്. മണിക്കൂറുകൾ ഒന്ന് തികയുന്നതിന് മുൻപ് മുഴുവൻ പ്രതികളെയും പിടിച്ച് എന്നെ വിളിച്ചു. മോളേ, സ്റ്റേഷനിലേയ്ക്ക് വരൂ. പ്രതികളെ തിരിച്ചറിയൂ. എനിക്ക് വലിയ അഭിമാനം തോന്നുന്നു കേരളാ പോലീസിനെക്കുറിച്ച്" എന്ന് കെ.എസ്.യു. നേതാവിന് പറയാൻ കഴിയണമെങ്കിൽ ആ കസേരയിൽ ശ്രീ. പിണറായി വിജയൻ ഇരിക്കേണ്ടി വന്നു എന്ന് നിങ്ങൾ ഓർക്കണം എന്നുമാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളൂ. ബഹുമാന്യനായ മുൻ ആഭ്യന്തരമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ഞാൻ ഉദ്ദേശിച്ചത് പ്രതിപക്ഷ നേതാവിനെയല്ല, അതിനുമുൻപുള്ള ആഭ്യന്തരമന്ത്രിയെയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുണ്ടായ പ്രമാദമായ കേസ്സുകളിൽ ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ഒരു നടപടി, അന്ന് സ്വീകരിക്കാൻ കഴിഞ്ഞോ? അങ്ങേയ്ക്ക് അറിയാമല്ലോ, ഗോപിനാഥക്കുറുപ്പ്

കൊല്ലപ്പെട്ടു. 5 ദിവസംകൊണ്ടോ, ഒരാഴ്ചകൊണ്ടോ, ഒരു കൊല്ലംകൊണ്ടോ പ്രതികളെ പിടിച്ചോ; തിരുനക്കര മൈതാനത്തിനു സമീപം പൂക്കട നടത്തിയ ശ്രീരാമൻ, കൊല്ലപ്പെട്ടു, പിടിച്ചോ; ചിങ്ങവനത്തെ അനീഷ് കൊല്ലപ്പെട്ടു, പിടിച്ചോ; ഇതൊക്കെ അങ്ങയുടെ മണ്ഡലത്തിലല്ലേ? പോട്ടെ, ഞാൻ അതൊക്കെ വിട്ടു. അന്നത്തെ മുഖ്യമന്ത്രിയുടെ വീടിനുനേരെ കല്ലെറിഞ്ഞു, മുഖ്യമന്ത്രിയുടെ വീടിനുനേരെ കല്ലെറിഞ്ഞ പ്രതിയെ പിടിക്കാൻ പറ്റിയോ? ആരാണ് പ്രതിയെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? എന്തുകൊണ്ടാണ് പിടിക്കാൻ സാധിക്കാതെ പോയത്; ആ അന്തരീക്ഷം ഇപ്പോൾ മാറിയിട്ടുണ്ട് എന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെയിപ്പോൾ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡി.ജി.പി.- കേസ്സിനെക്കുറിച്ചും കോടതിയെക്കുറിച്ചുമൊക്കെ പറഞ്ഞു, എത്ര കോടതി വിധികൾ നമ്മുടെ മുൻപിൽ ഉണ്ട്; ഇത് കോടതിയുടെ ചില പരാമർശങ്ങൾ, എത്ര പരാമർശം നമ്മുടെ മുൻപിൽ ഉണ്ട്; ഈ കോടതിയിൽ കേരളത്തിലെ ഗവൺമെന്റിനെ ആക്ഷേപിക്കുകയോ, പ്രതിക്കൂട്ടിൽ നിർത്തുകയോ ചെയ്യുന്ന ഒരു പരാമർശമുണ്ടോ; ഞാൻ പഴയ ഒരു കോടതി വിധിയെക്കുറിച്ച് ഓർമ്മപ്പെടുത്താം, ഗോമതി Vs സ്റ്റേറ്റ് ഓഫ് കേരള, ഗവൺമെന്റ് ഉത്തരവ് റദ്ദാക്കിക്കൊണ്ട് അന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞ കമന്റ് എന്താണെന്ന് ഓർമ്മയുണ്ടോ? അതിൽ ഒരു ഭാഗം ഇങ്ങനെയാണ്, I

set aside the Government Order as illegal, arbitrary and unconstitutional, ആ വിധി ന്യായത്തിൽ പരാമർശിക്കുന്ന മറ്റുചില വാക്കുകൾ ഇതാണ് extraneous consideration, undue influence, not bonafide, dis-respectable to law ഒരു വിധിന്യായത്തിലാണ് ഇത്രയുംകൂടി പൊതിഞ്ഞുകെട്ടി നിങ്ങൾക്ക് തന്നത്. ഇതാണ് നമ്മുടെ മുൻപിലുള്ള അനുഭവം. കഴിഞ്ഞ മുഖ്യമന്ത്രിയെ ചൂണ്ടി കേരളാ ഹൈക്കോടതി, ഒരു കേസ്സിന്റെ വിചാരണവേളയിൽ ചോദിച്ചു, ഈ ഓഫീസ് കുറ്റവാളികളുടെ താവളമായി മാറിയിരിക്കുന്നുവോ? കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ അനുഭവമായിരുന്നില്ലേ ഇത്; ഇതെല്ലാം നമ്മുടെ മുൻപിലുണ്ട്. അപ്പോഴാണ് രാവിലെ റൂൾ 50-യുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്, കേരളത്തിൽ ഡി.ജി.പി. ഇല്ലാത്തതിനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ലജ്ജ തോന്നുന്നു എന്ന്. എനിക്ക് ബഹുമാനമുള്ള ആളാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തോട് വളരെ വിനയത്തോടുകൂടി പറയുന്നു, അക്കാര്യത്തിൽ അങ്ങ് അങ്ങനെ ലജ്ജിക്കേണ്ടതുണ്ടോ? ഒരാഴ്ചയല്ലേ ആയിട്ടുള്ളൂ, നമുക്ക് ഡി.ജി.പി.യെ വയ്ക്കാം. ഇനി അങ്ങേയ്ക്ക് ലജ്ജിക്കണമെന്നുണ്ടെങ്കിൽ വേണമെങ്കിൽ കെ.പി.സി.സി.ക്ക് ഒരു സ്ഥിരം പ്രസിഡന്റിനെ നിയമിക്കാൻ കഴിയാത്തതിനോ മറ്റോ ലജ്ജിക്കുക എന്നല്ലാതെ

ഇക്കാര്യത്തിൽ ലജ്ജിക്കേണ്ടതായിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ കേസ്സുകളുടെ എണ്ണത്തെക്കുറിച്ച് ആരോ പറഞ്ഞു, മലയാള മനോരമ ഒരു കളവ് എഴുതിക്കഴിഞ്ഞാൽ ആ കളവ് നിങ്ങൾക്ക് തലയിലേറ്റി നടക്കാൻ കഴിയും. പക്ഷേ കേരളത്തിലെ ജനങ്ങളെല്ലാം ആ നിലവാരത്തിലാണ് എന്ന് നിങ്ങൾ ധരിക്കരുത്. കഴിഞ്ഞ 8 മാസത്തെ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ, അതിനുമുൻപ് നിങ്ങൾ ഭരിച്ചിരുന്ന 8 മാസവുമായി താരതമ്യം ചെയ്യുമ്പോൾ 29740 കേസ്സുകൾ കുറവാണ്, അതാണ് കണക്ക്. തെറ്റായ ഒരു വാർത്ത പ്രചരിപ്പിക്കാൻ കുറച്ച് കടലാസ്സ് കയ്യിലുണ്ടെന്ന് കരുതി, യു.ഡി.എഫിന്റെ അനൗദ്യോഗിക മുഖപത്രമായി പ്രസിദ്ധീകരിക്കുന്ന മലയാള മനോരമയും ചില ചാനലുകളുമുണ്ടെന്നു കരുതി ഞങ്ങളെയങ്ങ് ഭസ്മീകരിക്കാമെന്ന് ആരും കരുതേണ്ട. മാധ്യമങ്ങൾ പാലൂട്ടി വളർത്തിയവരല്ല ഞങ്ങൾ, അവരുടെ താരാട്ട് പാട്ടുകേട്ട് ഉറങ്ങിയവരുമല്ല ഞങ്ങൾ. ഞങ്ങൾ ഈ എതിർപ്പുകളെയെല്ലാം നേരിട്ട്, സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി പോരടിച്ചുവളർന്നു വന്നവരാണ്. നിങ്ങൾക്ക് ഈ പ്രചരണത്തിന്റെ എല്ലാ കുത്തക സംവിധാനങ്ങളുമുണ്ടെന്നും, അതുകൊണ്ട് വീക്ഷണത്തിന് ക്ഷീണമുണ്ടെങ്കിലും കോൺഗ്രസ്സിന് ക്ഷീണമുണ്ടാകില്ല എന്നും കരുതിയെങ്കിൽ ആ ധാരണ തെറ്റാണെന്ന് കേരളത്തിലെ ജനങ്ങൾ

വിധിയെഴുതിയതുകൊണ്ടാണ് ഇപ്പോൾ ഞങ്ങൾ ഇവിടെയും നിങ്ങൾ അവിടെയും ഇരിക്കുന്നത് എന്നെങ്കിലും ഓർക്കണമെന്ന മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

ഇവിടെ സ്ത്രീത്വത്തെക്കുറിച്ച് പറഞ്ഞു, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാന്യനായ ഷൊർണ്ണൂർ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി, രണ്ട് എം.എൽ.എ. മാരുടെ പേരിൽ - ഒരു തെക്കുള്ള എം.എൽ.എ.യുടെയും ഒരു വടക്കുള്ള എം.എൽ.എ.യുടെയും പേരിൽ, ബലാൽസംഗം ചെയ്തു ഈ കശ്മലൻമാർ എന്നു പറഞ്ഞ് കേരളാ പോലീസിന് പരാതികൊടുത്ത രണ്ട് സ്ത്രീകൾ ഉണ്ടായിരുന്നില്ലേ; എന്തു നടപടി സ്വീകരിച്ചു നിങ്ങൾ? നിങ്ങളുടെ ഭരണകാലത്ത് ഒരു വനിതാ വ്യവസായ സംരംഭക അധികാര കേന്ദ്രത്തിലേയ്ക്ക് വന്നപ്പോൾ, മുഖ്യമന്ത്രിയുടെ അടക്കം എന്തായിരുന്നു അനുഭവം; ആ സംരംഭകയെ ഒന്ന് ഉറങ്ങാൻ സമ്മതിച്ചിട്ടുണ്ടോ നിങ്ങൾ; കൂടുതൽ ഒന്നും എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. ഇപ്പോൾ ഗോമതിയുടെ സമരം ഏറ്റെടുക്കുകയാണ്. ഇങ്ങനെയൊരു ഗതികേട് ... (ബഹളം)..... അങ്ങയെയല്ല ഞാൻ ഉദ്ദേശിച്ചത്.......അങ്ങ് ഒരു ഈച്ചയെപ്പോലും ബലാൽസംഗം ചെയ്യാത്ത ആളാണ്.....ഗോമതിയുടെ സമരം എടുത്ത് തലയിൽ വയ്ക്കേണ്ട ഗതികേട് വന്നല്ലോ നിങ്ങൾക്ക്. പെമ്പിളൈ ഒരുമൈ സമരം എന്നാണ് പറഞ്ഞത്, എന്തൊരു അന്യായമാണ്. പെമ്പിളൈ ഒരുമൈ സമരം അവിടെ

നടന്നത് നമ്മൾ കണ്ടതല്ലേ; ആയിരക്കണക്കിന് സ്ത്രീകൾ ഒഴുകി വന്ന സമരം. ഇത് ഗോമതിയും പിന്നെ ഗോമതിയും ചേർന്ന് നടത്തിയ സമരമല്ലേ? ഇവിടെയൊരു കോൺഗ്രസ്സുകാരൻ തിരുവനന്തപുരത്ത് സമരം നടത്തിയിട്ട് ഇത് കോൺഗ്രസ്സിന്റെ സമരമാണെന്ന് പറഞ്ഞാൽ, ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ഇത് കോൺഗ്രസ്സിന്റേതല്ല എന്നുപറഞ്ഞാൽ നമ്മൾ ആരെങ്കിലും കോൺഗ്രസ്സ് സമരമാണെന്ന് പിന്നെ വിളിക്കുമോ? പെമ്പിളൈ ഒരുമൈയുടെ പ്രസിഡന്റ് പറയുന്നത് ഇത് ഞങ്ങളുടെ സമരമല്ല എന്നാണ്. ആരും ഏറ്റെടുക്കാനില്ലാതെ അനാഥമായിപ്പോയ ഒരു സമരം എടുത്ത് തലയിൽവച്ച് അതിന്റെകൂടി അപമാനം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട കോൺഗ്രസ്സിനേയും യു.ഡി.എഫ്.നേയും അങ്ങേയറ്റം ദയനീയതയോടെ ഈ കേരളം കാണുകയാണ്. ഞാൻ നിർത്തുന്നു, ആയിരം കാതം നീണ്ടുനിൽക്കുന്ന യാത്ര ആരംഭിക്കുന്നത് ഒരു ചുവട്‌വയ്പിൽ നിന്നാണെന്ന് പറയാറുണ്ട്. ഞങ്ങൾ ഇവിടെ ആ ചുവട് വച്ചു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ധീരമായി മുന്നോട്ടു പോകും, ഇത് അഞ്ചു കൊല്ലത്തെ യാത്രയല്ല, അഞ്ച് പതിറ്റാണ്ടിനുമപ്പുറം നീണ്ടുനിൽക്കുന്ന യാത്രയാണ് കേരളത്തിൽ ഇടതുപക്ഷം പോകുക. ഞാൻ ഈ ധനാഭ്യർത്ഥനെയെ ഒരിക്കൽ കൂടി പിൻതുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം.കെ. മുനീർ: സർ, കേരളത്തിന്റെ മുഖ്യമന്ത്രിയും പോലീസ് വകുപ്പ് മന്ത്രിയും ഡി.ജി.പി.യുമായ ധർമ്മടം മെമ്പർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇതിനെ അനുകൂലിക്കാനുള്ള യാതൊരു കാരണവും എത്ര തിരഞ്ഞുനോക്കിയിട്ടും കാണുന്നില്ല. കാരണം, ഞാൻ ഇവിടെ നോക്കുന്ന എല്ലാ പത്രത്തിലും മാർക്സിസ്റ്റ്-കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം തന്നെ പോലീസിനെ നിലയ്ക്ക് നിർത്തണം എന്നു പറയുന്ന വാർത്തകളാണ്. സംസ്ഥാന പോലീസിനെ നിലയ്ക്ക് നിർത്തണം - കോടിയേരി ബാലകൃഷ്ണൻ. മുഖ്യമന്ത്രി നടപടിയെടുക്കണം - ഡോ. സെബാസ്റ്റ്യൻ പോൾ. അങ്ങനെ പോലീസിനെതിരെയുള്ള വാർത്തകൾ ഇപ്പോൾ നിരന്തരം വായിക്കാൻ കഴിയുന്നത് ദേശാഭിമാനി പത്രത്തിലും ജനയുഗത്തിലുമാണ്. അതുകൊണ്ട് മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുന്നതിൽ എവിടെയാണ് പിശക് പറ്റിയത് എന്ന് അങ്ങ് കാര്യമായി പരിശോധിക്കണം.

ഇന്ന് നമ്മൾ സംസാരിച്ചുകൊണ്ടിരുന്ന മുഴുവൻ വിഷയങ്ങൾക്കും സമാന്തരമായിട്ടുള്ള ധാരാളം കാര്യങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിലൊന്ന് ഉത്തർപ്രദേശിലാണ്. ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥ്, അദ്ദേഹം വന്ന ഉടൻ ചെയ്തിട്ടുള്ളത് ജാവേദ് അഹമ്മദ് എന്നുപറയുന്ന ഡി.ജി.പിയെ മാറ്റി, സുഖ്സൻ സിങ്ങ് എന്നു പറയുന്ന പുതിയ

ആളെക്കൊണ്ടുവന്നു. അതിന്റെ പേരിൽ അവിടെ വലിയ കോലാഹലങ്ങൾ നടക്കുകയാണ്. നിയമപരമായി അതിനെ നേരിടുന്ന വിഷയംവരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ മാതൃകയുണ്ട്. എനിക്ക് പറയാനുള്ളത് അങ്ങ് പഞ്ചാബിനെ മാതൃകയാക്കണമെന്നാണ്. അവിടെ അമരീന്ദർ സിങ് വന്നയുടൻ സുരേഷ് അറോറ എന്നുപറയുന്ന ഡി.ജി.പി., കഴിഞ്ഞ ഗവൺമെന്റിന്റെ ആളായതിനാൽ ഈ മുഖ്യമന്ത്രി വന്നാൽ എന്നെ ആദ്യം തന്നെ കൈകാര്യം ചെയ്യുമെന്ന് കരുതി കേന്ദ്രത്തിലേയ്ക്ക് ഡെപ്യൂട്ടേഷനുവേണ്ടി എഴുതിക്കൊടുത്തു. അന്ന് മൗർമന്ദിയിൽ കോൺഗ്രസ്സ് പ്രചാരണം നടത്തുന്ന സമയത്ത് റാലിയിൽ കാർബോംബ്വരെവച്ച എന്ന വിഷയമടക്കം പ്രശ്നമാകുമെന്ന് കരുതിയിട്ടാണ് ഡി.ജി.പി. സ്ഥലംവിടാൻ തീരുമാനിച്ചത്. എന്നാൽ പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിങ് പറഞ്ഞു, ഞങ്ങൾ അങ്ങനെ രാഷ്ട്രീയപരമായി എന്തെങ്കിലും വൈരാഗ്യം വച്ച് പുലർത്തുന്നവരല്ല, അതുകൊണ്ട് നിങ്ങൾ ഇവിടെ ഡി.ജി.പി.-യായി തുടരണം എന്നാണ്. അങ്ങനെ പറയാനുള്ള അന്തസ്സ് കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി അവിടെ കാണിക്കുകയുണ്ടായി. അങ്ങേയ്ക്ക് രാഷ്ട്രീയപരമായി പല കാരണങ്ങളും സമ്മർദ്ദങ്ങളും ഉണ്ടായേക്കാം, പക്ഷെ ഒരു പോലീസ് മന്ത്രിയെന്ന നിലയ്ക്ക് അങ്ങ് ആ പദവിയുടെ അന്തസ്സ് കാത്തു

സൂക്ഷിക്കേണ്ടതാണ്. മൂന്ന് ദിവസം കൊണ്ട് ഒരു ഡി.ജി.പി.യെ മാറ്റുന്നതിനു വേണ്ടിയുള്ള തീരുമാനം, അത് ഏതുഭാഗത്തു നിന്നുള്ള സമ്മർദ്ദത്തിന്റെ പേരിലാണെങ്കിലും അങ്ങ് അതിന് വഴങ്ങാൻ പാടില്ലായിരുന്നു. മാത്രമല്ല അവസാനം സുപ്രീം കോടതിയിൽ എത്തിയപ്പോൾ, ഫയലിൽ വരെ മാനിപ്പുലേഷൻ നടന്നു എന്ന ഞെട്ടിപ്പിക്കുന്ന കഥയാണ് സുപ്രീം കോടതി പറയുന്നത്. ആ ഫയലിൽ പുറ്റിങ്ങൽ കേസ്സുമായി ബന്ധപ്പെട്ട് അന്നത്തെ ഡി.ജി.പി. ശ്രീ. ടി.പി. സെൻകുമാർ 9 കാര്യങ്ങൾ അക്കമിട്ട് എഴുതിയിരുന്നു. അതിന്റെ പിന്നിൽ പിന്നീട് സി.എം. ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ ആ ഫയൽ വിവരാവകാശ കമ്മീഷൻ വഴി എടുത്തു നോക്കുന്ന സമയത്താണ് കാണുന്നത്, ആ രണ്ടു പേജും കാണാനില്ല. പകരം ഒറ്റദിവസംകൊണ്ട് അന്നത്തെ ഹോം സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും എഴുതിയിട്ടുള്ള 14 പേജ് പുതുതായി എഴുതിച്ചേർത്തു എന്നുള്ള ഞെട്ടിക്കുന്ന കഥയായിട്ട് പറയുന്നത്. ആ രേഖകൾ കിട്ടാത്തതുകൊണ്ട് ഞങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടുള്ള കാര്യങ്ങൾവച്ചു പറയുകയാണ്. അങ്ങനെ ഒരു ഫയൽ മാനിപ്പുലേറ്റ് ചെയ്യാൻ ഒരിക്കലും ഒരു ഉദ്യോഗസ്ഥയെ അനുവദിക്കാൻ പാടില്ലായിരുന്നു. ചീഫ് സെക്രട്ടറിപോലും കാണാതെ ആ ഫയൽ അങ്ങയുടെ അടുത്ത് വരുമ്പോൾ, എന്തുകൊണ്ട് ഇത് ചീഫ് സെക്രട്ടറിയെ കാണിച്ചില്ല എന്ന്

ചോദിക്കാനുള്ള ഒരു ധൈര്യം അങ്ങ് കാണിക്കേണ്ടതായിരുന്നു. ഇതിനർത്ഥം എവിടെയോ എന്തൊക്കെയോ നമുക്കൊന്നും അറിയാത്ത കാര്യങ്ങൾ നടക്കുന്നുണ്ട് എന്നുള്ളതാണ്. അത്തരം കാര്യങ്ങൾ ഒരിക്കലും കേരളത്തിൽ സംഭവിക്കാൻ പാടില്ല. നിങ്ങൾ ആ ഫയൽ എടുത്ത് നോക്കിക്കഴിഞ്ഞാൽ ഈ 14 പേജും എഴുതിയത് ഒരു ദിവസം, ചീഫ് സെക്രട്ടറി കാണാതെ മുഖ്യമന്ത്രി ഒപ്പിട്ടതും ഒരു ദിവസം. ഇതിനെക്കുറിച്ച് സുപ്രീം കോടതി അവിടെ വാദം നടക്കുന്നതിനിടയിൽ പറഞ്ഞിട്ടുള്ളത്, in some places some fluids have been used എന്നാണ്. ചില സ്ഥലത്ത് ഇത് മായ്ക്കുന്നതിനുവേണ്ടി എന്തൊക്കെയോ നീര് ഉപയോഗിച്ചിരിക്കുന്നു എന്നാണ്. രണ്ടാമതായി, ഇട്ടിരിക്കുന്ന ഓർഡർ നമ്പറുകൾ, പേജ് നമ്പറുകൾ ഇവയൊക്കെ വ്യത്യസ്തമാണ് എന്നാണ്. അപ്പോൾ എന്തൊക്കെയോ അതിനകത്തുണ്ട് എന്ന സംശയം സുപ്രീം കോടതിയ്ക്കുണ്ടായതുകൊണ്ടാണ് ഇതിന് വല്ലാത്ത ഒരു വിധി വരാനുള്ള കാരണം. അങ്ങനെ സംഭവിക്കാൻ എന്തായിരുന്നു കാരണം എന്നന്വേഷിക്കാൻ മുഖ്യമന്ത്രി എന്ന നിലയ്ക്ക് അങ്ങേയ്ക്ക് ഉത്തരവാദിത്തമുണ്ടായിരുന്നു. അത് അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥയാണ് ചെയ്തതെങ്കിൽ എനിക്ക് പറയാനുള്ളത്, ഉദ്യോഗസ്ഥർ രാഷ്ട്രീയമായ ആയുധങ്ങളായി മാറരുത് എന്നാണ്. ഇതേപോലെ കരുതിക്കൂട്ടിയുള്ള അനുസരണക്കേടിന്

വാസുദേവൻ എന്ന കർണ്ണാടകത്തിലെ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്, ഒരു എൻജിനീയറെ ചീഫ് എൻജിനീയറാക്കണമെന്ന കോടതിവിധി നടപ്പിലാക്കാത്തതിന്റെ പേരിൽ ഒരുമാസം തടവറയിൽ കിടക്കേണ്ടി വന്നിട്ടുണ്ട് എന്ന സത്യം ഇത്തരം ഉദ്യോഗസ്ഥർ ഓർക്കുന്നത് നന്നായിരിക്കും. ആരെങ്കിലും പറയുന്നതിനനുസരിച്ച്, അതിന്റെ താഴെ എഴുതിക്കൊടുക്കേണ്ട ചുമതലയല്ല ഉദ്യോഗസ്ഥർക്കുണ്ടാകേണ്ടത് എന്നുമാത്രമാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസിനെക്കുറിച്ചുള്ള വിഷയങ്ങൾ ദിവസവും വരുന്നത് അങ്ങേയറ്റം ലജ്ജാകരമായിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; കഴിഞ്ഞ എട്ടുമാസത്തിനുള്ളിൽ രാഷ്ട്രീയ കൊലപാതകങ്ങൾ - 18, ദളിത് പീഡനങ്ങൾ - 7200, ക്രിമിനൽ കേസുകൾ - 1,75,000, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം - 3200, ലഹരിമരുന്ന് കേസുകൾ - 4200, പീഡന കേസുകൾ - 1100. ഇത്തരം കേസുകളൊക്കെ ഇവിടെ നടക്കാനുള്ള കാരണം കേരളം അതിന് പാകപ്പെട്ട ഒരു സംസ്ഥാനമായി മാറുകയാണ് എന്നതുകൊണ്ടാണ്. എന്റെ സുഹൃത്ത് ശ്രീ. എം. സ്വരാജ്, ഡൽഹിയിൽ നിന്ന് ബണ്ടി ചോർ ഇവിടെ വന്നുവെന്ന് പറഞ്ഞില്ലേ; അത് ഇന്ത്യയിൽ നിന്നാണല്ലോ, കേരളം പറ്റിയ സ്ഥലമാണെന്ന് കണ്ടതിനാൽ ബണ്ടി

ചോർ വന്നു. പക്ഷേ വിദേശത്തുനിന്നും നോക്കിയപ്പോൾ അവിടെയും കണ്ടത്, കേരളമാണ് ഇപ്പോൾ പറ്റിയ സമയം എന്ന് മനസ്സിലാക്കിയാണ് ബൾഗേറിയയിൽ നിന്നും റുമാനിയയിൽ നിന്നും എ. ടി. എം. കവർച്ചയ്ക്ക് അവിടുത്തെ ആളുകൾ വന്നു തുടങ്ങിയത്. അതുകൊണ്ട് ഇപ്പോൾ കേരളം അന്തർദ്ദേശീയമായ തലത്തിൽ അറിയപ്പെടുന്നൊരു സാഹചര്യത്തിലേയ്ക്കെത്തിച്ചിട്ടുള്ള നിങ്ങൾക്ക് എന്റെ നമോവാകം എന്നുമാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. എന്തുകൊണ്ടാണ് കോടതിക്ക് എല്ലാ കാര്യത്തിലും ഇടപെടേണ്ടി വരുന്നത്? അത് എക്സിക്യൂട്ടീവ് ദുർബ്ബലമാകുന്ന സമയത്താണ് കോടതിക്ക് ഇടപെടേണ്ടി വരുന്നത്.

ശ്രീ. എം. സ്വരാജ്: വിദേശത്തുനിന്ന് വന്നവരെ ഇവിടെ പിടിച്ചു. ഡൽഹിയിൽ നിന്ന് വന്നവരെ നിങ്ങൾ പിടിച്ചില്ല, അതാണ് വ്യത്യാസം. മഹാരാഷ്ട്ര പോലീസാണ് നിങ്ങൾക്ക് പിടിച്ചുതന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംയുക്തമായിട്ടാണ് അന്ന് പിടിച്ചത്.

ശ്രീ. എം. കെ. മുനീർ: അതും പിടിച്ചു, ഇതും പിടിച്ചു. ഇതിലും മറ്റ് പോലീസുകാരുണ്ട്, സംയുക്തമായിട്ടാണ് ഇത്തരം കേസുകളിലെ പ്രതികളെ പിടിക്കാറുള്ളത്. റുമാനിയയുണ്ടല്ലോ, പോളണ്ടിനെക്കുറിച്ച് മാത്രം പറയില്ല.

എം. എം. മണിയുടെ വിഷയത്തിലും കോടതി ചോദിച്ചതെന്താണ്; ഇവിടെയൊരു ഡി. ജി. പി. ഇല്ലേ ഇത്തരം കാര്യങ്ങളിൽ കേസെടുക്കാൻ എന്നാണ്. അവിടെയും പോലീസ് ഇല്ലേ എന്നാണ് ചോദിക്കുന്നത്. കോടതി വിധി വന്നു, ഡി. ജി. പി. ഇല്ലേ എന്ന് കോടതി ചോദിച്ച് അന്ത്യശാസനം കഴിഞ്ഞശേഷവും നമ്മുടെ പ്രിയപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി വേറെ എന്തോ വാക്ക് ഉപയോഗിച്ച് കൈകൊണ്ട് ആംഗ്യം കാണിച്ചത് ഞങ്ങൾ കണ്ടു. ആ വാക്ക് ഞാൻ ഇവിടെ പറയുന്നില്ല. അദ്ദേഹത്തിന് ഇനിയെത്ര അന്ത്യശാസനം പാർട്ടിയിൽ ബാക്കിയുണ്ടെന്ന് മാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. എന്ത് ചെയ്താലും അത് ശരിയാകുമെന്ന് തോന്നുന്നില്ല. കാരണം ചിലത് അങ്ങനെയാണ്, ഏതെങ്കിലും കുഴലിലിട്ട് വച്ചാലും, അത് നേരെ നിൽക്കുമെന്ന് കരുതിയാലും അത് വളയുക തന്നെ ചെയ്യും. ആ ഒരവസ്ഥ ഇനി ഇല്ലാതാക്കാൻ ശ്രമിക്കണം. പ്രിയപ്പെട്ട മുഖ്യമന്ത്രീ, ഒരു കണക്കുണ്ടല്ലോ, '10 mm = 1 cm' എന്നാണ്, 10 എം. എം മണി കൂടിയാൽ മാത്രമേ ഒരു മുഖ്യമന്ത്രി ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് ഇങ്ങനത്തെ ആളുകളെ വച്ച് മന്ത്രിസഭ മുന്നോട്ടു കൊണ്ടുപോകുന്നത് ഗുണകരമാണോയെന്നും അങ്ങ് ഇക്കൂട്ടത്തിൽ പരിശോധിക്കണം. ഏതായാലും പോലീസ് കേസെടുക്കണമെന്ന് പറഞ്ഞുകൊണ്ട്, ഞങ്ങളുടെ പ്രതിപക്ഷ നേതാവടക്കം കത്ത് കൊടുത്തിട്ടും ഇതുവരെ അത്

എവിടെയുമെത്തിയിട്ടില്ല. അത് എത്രയുംപെട്ടെന്ന് നടപ്പാക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇത്തരം വിഷയങ്ങളുണ്ടാകുമ്പോൾ അതിനകത്തെങ്കിലും ചർച്ചയുണ്ടാവണം. മുന്നണിക്കകത്ത്, സി.പി.ഐ, സി.പി.ഐ.(എം) എന്നൊക്കെയുണ്ടല്ലോ, സി.പി.ഐ. പോലീസിനെതിരെ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, സി.പി.ഐ.(എം)-നകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ ഇവയൊക്കെ കേൾക്കുമ്പോൾ സാജൻ പീറ്റർ എന്ന മുൻ ഹോം സെക്രട്ടറി അദ്ദേഹത്തിന്റെ വാട്ട്സാപ്പ് പോസ്റ്റിൽ പറഞ്ഞകാര്യമാണ് ഇവിടെ പറയാൻ തോന്നുന്നത്. പണ്ട് യേശുക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ രണ്ട് കുരിശിൽ രണ്ട് കള്ളന്മാരേയും കൂടി തറച്ചിരുന്നു. വലത്തുള്ള കള്ളന് സാൽവേഷൻ കിട്ടി, സി.പി.ഐ.യോട് പറയാൻ ആഗ്രഹിക്കുകയാണ്, ഇടത്തുള്ള കള്ളന് മോക്ഷം കിട്ടിയില്ല എന്നുമാത്രമല്ല അദ്ദേഹം നിത്യനരകത്തിലേയ്ക്ക് പോയി എന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് ഇങ്ങനെ ഇടത്ത് നിൽക്കുന്ന മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി നിത്യനരകത്തിലേയ്ക്ക് പോകാതെ മുഖ്യമന്ത്രി നോക്കണമെന്ന കാര്യവുംകൂടി പറഞ്ഞുകൊണ്ട്, എതിർപ്പ് ഒന്നുകൂടി പ്രകടിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, സംസ്ഥാന പോലീസ്, ജയിലുകൾ എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പോലീസ്

വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആദ്യം പറയാമെന്നാണ് കരുതിയത്. എന്നാൽ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് എം. കെ. മുനീർ ശ്രീ. എം. എം. മണിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് അതേക്കുറിച്ച് പരാമർശിച്ചശേഷം പോലീസ് വകുപ്പുമായി ബന്ധപ്പെട്ടകാര്യം പറയാമെന്നാണ് കരുതുന്നത്. ശ്രീ. എം. എം. മണിയെ വിമർശിച്ചുകൊണ്ട് പറയാനുള്ള ധാർമ്മികമായ അവകാശം യു.ഡി.എഫ്-ന് ഉണ്ടോയെന്ന് അപ്പുറത്തുള്ളവരെ ഓരോരുത്തരേയുംകുറിച്ച് നിങ്ങളൊന്ന് ആലോചിക്കണം, പരിശോധിക്കണമെന്ന് ഞാൻ പറയുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി വിധിപ്രസ്താവന നടത്തിയ ജസ്റ്റിസ് അലക്സാണ്ടർ തോമസിനെ നീലത്തൊട്ടിയിൽ വീണ കുറുക്കനോട് ഉപമിച്ചയാളാണ് അപ്പുറത്തിരിക്കുന്നത്, ഇന്നത്തെ ചർച്ച ഓപ്പൺ ചെയ്തത് അദ്ദേഹമാണ്. അവസാനം സാഷ്ടാംഗം കാലുപിടിച്ച്, മാപ്പുപറഞ്ഞ് രക്ഷപ്പെട്ടു. അല്ലെങ്കിൽ ഇപ്പോൾ ജയിലിൽ കിടക്കുമായിരുന്നു. അതാണ് അപ്പുറത്തിരിക്കുന്ന ആളിന്റെ ഒരു യോഗ്യത. സബ് ഇൻസ്പെക്ടറുടെ തൊപ്പി തെറിപ്പിക്കുമെന്ന് ആക്രോശിച്ച സാക്ഷാൽ ബിന്ദു കൃഷ്ണയെ ഡി. സി. സി.യുടെ പ്രസിഡന്റാക്കി പ്രൊമോഷൻ കൊടുത്തു. പോലീസ് സ്റ്റേഷനിൽ കയറി എസ്.ഐ.യുടെ കൊങ്ങയ്ക്ക് കുത്തിപ്പിടിച്ചാണ് മണൽ മാഫിയക്കാരെ കോൺഗ്രസിന്റെ നേതാവായ സുധാകരൻ ഇറക്കിക്കൊണ്ട് പോയത്, അദ്ദേഹം

കോൺഗ്രസിന്റെ നേതാവായി തുടരുകയാണ്. ജമീല ഇബ്രാഹിം പറഞ്ഞ പ്രസ്താവന ശ്രീ. എം. സ്വരാജ് നേരത്തേ പറഞ്ഞു. സി. പി. ഐ.(എം) പ്രവർത്തകനെ വെട്ടിനുറുക്കി കൊന്നത് ഡി. സി. സി. പ്രസിഡന്റിന്റെ നേതൃത്വത്തിലാണ് എന്ന് പരസ്യമായി പ്രസംഗിച്ചയാൾ നേതാവായി തുടരുകയാണ്. അവരാണ് എം. എം. മണിയെക്കുറിച്ച് പ്രസംഗിക്കുന്നത്. ഇതു കേൾക്കുമ്പോൾ എനിക്ക് ഒരു പഴയ കഥയാണ് ഓർമ്മ വരുന്നത്. കെ. കരുണാകരന്റെ ഭരണകാലത്ത് തങ്കമണിയിൽ വെടിവെപ്പും ബലാത്സംഗവും നടന്നു. അന്ന് അവിടെ നടന്ന വെടിവെപ്പും ബലാത്സംഗവുംമറ്റും തെരഞ്ഞെടുപ്പിന് ഞങ്ങൾ വലിയ പ്രചരണായുധമാക്കി. ആ വെടിവെപ്പിൽ കൊല്ലപ്പെട്ടത് കോഴിമല അവറാച്ചനാണ്. അന്ന് ഞങ്ങളുടെ ആരോപണങ്ങളെ പ്രതിരോധിക്കാൻ വേണ്ടി യു.ഡി.എഫ്. കോഴിമല അവറാച്ചന്റെ ഭാര്യയെ കൊണ്ടുവന്ന് മൈക്കിന് മുന്നിൽ നിർത്തി പ്രസംഗിപ്പിക്കാൻ തീരുമാനിച്ചു. ഇതിനുമുൻപ് ഒരിക്കലും അവർ മൈക്കിന് മുൻപിൽ നിന്നിട്ടില്ല. അവിടെ വെടിവെപ്പും ബലാത്സംഗവും നടന്നില്ല എന്നുപറയാനാണ് ആ സ്ത്രീയെ കൊണ്ടുവന്ന് മൈക്കിന് മുന്നിൽ നിർത്തിയത്. ആൾക്കൂട്ടം കണ്ടപ്പോൾ അവർ പരിഭ്രമിച്ചുപോയി. അവരുടനെ പറഞ്ഞു എനിക്കിട്ടാരും വെടിയും വച്ചില്ല, അവറാച്ചനെയാരും ബലാത്സംഗവും ചെയ്തില്ല എന്ന്. അതുപോലെയായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഇത് അവതരിപ്പിച്ചപ്പോൾ. ഇതിന്റെ ഓപ്പണിംഗ് ബാറ്റ്സ്മാനായി അവതരിപ്പിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ആയിരുന്നു. അദ്ദേഹത്തിന്റെ അവതരണമെല്ലാം കേട്ടപ്പോൾ കോഴിമല അവറാച്ചന്റെ ഭാര്യ പറഞ്ഞതും മണിച്ചിത്രത്താഴിലെ നാഗവല്ലിയെയുമാണ് എനിക്ക് ഓർമ്മ വന്നത്. മണിച്ചിത്രത്താഴിലെ നാഗവല്ലി പറയുന്നപോലെ തിരുവഞ്ചൂരിന്റെ പ്രകടനം എന്തായിരുന്നു; ഉൻ രക്തത്തെ കുടിച്ച്, ഉന്നൈ കൊന്ന്, ഉന്നൈ രക്തത്തെ കുടിച്ച്, വിടമാട്ടെ എന്ന അദ്ദേഹത്തിന്റെ പ്രസംഗം വൈറലായി. .......(ബഹളം)....... വൈറലായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

<u>ശ്രീ. എ. എം ആരിഫ്</u>: സർ, വൈറലായി എന്നുപറഞ്ഞാൽ എന്താണ്; ....... (ബഹളം).......

<u>മി. സ്പീക്കർ:</u> പറയൂ, അദ്ദേഹം ഉന്നയിക്കട്ടെ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. അന്നത്തെ എന്റെ പ്രസംഗത്തിൽ ചില വാക്കുകളിൽ വ്യത്യാസമുണ്ടായി. ഷുഗർ ഡൗൺ ആയതുകൊണ്ടാണ് എനിക്ക് അങ്ങനെ സംഭവിച്ചത്. ആ സമയത്ത് ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ എന്റെ പ്രശ്നം അവിടെ അവസാനിക്കുമായിരുന്നു.

പാർട്ടിയിൽനിന്ന് പുറത്താകുമെന്നുള്ളതു കൊണ്ട് അതേ സഭയിൽ മറ്റ് ചിലരുടെ പ്രസംഗത്തെക്കുറിച്ച് അദ്ദേഹത്തിന് പറയാൻ ധൈര്യമില്ല. വളരെ നിർദ്ദയമായി, വളരെ ക്രൂരമായി, ഒരാളിന്റെ ഷുഗർ ഡൗണായി നാക്ക് കുഴഞ്ഞുപോയാൽ അതുപോലും പ്രചരണമാക്കുന്ന ഒരു മനുഷ്യത്വരഹിതമായ പ്രവർത്തനത്തോട് ഞാൻ യോജിക്കുന്നില്ല. അത് സഭാരേഖകളിൽ നിന്നും അങ്ങ് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ പറഞ്ഞതും അദ്ദേഹം മനസ്സിലാക്കിയതും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

<u>മി. സ്പീക്കർ</u>: പ്രസംഗത്തിനിടയിൽ അദ്ദേഹത്തിന്റെ slip of tongue ആണെന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അന്ന് എനിക്ക് ഒരു തുള്ളി വെള്ളം തരാൻ അങ്ങ് പറഞ്ഞിരുന്നുവെങ്കിൽ എന്റെ പ്രശ്നം തീരുമായിരുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മറിന്റെ അത്ര അടുപ്പം എനിക്ക് അങ്ങുമായില്ല. ഞങ്ങൾ അടുത്ത സുഹൃത്തുക്കളായതുകൊണ്ട് ശ്രീ. എം. ഉമ്മറിന്റെ ബുദ്ധിമുട്ട് കണ്ടപ്പോൾ എനിക്ക് പെട്ടെന്ന് മനസ്സിലായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഡോക്ടറെ കണ്ട് പരിശോധന

നടത്തിയിട്ടല്ല ഞാൻ രാവിലെ നിയമസഭയിൽ വരുന്നത്. ഞാൻ സഭയിൽ വന്നു, സംസാരിച്ചു, സംസാര സമയത്ത് എന്റെ നാവ് കുഴഞ്ഞു എന്നുള്ളത് സത്യമാണ്. ഞാൻ അതിനെ എതിർക്കുന്നില്ല. അതിനെ ഒരു പ്രചരണ ആയുധമാക്കാൻ വേണ്ടി നടത്തുന്ന ശ്രമത്തെയാണ് ഞാൻ എതിർക്കുന്നത്. അത് രേഖയിൽ നിന്നും നീക്കണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇത്രയും വിഷമമുണ്ടാകുമെന്ന് ഞാൻ കരുതിയില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാധാരണ നിലയിൽ ഏറ്റവും നല്ല ഭാഷയിൽ സംസാരിക്കുന്ന ഒരാളാണ് ഡോ. എം. കെ. മുനീർ. വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. എം. എം. മണിയുമായി ബന്ധപ്പെട്ട് ചില ആൾക്കാരുടെ വാലും ചില സാധനത്തിന്റെ വാലും ഓടക്കുഴലിലിട്ടാലും നേരെയാകില്ല. പട്ടിയോടാണ് ഉപമിച്ചത്. (.........ബഹളം...............)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞതും ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞതും തമ്മിൽ എന്ത് ബന്ധമാണുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാര്യമല്ല ഞാൻ സൂചിപ്പിച്ചത്. സാധാരണ നിലയിൽ സംസാരിക്കുന്ന സമയത്ത് ഈ രൂപത്തിലുള്ള

ചില പരാമർശങ്ങൾ വാരാറുണ്ട്. അതിനേക്കാളും ക്രൂരമായിട്ടുള്ള നാമവിശേഷമാണ് ബഹുമാനപ്പെട്ട എം. കെ. മുനീർ വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെ നടത്തിയത്. ഡോ. എം. കെ. മുനീർ പറഞ്ഞതിന്റെ അർത്ഥം അതല്ലേ; സാധാരണനിലയിൽ ഡോ. എം. കെ. മുനീറിനെപ്പോലെയുള്ള ഒരാളുടെ വായിൽനിന്നും വരാൻ പറ്റുന്ന പ്രയോഗമാണോ നടത്തിയത്; അദ്ദേഹവും മന്ത്രിയായിരുന്ന ആളല്ലേ? (.........ബഹളം...............)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... അങ്ങ് ഇരിക്കൂ..... ശാരീരികമായ അസ്വസ്ഥതകൾ മൂലം ഉണ്ടായ ഒരു നാവുപിഴവാണെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ദേശിച്ചത്. അത് എല്ലാവരും മനസ്സിലാക്കുക.

ശ്രീ. എ. എം. ആരിഫ്: സർ, എന്റെ ആറ് മിനിറ്റ് നഷ്ടപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: ഡോ. എം. കെ. മുനീറിന്റെ നാവിനും എന്തെങ്കിലും അപകടം സംഭവിച്ചിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്:സർ, ഞാൻ അദ്ദേഹത്തെ കളിയാക്കിയതല്ല. അദ്ദേഹത്തിന്റെ ഭാവപ്രകടനം കണ്ടപ്പോൾ ഒരു സിനിമയിലെ കഥാപാത്രമായ നാഗവല്ലിയെ ഓർമ്മവന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ: ബുദ്ധിമുട്ടുള്ളവർ സംസാരിക്കുമ്പോൾ വിഷമമുണ്ടെങ്കിൽ അത്

പറയണം. അല്ലെങ്കിൽ അടുത്തിരിക്കുന്നവരെങ്കിലും പറയണം. രണ്ട് ദിവസം കഴിഞ്ഞ് പരാതിപ്പെട്ടിട്ട് കാര്യമില്ല.

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങയെ വിഷമിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. വൈറലായി എന്നൊക്കെ പറഞ്ഞപ്പോൾ വേറെയെന്തോ ദുരുദ്ദേശത്തിൽ പറഞ്ഞതാണെന്നുള്ള അർത്ഥത്തിലാണ് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നത്. ഇത്രയൊക്കെ ധാർമ്മികതയില്ലാത്ത, അവർ ഇത് ഉന്നയിക്കുന്നതിന്റെ പ്രശ്നം മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിച്ചുള്ളൂ. കേരള പിറവി ദിനത്തിൽ ആദ്യ ഗവൺമെന്റിന്റെ അറുപതാം വാർഷികാഘോഷം നടക്കുന്ന വേളയിൽ തൊട്ടടുത്തുള്ള മറ്റ് മഹത്‌വ്യക്തികളുടെയെല്ലാം സ്മൃതിമണ്ഡപങ്ങളിൽ പോയി പുഷ്പാർച്ചന നടത്തി. ശ്രീ. എം. എം. മണി ഉള്ളതുകൊണ്ട് അവർ ഇപ്പുറത്തുവന്ന് പുഷ്പാർച്ചന നടത്തിയില്ല. ശ്രീ. എം. എം. മണി അതിന് പങ്കെടുത്തില്ല എന്നാണ് എനിക്ക് തോന്നുന്നത്. എന്നിട്ടുപോലും പുഷ്പ്പാർച്ചനയിൽ നിന്നും വിട്ടുനിൽക്കാൻ ഒരു സാമാന്യ മര്യാദ വേണ്ടേ? ആദ്യ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.-ന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയാൽ അവർക്ക് എന്തെങ്കിലും സംഭവിക്കുമോ? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാരായ ജവഹർലാൽ നെഹ്റു, മഹാത്മാഗാന്ധി തുടങ്ങിയ

മഹത്വ്യക്തികളുടെ പുഷ്പാർച്ചനയിൽ ഞങ്ങളെല്ലാവരും പങ്കെടുത്തു. അതിനുവരെ രാഷ്ട്രീയവിവേചനം കാണിക്കുന്ന, ധാർമ്മികതയോ, സദാചാര മര്യാദയോ ഇല്ലാത്തവരായി ഇവർ മാറി എന്നതിന്റെ സൂചനയാണിത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. സെബാസ്റ്റ്യൻ പോളിന്റെയും പ്രസ്താവനകൾ ഡോ. എം. കെ. മുനീർ സൂചിപ്പിക്കുകയുണ്ടായി. ആരുടെ ഭരണകാലത്തായാലും ആഭ്യന്തര വകുപ്പിനെക്കുറിച്ച് സ്വാഭാവികമായും ചർച്ചകൾ നടക്കും. അടിയന്തരപ്രമേയത്തിലൂടെയും സബ്മിഷനുകളിലൂടെയുമായിരിക്കും ആഭ്യന്തര വകുപ്പിനെക്കുറിച്ച് ഏറ്റവും കൂടുതൽ ചർച്ചകൾ നടക്കുന്നത്. ആരുടെ ഭരണകാലത്ത് ആയാലും അത് അങ്ങനെയായിരിക്കും. ഒന്നുകിൽ അതിക്രമം അല്ലെങ്കിൽ നിഷ്ക്രിയത്വം; ഇതാണ് സാധാരണ വരുന്ന ആക്ഷേപങ്ങൾ. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്നുള്ള തരത്തിലുള്ള പലതുമുണ്ടാകും. പോലീസും ജനങ്ങളെ സമീപിക്കുന്നത് അങ്ങനെയാണ്. വലതുകാൽ വച്ചാൽ പൊറുക്കാൻ വന്നതാണോ, താമസിക്കാൻ വന്നതാണോ എന്ന് പറയും. ഇടതുകാൽ വച്ചാൽ മുടിപ്പിക്കാൻ വന്നതാണോ എന്നൊക്കെ ചോദിക്കുന്ന വിധത്തിലുള്ള ചർച്ചകൾ സ്വാഭാവികമാണ്. ആ ചർച്ചകൾക്കപ്പുറമായി ശ്രീ. ടി. പി.

സെൻകുമാറിന്റെ വിഷയമല്ലാതെ ഈ സർക്കാരിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ? ഇപ്പോൾ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് സഖാവ് പിണറായി വിജയനാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി അദ്ദേഹം പാർട്ടി സെക്രട്ടറി ആയിരുന്നപ്പോൾ എന്തെല്ലാം കൽപ്പിത കഥകളാണ് നിങ്ങൾ അദ്ദേഹത്തെക്കുറിച്ച് ഇറക്കിയത്? ഇല്ലാത്ത വീടിന്റെ വലിപ്പം കാണിച്ചും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ പേരുപറഞ്ഞുകൊണ്ടുള്ള ആക്രമണങ്ങളെല്ലാം ഇവർ തുടർന്നും ആക്ഷേപിച്ചും അവഹേളിച്ചും ആക്രോശിച്ചും നടത്തിവരികയാണ്. അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനത്ത് കിട്ടിയപ്പോൾ കുറച്ചുകൂടി ആക്രമിക്കാനുള്ള ശ്രമം നടത്തി. ഇതല്ലാതെ മറ്റെന്തെങ്കിലും വിഷയങ്ങൾ ഇവിടെയുള്ള ആരുടെയെങ്കിലും ചർച്ചയിൽ ഉന്നയിക്കാൻ കഴിഞ്ഞോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. സഖാവ് പിണറായി വിജയന്റെ നേരെയുള്ള ആക്രമണത്തിന്റെ അവസാനത്തെ സ്ഥിതി അദ്ദേഹത്തിന്റെ തലയ്ക്ക് ഒരു കോടി രൂപ വിലയിട്ടിരിക്കുകയാണ്. ആക്രോശത്തിന്റെയും ആക്രമണത്തിന്റെയും രീതി അവിടെവരെ എത്തിനിൽക്കുകയാണ്. ഇഷ്ടങ്ങളോട് ഇഷ്ടവും ചിരിച്ചും അനിഷ്ടങ്ങളോട് മുഖം കറുപ്പിക്കുകയും ചെയ്യുന്നതാണ് സ്വഭാവിക മനുഷ്യപ്രകൃതി. അത് ഉണ്ടാകും. അല്ലാതെ എല്ലാ കാപട്യങ്ങളും ഒളിപ്പിച്ചുവച്ച് അഭിനയിക്കാൻ പറ്റുന്ന

രൂപത്തിൽ എല്ലാവർക്കും ഉമ്മൻ ചാണ്ടിമാരാകാൻ പറ്റില്ല. ഓരോരുത്തർക്കും അവരുടേതായ സ്വഭാവ സവിശേഷതകളുണ്ട്. നമ്മുടെ പോലീസ് രംഗത്ത് വന്ന മാറ്റങ്ങൾ കാണാതെ പോകരുത്. ആ മാറ്റങ്ങൾ ചർച്ച ചെയ്യപ്പെടണം. പോലീസ് സ്റ്റേഷനുകളിൽ സി.ഐ. മാർ ഹൗസ് ഓഫീസർമാരായി 196 പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റമുണ്ടാകുന്നു. 2160 വനിതാ പോലീസ് തസ്തികകൾ സൃഷ്ടിക്കുന്നു. വനിതാ പോലീസുകാരുടെ എണ്ണം 5884 ആയി ഉയരും. ഡിവൈ.എസ്.പി. മുതൽ സി.പി.ഒ. വരെയുള്ള തസ്തിക സൃഷ്ടിക്കും. ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, ടെലി കമ്മ്യൂണിക്കേഷൻ എന്നിവിടങ്ങളിലും വനിതകൾ. ഈ മാറ്റങ്ങൾ ഉണ്ടായില്ലേ? വനിതാ പോലീസ് ബറ്റാലിയൻ വരുന്നു. അത് ചെറുതാണോ? ഗുണ്ടകളെ നേരിടാൻ പ്രത്യേക സ്ക്വാഡുകൾ വരുന്നു. അതിനുവേണ്ടി പോലീസ് ആസ്ഥാനത്ത് ആറ് നോഡൽ ഓഫീസർ ഉണ്ടാകുന്നു. സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡ് ഉണ്ടാകുന്നു. പോലീസിനെ സേനാ മാതൃകയിൽ പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ വരുന്നു. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പോലീസിന്റെ മുന്നേറ്റം തുടങ്ങി ഓരോ രംഗത്തും മാറ്റങ്ങൾ ഉണ്ടാകുകയാണ്. ആ മാറ്റങ്ങൾ കാണാതെ പോകുന്നത് ശരിയാണോ?

ഇതെല്ലാമാണ് പോലീസ് രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ. കേസ്സന്വേഷണവും പോലീസ് നടത്തിയിട്ടുള്ള വിപ്ലവകരമായിട്ടുള്ള കണ്ടുപിടുത്തങ്ങളും പ്രതികളെ പിടിച്ച കാര്യങ്ങളുമെല്ലാം ശ്രീ. എം. സ്വരാജ് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ കാലത്ത് നടന്ന സംഭവങ്ങളൊന്നും ഇപ്പോഴില്ല. എരിവ്, പുളി, മസാല, സെക്സ്, സ്റ്റണ്ട് തുടങ്ങിയവയെല്ലാം അക്കാലത്ത് ഉണ്ടായിരുന്നു, ഇപ്പോൾ അതൊന്നുമില്ല. ഇവർ പറയുന്നതു കേട്ടാൽ അവരുടെ കാലത്ത് ഐ.പി.എസുകാരാരും സർക്കാരിനെതിരെ പരാതി കൊടുത്തിട്ടില്ല എന്ന് തോന്നും. നിയമസഭയിലെ ചോദ്യോത്തരവേളയിൽ എത്രയോ പരാതികളാണ് അവരുടെ കാലത്ത് ഉണ്ടായിട്ടുള്ളത്. ശ്രീമതി കെ. എസ്. സലീഖ 17-12-2015-ൽ നൽകിയ ചോദ്യം. "ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ടിടത്ത് എ.ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഡി.ജി.പി. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും പരാതി നൽകി. ഇതിന്മേൽ എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?" അതിന് ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടി, "ഐ.പി.എസ്. കേഡർ റൂൾ പ്രകാരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ നിന്നും ശ്രീ. ഋഷിരാജ്

സിംഗ്, ഐ.പി.എസ്.-നെ പ്രിസൺ ഡയറക്ടർ ജനറലായും ശ്രീ. ലോക് നാഥ് ബെഹ്റയെ ഫയർ ആന്റ് റസ്ക്യൂ ഡയറക്ടർ ജനറലായും മാറ്റി നിയമിച്ചതിൽ പ്രസ്തുത ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്ക് പരാതി നൽകുകയുണ്ടായി. ഈ ഉദ്യോഗസ്ഥരെല്ലാം കേസ്സിന് പോയിരുന്നെങ്കിൽ വിധി എങ്ങനെയാകുമായിരുന്നു? മറ്റൊന്ന്, ശ്രീമതി കെ. എസ്. സലീഖ 16-02-2016-ൽ നൽകിയ ചോദ്യം. "ഈ സർക്കാരിന്റെ കാലയളവിൽ ഐ.പി.എസ്. ഓഫീസർമാരുടെ സ്ഥലമാറ്റ ഉത്തരവുകളിൽ എത്രയെണ്ണം കോടതി/സർക്കാർ തലങ്ങളിലും വ്യക്തിപരമായും ചോദ്യം ചെയ്യപ്പെട്ടു. വിശദാംശം ലഭ്യമാക്കാമോ?" ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടി, "ഈ കാലയളവിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരായ ശ്രീമതി ഉമ, ഐ.പി.എസ്. ശ്രീമതി എസ്. അജിതാ ബീഗം (ഐ.പി.എസ്.) ശ്രീമതി ഗുപ്ത ഉമ്ദ് ആദിത്യ, ഐ.പി.എസ്., ശ്രീ. എച്ച്. മഞ്ചുനാഥ്, ഐ.പി.എസ്. എന്നിവർ 15-02-2014-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥലമാറ്റ ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം ബഞ്ച് മുമ്പാകെ ഒ.എ. ഇത്രാം നമ്പർ കേസ്സിൽ സ്റ്റേറ്റ്മെന്റ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ അന്തിമ വിധി ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടില്ല."

ഇത്തരത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരുകളിൽ എത്ര കേസ്സുകളാണ് ഉണ്ടായിട്ടുള്ളത്? ഇതൊന്നും ആദ്യമായി നടക്കുന്ന സംഭവമല്ല. ഏതോ ഒരുദ്യോഗസ്ഥൻ വിധി സമ്പാദിച്ചതുകൊണ്ട് അതാണ് സർവ്വവുമെന്ന് പറഞ്ഞല്ലേ ഇവിടെ ചർച്ച ചെയ്യുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരാം. ഡോ. ടി. പി. സെൻകുമാറിനെക്കുറിച്ച് കോടതി എത്ര തവണ ഏതെല്ലാം വിധി പറഞ്ഞിട്ടുണ്ടെന്ന കാര്യത്തിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇത്തരത്തിൽ നിങ്ങൾ പറയുന്നതുപോലെ ഏതെല്ലാം കേസ്സുകളുണ്ട്. പിണറായി സർക്കാരാണ് യു.എ.പി.എ........ ശ്രീ. പി. ടി.എ. റഹീം അതിന്റെ കണക്കുകൾ പറഞ്ഞതാണ്. 'യു.എ.പി.എ.' കേസ് ഏറ്റവും അധികമെടുത്തത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്തല്ലേ? യു.ഡി.എഫ്. സർക്കാർ 'കാപ്പ'യും 'യു.എ.പി.എ.'-യും ചുമത്തിയതുമായി ബന്ധപ്പെട്ട് പല കേസുകളും കോടതി റദ്ദ് ചെയ്തിട്ടില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. റ്റി. വി. രാജേഷ്, അങ്ങുൾപ്പെടെയുള്ളവരുടെ "ഈ സർക്കാർ കാപ്പ നിയമം പ്രകാരം പുറപ്പെടുവിച്ച എത്ര കരുതൽ തടങ്കൽ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ" എന്ന ചോദ്യത്തിന് ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടി "ഈ സർക്കാരിന്റെ കാലത്ത് കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച 94 കരുതൽ തടങ്കൽ ഉത്തരവുകളും 21

സഞ്ചലന നിയന്ത്രണ ഉത്തരവുകളും കോടതി റദ്ദ് ചെയ്തിട്ടുണ്ട്" എന്നാണ്. ഇതെല്ലാം യു.ഡി.എഫ്.ന്റെ കാലത്ത് നടന്ന കാര്യങ്ങളാണ്. അക്കാലത്ത് പോലീസിന്റെ വിവേചനപരമായ ഇടപെടലുകൾ സംബന്ധിച്ച്....... ശ്രീ. എം. ഉമ്മർ ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. 8-2-2016-ലെ ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. എം. ഉമ്മർ ഉൾപ്പെടെയുള്ളവരുടെ "സംസ്ഥാനത്ത് ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ടോ" എന്ന ചോദ്യത്തിന് "സംസ്ഥാനത്ത് ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്" എന്നായിരുന്നു മറുപടി. രജിസ്റ്റർ ചെയ്യുന്നതിലും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും വിവേചനപരമായ പരിഗണന ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അന്നത്തെ ഭരണപക്ഷത്തുള്ളവർക്കുതന്നെ ചോദിക്കേണ്ടിവന്നു. സമയക്കുറവുമൂലം ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് പോലീസ് റാങ്കിംഗ് ഉണ്ടായിരുന്നു. അത് വായിക്കാൻ ഒരുപാട് സമയമെടുക്കും. പോലീസ് റാങ്കിംഗുമായി ബന്ധപ്പെട്ട് ശ്രീ. ഇ. പി. ജയരാജന്റെ, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ 2013,

2014, 2015 വർഷങ്ങളിലെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം എത്രാം സ്ഥാനത്താണ്, ഓരോ കുറ്റകൃത്യങ്ങളുടെയും ആകെ എണ്ണമെത്ര തുടങ്ങിയ ചോദ്യങ്ങൾക്ക് 2014-ൽ 7 സ്റ്റേറ്റിലുള്ള കുറ്റകൃത്യങ്ങളിൽ, അതായത് IPC 121, 122, 123, 124 എല്ലാം ചേർത്ത് കേരളം 8-ാം സ്ഥാനത്തും, കൊലപാതക കേസ്സുകളുമായി ബന്ധപ്പെട്ട് 17-ാം സ്ഥാനത്തും ആണെന്നായിരുന്നു മറുപടി. ഇങ്ങനെ നോക്കിയാൽ കേരളം എന്നെങ്കിലും നിങ്ങളുടെ ഭരണ കാലത്ത് ഒന്നാം സ്ഥാനത്ത് വന്നിട്ടുണ്ടോ? 2010-ൽ എൽ.എഡി.എഫ്. ഭരണം കഴിയുമ്പോൾ നിങ്ങളുടെ നേതാവ് ശ്രീ. പ്രണബ് കുമാർ മുഖർജിയാണ് ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഡൽഹിയിൽ വച്ച് നൽകിയത്. അത് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടേതാണ്. ഞാൻ എന്റെ കയ്യിലുള്ള രേഖകൾ മേശപ്പുറത്ത് വയ്ക്കാം. ശ്രീ. രമേശ് ചെന്നിത്തല 16-2-2016-ൽ രേഖാമൂലം നൽകിയ മറുപടിയാണ് ഞാൻ ഉദ്ധരിക്കുന്നത്. ഇതാണ് നിങ്ങളുടെ ബാലൻസ് ഷീറ്റ്. ഉദ്യോഗസ്ഥരുടെ മാറ്റവുമായി ബന്ധപ്പെട്ട് 8-2-2016-ലെ ശ്രീ. മുല്ലക്കര രത്നാകരന്റെ ചോദ്യമുണ്ട്. അഞ്ച് കൊല്ലത്തിനിടയിൽ 6 വിജിലൻസ് ഡയറക്ടർമാരെയാണ് മാറ്റിയത്. എവിടെ നിന്നെങ്കിലും ഒരു ചെടിക്കമ്പ് കിട്ടിയാൽ അത് മുറ്റത്ത് നട്ടുവയ്ക്കുകയും അടുത്ത ദിവസം വേര് വന്നോയെന്ന് പറിച്ചുനോക്കുകയും

ചെയ്യുന്ന കൊച്ചുകുട്ടികളുടെ ഒരു തമാശയുണ്ട്. ആരൊക്കെയാണ് അന്നത്തെ വിജിലൻസ് ഡയറക്ടർ. (1) ഡസ്മണ്ട് നെറ്റോ, (2) ശ്രീ. ശങ്കര റെഡ്ഡി, (3) ശ്രീ. വേണു ഗോപാൽ കെ. നായർ. (4) ശ്രീമതി ആർ. ശ്രീലേഖ, (5) ശ്രീ. മഹേഷ് കുമാർ സിംഗ്ല, (6) വിൻസന്റ് എം. പോൾ, (7) ശ്രീ. ശങ്കർ റെഡ്ഡി. ഇത്തരത്തിൽ മാറിമാറി വിജിലൻസ് ഡയറക്ടർമാരെ നിയമിച്ചവരാണ് ഇന്ന് ഗിരിപ്രഭാഷണം നടത്തുന്നത്. നിങ്ങളുടെ കാലത്ത് എത്ര വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകൾ എന്റെ കയ്യിലുണ്ട്. 16-2-2016-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിനുള്ള മറുപടിയിൽ അന്നത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിച്ച 4 വിജിലൻസ് കേസ്സുകളുടെ വിശദാംശങ്ങൾ പറയുന്നുണ്ട്. ആരൊക്കെയോ പണം മോഷ്ടിച്ച കേസ്സുമായി ബന്ധപ്പെട്ട് പ്രതികളെ വിട്ടയച്ചതിന്റെ വിവരങ്ങളാണ് കാണിക്കുന്നത്. അന്ന് ഇതൊന്നും ചർച്ച ചെയ്തില്ല. കാരണം അന്ന് ചർച്ച ചെയ്യാൻ മറ്റ് വിഷയങ്ങളുണ്ടായിരുന്നു. മസാലയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ആരെങ്കിലും ഇതൊക്കെ ചർച്ച ചെയ്യുമോ? ഇതൊക്കെയാണ് നിങ്ങളുടെ ഭരണകാലത്ത് നടന്നിട്ടുള്ളത്.

മി സ്പീക്കർ: പ്ലീസ്..അങ്ങേയ്ക്ക് നഷ്ടപ്പെട്ട മൂന്ന് മിനിട്ട് അധികമായി.

ശ്രീ. എ. എം. ആരിഫ്: സർ, ഇല്ല. എന്റെ 7 മിനിട്ട് സമയം നഷ്ടപ്പെട്ടു. ഡോ.

എം. കെ. മുനീർ നേരത്തെ ചില കണക്കുകൾ പറഞ്ഞു. എന്റെ കയ്യിലുള്ളത് സഭാരേഖയാണ്. അദ്ദേഹം പറഞ്ഞ കണക്കുമായി ഇത് പൊരുത്തപ്പെടുന്നില്ല. 1-1-2014 മുതൽ 24-5-2016 വരെയുള്ള കണക്കുപ്രകാരം കൊലപാതകങ്ങൾ 817-ഉം കൊലപാതക ശ്രമം 1563-ഉം ബലാത്സംഗം 3214-ഉം സ്ത്രീധന പീഡന മരണം 37-ഉം റേപ്പും പോക്സോ പ്രകാരമുള്ള കേസ്സുകളും ഉൾപ്പെടെ 14708-ഉം ആണെന്നാണ് സഭാരേഖയിലുള്ളത്. ഡോ. എം. കെ. മുനീർ ഉദ്ധരിച്ച കണക്കുകൾ ശരിയല്ല. നിങ്ങളുണ്ടാക്കിയ റിക്കോർഡുകൾ ആരുവിചാരിച്ചാലും തകർക്കാൻ കഴിയില്ല. കോടതി പരാമർശങ്ങളെക്കുറിച്ച് പറയുകയുണ്ടായി. സർക്കാർ എന്താണ് സോളാർ കേസ്സിൽ മറയ്ക്കാൻ ശ്രമിക്കുന്നതെന്നാണ് 2013 ജൂലൈ 23-ന് കോടതി ചോദിച്ചത്. സോളാർ തട്ടിപ്പ് പുറത്തുവന്നില്ലായിരുന്നെങ്കിൽ എ. ഫിറോസ് തട്ടിപ്പ് ഇപ്പോഴും പുറത്തുവരില്ലായിരുന്നുവെന്ന് ഹൈകോടതി പരാമർശിച്ചു. സെലിൻ രാജിനെ ഡി.ജി.പി.ക്ക് ഭയമാണോയെന്ന് 2013 ഒക്ടോബർ 1-ന് കോടതി ചോദിച്ചു. കോൺസ്റ്റബിളിനെ പേടിച്ച് ജനം ജീവിക്കേണ്ട അവസ്ഥയാണ്, സോളാർ തട്ടിപ്പ് കേസ് ഒത്തുതീർപ്പാക്കാൻ പണം ആരാണ് നൽകിയത് തുടങ്ങിയ മറ്റ് പരാമർശങ്ങളാണ്. പോലീസ് നിഷ്ക്രിയമെന്ന് 2013 ഡിസംബർ 4-ന് ഹൈക്കോടതി പരാമർശിച്ചു. പല കേസ്സുകളിലും പോലീസ് നിഷ്ക്രീയമാണെന്നും ജനങ്ങളുടെ

ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് പരാജയമാണെന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. ഇങ്ങനെയുള്ള വിധി സമ്പാദിച്ചിട്ടുള്ളവരാണ് ഇപ്പോൾ സംസാരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്.. കൺക്ലൂഡ്.........5 മിനിട്ട് അധികമായി.

ശ്രീ. എ. എം. ആരിഫ്: സർ, ഇന്ന് രാവിലെ പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെക്കുറിച്ച് ചർച്ച ചെയ്തു. ഒറ്റക്കാര്യം മാത്രം പറഞ്ഞാൽ മതി. വെടിക്കെട്ട് നടത്താൻ ആരാണ് ലൈസൻസ് കൊടുത്തത്, അതിന് പിന്നിൽ ആരാണ് പ്രവർത്തിച്ചത്? എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഒരു നടപടിയും സ്വീകരിക്കാതെ ചോദ്യം ചോദിക്കുമ്പോൾ.......നിങ്ങളുടെ ഭരണത്തിൻ കീഴിൽ നടമാടിയിട്ടുള്ള കാര്യങ്ങൾ പറയാനാണെങ്കിൽ ധാരാളമുണ്ട്. നിങ്ങൾ ഉണ്ടാക്കിവച്ച എല്ലാ കെടുതികളിൽ നിന്നും ദുഷ്പേരിൽ നിന്നും കേരള പോലീസിനെ സംരക്ഷിച്ച് നല്ല രീതിയിൽ മുന്നോട്ട് നയിക്കാനുള്ള പരിശ്രമമാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടക്കുന്നത്. നിങ്ങൾ എന്തെല്ലാം വാർത്തകൾ ചമയ്ക്കാൻ ശ്രമിച്ചാലും അതിനെയെല്ലാം അതിജീവിച്ച് ഈ സർക്കാർ മുന്നോട്ടുപോവുകയും ഈ നാടിന്റെ സംരക്ഷകരായി തീരുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനങ്ങൾ വിശ്വാസമർപ്പിച്ചതിന്റെ മുന്നേറ്റമാണ് നടക്കുന്നതെന്ന് മാത്രം

പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയമാണ് പോലീസ് റിഫോംസ്, പോലീസിന്റെ പ്രവർത്തനങ്ങൾ, നിയമനങ്ങൾ എന്നിവ. സമീപകാലത്ത് ഇന്ത്യയിൽ ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം ഡി.ജി.പി.യെ മാറ്റിയ നടപടി, പഞ്ചാബിൽ പ്രകാശ് സിംഗ് ബാദൽ ഗവൺമെന്റ് ഡി.ജി.പി. യെ തുടരാൻ അനുവദിച്ച നടപടി, മധ്യപ്രദേശ് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിലെ ഡി.ജി.പി. മാരുടെ നിയമനങ്ങൾ സുപ്രീംകോടതി വിധിക്കുവേണ്ടി കാത്തുനിൽക്കുന്ന സന്ദർഭമാണിത്. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും സുപ്രധാന വിധിയായിരുന്നു Prakash Sing and Others V/s. Union of India and Others. ആ വിധിയിലാണ് ഏറ്റവും സുപ്രധാനമായ നിർദ്ദേശങ്ങൾ സുപ്രീംകോടതി മുന്നോട്ടു വയ്ക്കുന്നത്. സുപ്രീംകോടതിക്ക് അതിന് അധികാരമുണ്ടോയെന്ന് ചിലർ ഇവിടെ ചോദിക്കുകയുണ്ടായി. ഭരണഘടനയുടെ

32-ാം വകുപ്പ്- Right of Constitutional Remedies, 142-ാം വകുപ്പ് തുടങ്ങിയ നിയമപ്രകാരം 'The Supreme Court shall have power to issue directions or orders or writs, including writs in the nature of habeas corpus, mandamus, prohibition, quo warranto etc'. ഭരണഘടനയുടെ 32, 142 എന്നീ സെക്ഷൻസ് അനുസരിച്ച് സുപ്രീംകോടതിക്ക് ഇടപെടാനുള്ള അധികാരമുണ്ട്. ആ അധികാരം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രകാശ് സിംഗ് കേസിൽ സുപ്രധാനമായ വിധിയുണ്ടാകുന്നത്. ഇൻഡ്യയിലെ പോലീസ് സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനായി ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (ബി.പി.ആർ.എൻ.ഡി.) 1977-ൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഒരു ഡസനിലേറെ പോലീസ് റിഫോംസ് കമ്മീഷൻ റിപ്പോർട്ടുകൾ നമ്മുടെ രാജ്യത്തുണ്ട്. ഏറ്റവും സുപ്രധാനമായ പ്രകാശ് സിംഗ് കേസിലെ വിധി പ്രകാരം സെക്യൂരിറ്റി കമ്മീഷനുണ്ടാകണം, അതോടൊപ്പംതന്നെ പോലീസിന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റമുണ്ടാകണം. അതിലൊരു കാര്യം മാത്രം ഞാൻ ചൂണ്ടിക്കാണിക്കുന്നു. നമ്മളെല്ലാവരും ആലോചിക്കേണ്ട ഒരു കാര്യമാണ്. പോലീസ് നിയമനങ്ങളിലും പോലീസിന്റെ പ്രവർത്തനങ്ങളിലും excessive control of the executive എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. രാജ്യത്ത് വിവിധ

ഭരണകൂടങ്ങൾ നിലവിൽവരും, ജനങ്ങൾ പുതിയ ഗവൺമെന്റുകളെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്യും. അങ്ങനെ അധികാരത്തിൽവരുന്ന ഗവൺമെന്റുകളുടെ ഇച്ഛാശക്തിക്കനുസരിച്ചുമാത്രം പ്രവർത്തിക്കുന്ന പോലീസ് സംവിധാനം നിലവിൽ വന്നുകഴിഞ്ഞാൽ ലാ ആന്റ് ഓർഡർ, അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് എന്നിവ ഫലപ്രദമായി നടപ്പാക്കാൻ കഴിയുമോ എന്നുള്ള കാര്യം ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇതൊരു വിശദമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഒരു കാര്യമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. ഇൻഡ്യയിലൊട്ടാകെയുള്ള പോലീസ് സംവിധാനം, കേരളത്തിലെ പോലീസ് സംവിധാനം, എല്ലാ വ്യക്തികൾക്കും എല്ലാ പൗരന്മാർക്കും തുല്യ നീതി ഉറപ്പുവരുത്താൻ ബാധ്യസ്ഥമായ പോലീസ് സംവിധാനം, ഐ.പി.സി., സി.ആർ.പി.സി., കോടതി വിധികൾ എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട പോലീസ്, പക്ഷപാതപരമായ പെരുമാറ്റങ്ങൾ, ഭരണമാറ്റത്തിനനുസരിച്ചുണ്ടായാൽ അതിലൂടെ നിഷേധിക്കപ്പെടുന്നത് സാധാരണ ജനങ്ങളുടെ നീതിയും തുല്യമായ അവസരവുമാണ്. ഇവിടെ കേരളത്തിൽ കഴിഞ്ഞ പതിനൊന്നു മാസക്കാലത്തെ പോലീസ് ഭരണത്തെപ്പറ്റിയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. എനിക്ക് ഒരു കാര്യം പറയാൻ കഴിയും. തീർച്ചയായും പോലീസിന്റെ

ഭരണത്തെ സംബന്ധിച്ചുള്ള വിവാദങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷെ ഉണ്ടാകുന്ന സംഭവങ്ങളും അതിൽ ഗവൺമെന്റ് എടുക്കുന്ന നടപടികളുമാണ് ഏറ്റവും പ്രധാനം. കുറ്റകൃത്യങ്ങളില്ലാത്ത ഒരു സമൂഹം നമ്മുടെ രാജ്യത്തോ ലോകത്തോ ഒരിടത്തുമില്ല. പക്ഷെ, കുറ്റകൃത്യങ്ങളുണ്ടാകുമ്പോൾ അതിനെ എങ്ങനെ തടയാൻ കഴിയുമെന്നുള്ളതാണ് പ്രധാനം. കേരളത്തിലെ പോലീസ് സംവിധാനം ഇന്ന് ആകപ്പാടെ തകരാറിലായിരിക്കുന്നുവെന്നാണ് വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്. ഇൻഡ്യയിലെ പോലീസിന് മാതൃകയാണ് കേരള പോലീസ്. അതി സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരാണ് കേരളാ പോലീസിലുള്ളത്. ആ സാമർത്ഥ്യത്തെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നുണ്ടോ; ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. അദ്ദേഹം അധികാരമേറ്റെടുത്ത ശേഷം കേരളത്തിലെ 18 പോലീസ് ജില്ലകളിൽ മിടുമിടുക്കരും ചുണക്കുട്ടികളുമായ ഡയറക്ട് ഐ.പി.എസ്. ഉദ്യോഗസ്ഥരെ എസ്.പി.മാരായി നിയമിച്ചു. ഞങ്ങളുടെ കാലത്തുണ്ടായിരുന്നവരെ മാറ്റിയാണ് അദ്ദേഹം നിയമിച്ചത്. എനിക്കത് നല്ല നടപടിയായിട്ടാണ് തോന്നിയത്. മൂന്നുമാസം കഴിഞ്ഞപ്പോൾ ചെറുപ്പക്കാരായ മുഴുവൻ ഐ.പി.എസ്.കാരെയും മാറ്റി പ്രൊമോട്ടികളായ ഉദ്യോഗസ്ഥരെ 18 പോലീസ് ജില്ലകളിൽ ഭൂരിപക്ഷം സ്ഥലത്തും നിയോഗിച്ചുവെന്നുള്ളത് അങ്ങയുടെ

താളം തെറ്റിയ ആദ്യത്തെ നടപടിയായിരുന്നു. നോൺ കേഡർ പോസ്റ്റിലുള്ള പ്രൊമോട്ടികളായ ഐ.പി.എസ്. ഉദ്യോഗസ്ഥരെ ജില്ലാ പോലീസ് സൂപ്രണ്ടുമാരായി നിയമിച്ചപ്പോൾ അവിടെ തുടങ്ങി അങ്ങയുടെ താളപ്പിഴ. ഞാനാദ്യം മുൻ ആഭ്യന്തര മന്ത്രിയെന്നുള്ള നിലയിൽ സാകൂതം വീക്ഷിക്കുകയായിരുന്നു. ആദ്യത്തെ മൂന്നുമാസക്കാലം ഡയറക്ട് ഐ.പി.എസ്.കാരെ അങ്ങ് വച്ചപ്പോൾ കേരളത്തിൽ കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും സാമൂഹിക വിരുദ്ധരും വർദ്ധിച്ചിരുന്നില്ല. പക്ഷെ, പോലീസിനെ രാഷ്ട്രീയവത്കരിക്കാൻ അങ്ങ് നീക്കമാരംഭിച്ചു, പോലീസിന്റെ രാഷ്ട്രീയവത്കരണം തുടങ്ങിയതിനുശേഷമാണ്, 18 പോലീസ് ജില്ലകളിൽ ഭൂരിപക്ഷം സ്ഥലത്തും പ്രൊമോട്ടികളായ ഐ.പി.എസ്. ഉദ്യോഗസ്ഥരെ അങ്ങ് നിയമിച്ചപ്പോഴാണ് കേരളത്തിലെ ക്രമസമാധാനനില അവതാളത്തിലായത് എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നാൽ, രാഷ്ട്രീയ പാർട്ടികളാണ് ഇലക്ഷനിൽ മത്സരിക്കുന്നത്. നമുക്കൊക്കെ രാഷ്ട്രീയമുണ്ട്. നമ്മുടെ പാർട്ടിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടിവരും, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, രാഷ്ട്രീയ താൽപ്പര്യങ്ങൾക്കപ്പുറത്ത് നീതി ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം പോലീസിനും ആഭ്യന്തര വകുപ്പിനും ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രിക്കോ മുഖ്യമന്ത്രിക്കോ ഉണ്ട്. അവിടെയാണ് അങ്ങേയ്ക്ക് പാളിയത്.

മിടുക്കന്മാരായ ജില്ലാ പോലീസ് സൂപ്രണ്ടുമാരെ മാറ്റിയപ്പോൾ കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളാവുകയുണ്ടായി. വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, സ്ത്രീ പീഡനങ്ങൾ, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, മോഷണങ്ങൾ, കൊള്ള, പിടിച്ചുപറി എന്നിവ നമുക്ക് കാണാൻ കഴിഞ്ഞു. അങ്ങയുടെ ഗവൺമെന്റിന്റെ കീഴിൽ സ്ത്രീകൾക്കെതിരായ അക്രമണം 10818. പീഡന കേസുകൾ 1232, കൊല്ലപ്പെട്ട സ്ത്രീകൾ 84, പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഡിപ്പിച്ച കേസുകൾ 696, രാഷ്ട്രീയ കൊലപാതകങ്ങൾ 15, കസ്റ്റഡി മരണങ്ങൾ 5. പോലീസ് അതിക്രമങ്ങളുടെ കഥകൾ എന്നുമെന്നും കേരളത്തിൽ വിവാദങ്ങളുണ്ടാക്കിയിട്ടുണ്ട്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഇവിടെ ഞാൻ സൂചിപ്പിച്ചു. അതോടൊപ്പംതന്നെ നിലയ്ക്കാത്ത സ്ത്രീ പീഡനങ്ങൾ, പിഞ്ചു കുഞ്ഞുങ്ങൾവരെ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെടുന്നു. സ്ത്രീ പീഡനങ്ങളിലെല്ലാം പോലീസ് കേസ് അട്ടിമറിക്കാൻ ശ്രമിച്ചുവെന്നുള്ള പരാതികൾ വ്യാപകമാണ്. വാളയാർ സ്കൂൾ വിദ്യാർത്ഥിനികളായ രണ്ട് പിഞ്ച് കുട്ടികൾ പീഡനത്തിനിരയായി കൊല്ലപ്പെട്ട കേസിൽ പോലീസിന് വീഴ്ചയുണ്ടായി. അങ്ങ് എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. കുണ്ടറ പീഡന കേസിലും കേസ് അട്ടിമറിക്കാൻ പോലീസ് ശ്രമിച്ചു. ജിഷ്ണു കേസിൽ ഗുരുതരമായ പിഴവ് പോലീസിന് സംഭവിച്ചു.

തെളിവുകൾ തുടക്കത്തിൽത്തന്നെ നശിപ്പിക്കാൻ പോലീസ് കൂട്ടുനിന്നു. ദുർബലമായ വകുപ്പുകൾ ഉപയോഗിച്ചു. പ്രതികൾക്ക് ജാമ്യം കിട്ടി. നീതി തേടിയെത്തിയ ജിഷ്ണുവിന്റെ അമ്മയെ ഡി.ജി.പി.യുടെ ഓഫീസിനുമുന്നിൽ പോലീസ് വലിച്ചിഴച്ചു. കൊച്ചി മറൈൻഡ്രൈവിൽ ശിവസേനക്കാർ സദാചാര ഗുണ്ടായിസം നടപ്പാക്കി. ആൺകുട്ടികളെയും പെൺകുട്ടികളെയും പോലീസ് അടിച്ചോടിക്കുകയുണ്ടായി. പറയാനാണെങ്കിൽ നിരവധി സംഭവങ്ങളുണ്ട്. സമയചുരുക്കംമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഈ പതിനൊന്നുമാസ ഭരണത്തിനിടയിൽ ഈ സംസ്ഥാനത്തെ ക്രമസമാധാന നില അനുദിനം വഷളായി എന്നുള്ളതിന്റെ മറ്റൊരു ദൃഷ്ടാന്തമാണ് വീഴ്ച പറ്റിയെന്ന് മുഖ്യമന്ത്രി സമ്മതിച്ച കേസുകൾ. ഒന്ന്, എറണാകുളം മറൈൻഡ്രൈവിൽ ശിവസേനക്കാർ സദാചാര ഗുണ്ടകളായി അഴിഞ്ഞാടിയപ്പോൾ പോലീസ് കാഴ്ചക്കാരായി നോക്കി നിന്നത് തെറ്റായിപ്പോയിയെന്ന് മുഖ്യമന്ത്രി. രണ്ട്, നടി പീഡിപ്പിക്കപ്പെട്ട കേസ്- പ്രതിയെ രക്ഷപ്പെടുത്താൻ അനുവദിച്ചുകൊണ്ട് പോലീസ് അനാസ്ഥ കാട്ടിയ സംഭവത്തിൽ ഗൂഢാലോചനയില്ലെന്ന് മുഖ്യമന്ത്രി തുടക്കത്തിൽ പ്രഖ്യാപിച്ചു. മൂന്ന്, വാളയാറിൽ സഹോദരിമാരായ പിഞ്ചുകുഞ്ഞുങ്ങൾ പീഡനത്തിനിരയായ കേസിൽ പോലീസിന് വീഴ്ച സംഭവിച്ചു, എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. കുണ്ടറയിൽ മുത്തച്ഛൻ പേരക്കുട്ടിയെ പീഡിപ്പിച്ച കേസ്

അന്വേഷണത്തിൽ പോലീസിന് ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന് അങ്ങ് സമ്മതിച്ചു. സി.എ. വിദ്യാർത്ഥിനി മിഷേൽ ഷാജിയുടെ മരണം, കുട്ടിയെ കാണാതായ ദിവസം അച്ഛൻ പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ എസ്.ഐ. ഇല്ലാത്തതുകൊണ്ട് കേസ്സെടുക്കാൻ കഴിയില്ലെന്നാണ് പോലീസ് പറഞ്ഞത്. മിസ്സിംഗ് കേസുകളിൽ അപ്പോൾത്തന്നെ കേസ്സെടുക്കണമെന്നാണ് പോലീസ് നിയമം. അത് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് സമ്മതിക്കേണ്ടി വന്നു. കൊച്ചിയിൽ കടൽതീരത്ത് വിശ്രമിക്കാനെത്തിയ സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറിയേയും കുടുംബത്തെയും പോലീസ് ആക്രമിച്ചു. അതിനെതിരെ ശ്രീ. വി. എസ്. അച്യുതാനന്ദൻ നടത്തിയ പ്രസംഗം ഞാനിവിടെ വായിക്കുന്നില്ല. ഗുരുതരമായ നിലയിലാണ് പോലീസിനെ അദ്ദേഹം വിമർശിച്ചത്. നിലമ്പൂരിൽ മാധ്യമ പ്രവർത്തകയെയും സഹോദരനെയും സദാചാര ഗുണ്ടകൾ ആക്രമിച്ചു. പരാതിയുമായി എത്തിയപ്പോൾ ബലാത്സംഗം നടന്നിട്ടുണ്ടെങ്കിൽ കേസ്സെടുക്കാമെന്നാണ് എസ്. ഐ. പറഞ്ഞത്. തിരുവനന്തപുരത്ത് കനകക്കുന്നിലും പോലീസ് സദാചാര ഗുണ്ടകളായി മാറി. സദാചാര ഗുണ്ടകൾ അഴിഞ്ഞാടിയ ഒരു കാലഘട്ടമായിരുന്നു പതിനൊന്നുമാസക്കാലമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. സ്ത്രീ പീഡനങ്ങളുടെ

കഥകൾ സമയപരിമിതിമൂലം ഞാൻ വായിക്കുന്നില്ല. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ കടന്നുകയറുന്നത് തെറ്റാണെന്ന് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. എത്ര സംഭവങ്ങളുണ്ടായി; പൊൻകുന്നത്ത് സ്റ്റേഷൻ അക്രമം നടത്തിയത് ഡി.വൈ.എഫ്.ഐ. പ്രവർത്തകരായിരുന്നു. പത്തനംതിട്ടയിലെ പോലീസ് സ്റ്റേഷൻ അതിക്രമങ്ങൾ നടത്തിയതും ഡി.വൈ.എഫ്.ഐ. പ്രവർത്തകരായിരുന്നു. പയ്യന്നൂരിൽ സി.ഐ. ഓഫീസിൽ കണ്ണൂർ ജില്ലാ സെക്രട്ടറിതന്നെ അകത്തുകയറി പ്രസംഗിച്ച സംഭവം നമ്മൾ മറന്നിട്ടില്ല. കുത്തുപറമ്പിലെ സംഭവം, പോലീസ് സ്റ്റേഷനകത്തുണ്ടായ സംഭവം നമ്മൾ മറന്നിട്ടില്ല. ആരാണ് ഈ സർക്കാരിന് കുറ്റപത്രം ചമയ്ക്കുന്നത്; 'പിണറായി സർക്കാരിന് വി.എസ്.-ന്റെ കുറ്റപത്രം'- മാതൃഭൂമി, 20-04-2017. പിണറായി സർക്കാരിന്റെ പ്രവർത്തനം നേർദിശയിലല്ലെന്ന് വിമർശിച്ച് സി.പി.ഐ.(എം.) കേന്ദ്ര നേതൃത്വത്തിന് മുതിർന്ന നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കത്ത്. ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളും ഇടതു നിലപാടുകളും ലംഘിക്കപ്പെടുന്നതായി ചൂണ്ടിക്കാണിച്ച് വി.എസ്. സർക്കാരിനെ നേർവഴിക്ക് നയിക്കാൻ കേന്ദ്ര നേതൃത്വം ഇടപെടണമെന്നാവശ്യപ്പെട്ടു. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് വാർത്ത വരാത്ത ഒരു ദിവസവുമില്ലെന്ന് വി. എസ്. പറയുന്നു. അഴിമതിയിലും

സ്വജന പക്ഷപാതത്തിലും ശ്രീ. ഇ. പി. ജയരാജനൾപ്പെടെയുള്ള ബന്ധുനിയമന വിവാദവും ചൂണ്ടിക്കാണിച്ച ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുന്നു. പോലീസ് നയത്തിൽ സി.പി.ഐ.-യ്ക്ക് പൂർണ്ണ തൃപ്തിയില്ല – ശ്രീ. കാനം രാജേന്ദ്രൻ. 05.01.2017-ലെ മാതൃഭൂമി വാർത്ത - സർക്കാരിന്റെ പോലീസ് നയത്തിൽ സി.പി.ഐ.-യ്ക്ക് പൂർണ്ണ തൃപ്തിയില്ലെന്ന് പാർട്ടി സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ. പോലീസ് സ്വീകരിക്കുന്ന പല നിലപാടുകളോടും ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ജനകീയ പ്രക്ഷോഭങ്ങളോടും ജനകീയ പ്രസ്ഥാനങ്ങളോടും യു.എ.പി.എ. പ്രയോഗിക്കുന്നുവെന്നാണ് സി.പി.ഐ.-യുടെ നിലപാട്. ഒരേ വിഷയത്തിൽ സി.പി.ഐ. സംഘടനകളോട് പോലീസ് സ്വീകരിച്ച സമീപനവും ബി.ജെ.പി.-യോട് സ്വീകരിച്ച സമീപനവും തെറ്റായതാണെന്ന് അദ്ദേഹം പറയുന്നു. ഇവിടെ കഴിഞ്ഞ ദിവസം യു.എ.പി.എ. കേസ്സുകൾ സംബന്ധിച്ച് ഡി.ജി.പി.-യുടെ ഒരു പ്രസ്താവന പുറത്തുവന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 42 കേസ്സുകളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം നിലനിൽക്കുന്നില്ലെന്നാണ് ഡി.ജി.പി. പറഞ്ഞത്. ഈ കേസ്സുകൾ ആരാണ് ചുമത്തിയത്? നമ്മുടെ സംസ്ഥാനത്ത് യു.എ.പി.എ. ചുമത്തേണ്ട അതീവഗുരുതരമായ കേസ്സുകളുണ്ട്. രാജ്യദ്രോഹ കുറ്റം, അതീവ തീവ്രവാദ സ്വഭാവമുള്ള ഐ.എൻ.എ. പരിശോധിക്കുന്ന

നിരവധി കേസ്സുകൾ, ഐ.എസ്.-മായി ബന്ധപ്പെട്ട ചില കേസ്സുകൾ തുടങ്ങിയവയ്ക്ക് യു.എ.പി.എ. ചുമത്തേണ്ടിവരും. ഞാൻ ഇന്നലെ കാസർഗോഡ് ഉണ്ടായിരുന്നു. കാസർഗോഡ് മദ്രസ അദ്ധ്യാപകനെ കഴുത്തറുത്ത് കൊന്ന സംഭവം നടന്ന പള്ളി ഞാൻ സന്ദർശിച്ചു. അവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും പള്ളി കമ്മിറ്റിക്കാരും ആവശ്യപ്പെടുന്നത് അവിടത്തെ ബി.ജെ.പി.-ക്കാരുടെ പേരിൽ യു.എ.പി.എ. ചുമത്തണമെന്നാണ്. ഇതുവരെ ചുമത്തിയിട്ടില്ല. അങ്ങനെയുള്ള കേസ്സുകളിൽ ചിലപ്പോൾ യു.എ.പി.എ ചുമത്തേണ്ടിവരും. പക്ഷെ ഇവിടെ വ്യാപകമായ തോതിൽ യു.എ.പി.എ. ചുമത്തിയത് സംബന്ധിച്ച് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പരിശോധിക്കാൻ ആവശ്യപ്പെട്ടു. പോലീസ് ജാഗ്രത കാണിക്കാതെ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ എങ്ങനെയാണ് ന്യായീകരിക്കാൻ സാധിക്കുന്നത്; എങ്ങനെയാണ് കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നത്? ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. ജിഷ്ണു പ്രണോയിയുമായി ബന്ധപ്പെട്ട് ഈയടുത്ത കാലത്തുണ്ടായ പ്രശ്നം എത്ര നല്ല നിലയിൽ കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. പോലീസിന്റെ വീഴ്ചയല്ലേ ആ സംഭവം. ഡി.ജി.പി.-യുടെ ഓഫീസിന്റെ മുന്നിൽ സമരം ചെയ്ത ആളുകൾക്ക് ശീതള പാനീയം കൊടുത്ത് അവരെ സ്വീകരിച്ചിരുത്തിയ ഡി.ജി.പി.-മാർ ഉണ്ടായിരുന്ന നാടാണ് കേരളം. ഭംഗിയായി

കൈകാര്യം ചെയ്യാൻ കഴിയുമായിരുന്ന ഒരു സംഭവത്തെ കുളമാക്കിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആരാണ് ഇതിനുത്തരവാദി; ഞങ്ങളുടെ കുറ്റംകൊണ്ടാണോ? പോലീസിന്റെ അവധാനത ഇല്ലായ്മയും ജാഗ്രതയില്ലായ്മയുമാണ് ഇത്തരമൊരു സംഭവത്തിലേയ്ക്ക് നയിച്ചത് എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ ആരാണ് ഡി.ജി.പി.-യെന്ന് ഞാൻ രാവിലെ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിച്ചു, അദ്ദേഹം മറുപടി പറഞ്ഞില്ല. ആരാണ് ഇപ്പോഴത്തെ വിജിലൻസ് ഡയറക്ടർ? ലോ ആന്റ് ഓർഡറിന്റെ ചുമതലയുണ്ടായിരുന്ന ഡി.ജി.പി.-ക്ക് താൽക്കാലിക ചുമതല കൊടുത്തിരിക്കുന്നു. നേരത്തെയുണ്ടായിരുന്ന വിജിലൻസ് ഡയറക്ടർ വീണ്ടും അവധി നീട്ടിയിരിക്കുന്നുവെന്ന് ഇന്ന് പത്രത്തിൽ വായിച്ചു. കേരളത്തിലെ വിജിലൻസിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെയാണ്; എന്തെങ്കിലും പ്രവർത്തനം നടക്കുന്നുണ്ടോ? അന്വേഷിച്ചുകൊണ്ടിരിക്കുന്ന അഴിമതിക്കേസ്സുകളുടെ സ്ഥിതി എന്താണ്; എല്ലാ അഴിമതിക്കേസ്സുകളും കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണോ? വിജിലൻസിന്റെ പ്രവർത്തനം നിശ്ചലാവസ്ഥയിലായിരിക്കുന്നു. ശ്രീ. ഇ. പി. ജയരാജൻ കേസിൽ വിജിലൻസിന് ഒരു നടപടി, ഗവൺമെന്റിന് മറ്റൊരു നടപടി. ഇത് രണ്ടും കോടതിയിൽ കൊടുത്തിരിക്കുകയാണ്. ഇതുപോലൊരു കാലമുണ്ടായിട്ടുണ്ടോ? വിജിലൻസ്

ഡയറക്ടർ കൊടുക്കുന്ന അഫിഡവിറ്റ് ഒന്ന്, സർക്കാർ കൊടുക്കുന്ന അഫിഡവിറ്റ് വേറൊന്ന്. ഇതാണോ പോലീസിന്റെ പ്രവർത്തനങ്ങളിലും വിജിലൻസിന്റെ പ്രവർത്തനങ്ങളിലും ഉണ്ടാകേണ്ടത്? വിജിലൻസിന്റെ തത്ത ഇപ്പോൾ ദേശാടനക്കിളിയായി മാറിയിരിക്കുന്നു. അദ്ദേഹം നാട്ടുവിട്ട് പോയിരിക്കുന്നുവെന്നാണ് പത്രങ്ങൾ പറയുന്നത്. ഈ സംസ്ഥാനത്തെ പോലീസ് ഭരണത്തിന്റെ നിയന്ത്രണം മുഖ്യമന്ത്രിക്ക് നഷ്ടപ്പെട്ടുവെന്ന് പറയേണ്ടി വരുന്നതിൽ വേദനയുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ വകുപ്പിനുമേൽ മുഖ്യമന്ത്രിക്ക് പൂർണ്ണമായ നിയന്ത്രണമുണ്ടാകണം. അങ്ങറിയാതെ 144 പ്രഖ്യാപിക്കുന്ന, കുരിശ് പൊളിക്കുന്ന, അങ്ങയുടെ അടുത്ത് രണ്ടാമത്തെ സ്ഥാനത്തിരിക്കുന്ന റവന്യൂ വകുപ്പുമന്ത്രി. ഈ ഗവൺമെന്റിന് എന്ത് കൂട്ടുത്തരവാദിത്വമാണുള്ളത്? അങ്ങ് എടുക്കുന്ന എല്ലാ നിലപാടുകളെയും മാവോയിസ്റ്റുകൾക്ക് നേരെയുള്ള അതിക്രമങ്ങളെയും വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളെയും യു.എ.പി.എ.-യുയി ബന്ധപ്പെട്ട കാര്യങ്ങളെയും ഈ ഗവൺമെന്റിന്റെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ. എതിർക്കുന്നു. ഇതൊരു കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റും കൂട്ടുത്തരവാദിത്വമുള്ള മുന്നണിയുമാണെങ്കിൽ ഇത്തരം നിലപാടുകൾ എവിടെയുണ്ടാകും? നിങ്ങൾ തമ്മിൽ അഭിപ്രായ

ഐക്യമില്ലാത്തതുകൊണ്ടല്ലേ ഈ സംഭവങ്ങൾ കൂടുതൽ വ്യാപകമാകുന്നത്. കൂട്ടുത്തരവാദിത്വമില്ലാത്തൊരു ഗവൺമെന്റും പരസ്പരവിശ്വാസമില്ലാത്ത മന്ത്രിമാരുമാണ് ഈ സംസ്ഥാനത്തെ ക്രമസമാധാനനിലയ്ക്കും ഭരണത്തകർച്ചയ്ക്കും ഉത്തരവാദികൾ എന്നുപറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങളിൽ തികഞ്ഞ അസംതൃപ്തിയാണ് ജനങ്ങൾക്കുള്ളത്. ആ അസംതൃപ്തിയുടെ പ്രതിഫലനമാണ് കേരളത്തിൽ അങ്ങോളമിങ്ങോളം നമുക്ക് കാണാൻ കഴിയുന്നത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ജയിൽ എന്നുപറയുന്നത് കറക്ഷണൽ സർവ്വീസാണ്. അവിടെവരുന്ന കുറ്റവാളികളെ എന്നും കുറ്റവാളികളായി കാണേണ്ടവരല്ല. അവർക്ക് നാളെ സമൂഹത്തിൽ നല്ലവരായി ജീവിക്കാനുള്ള ട്രെയിനിംഗ് കൊടുക്കേണ്ട സ്ഥലമാണ് ജയിൽ. അക്കാര്യത്തിൽ ചില പോരായ്മകളുണ്ട് എന്നുള്ള പരാതികൾ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. കേരള പോലീസിലുള്ള ഒഴിവുകൾ നികത്തണമെന്നാണ് അവസാനമായി എനിക്ക് പറയാനുള്ളത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ പരമാവധി ഒഴിവുകൾ നികത്തിയിരുന്നു. ഇപ്പോൾ റാങ്ക്ലിസ്റ്റിന് ഒരു വർഷമാണ് കാലാവധി. വയസ് ഒരു ഘടകമായതുകൊണ്ടാണ് നമ്മൾ അങ്ങനെ തീരുമാനിച്ചത്. റാങ്ക് ലിസ്റ്റിൽപ്പെട്ട ചെറുപ്പക്കാരായ ആളുകൾ നിയമനത്തിനായി കാത്തുനിൽക്കുന്നുണ്ട്.

ആഴ്ചകൾക്കുള്ളിൽ അവർക്ക് നിയമനം നൽകാൻ കഴിഞ്ഞില്ലെങ്കിൽ അവർക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നുള്ള പരാതി ഉയർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഭർതൃഹരിയുടെ നീതിശതകം എന്ന പുസ്തകത്തിലെ ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ് - "സ്ഥിതപ്രജ്ഞർ അധിക്ഷേപിക്കപ്പെടാം, പ്രകീർത്തിക്കപ്പെടാം. അവർക്ക് ഐശ്വര്യം വന്നുചേരാം, നഷ്ടമാകാം. അവർ അടുത്ത നിമിഷം മരിച്ചേക്കാം, സംവത്സരങ്ങൾ ജീവിച്ചേക്കാം. എന്തൊക്കെയായാലും ചലിക്കുന്ന ധർമ്മമാർഗ്ഗത്തിൽനിന്ന് അണുകിട അവർ വ്യതിചലിക്കുകയില്ല. ഇതാണ് ധർമ്മിഷ്ടനായ ഒരു ഭരണാധികാരിക്ക് ഉണ്ടാകേണ്ടത്." ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഇത് ഓർക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവടക്കം 14 പേരാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ഒട്ടേറെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഈ ചർച്ചയിലൂടെ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിലെ പോലീസ് എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് കേരളത്തിലെ എല്ലാപേർക്കും നല്ല വ്യക്തതയുള്ളതാണ്. നമ്മുടെ സംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1957-ൽ

ആദ്യം രൂപീകൃതമായ സർക്കാരാണ് പോലീസ് എങ്ങനെ നീങ്ങണമെന്നതിനെക്കുറിച്ച് സമഗ്രമായ ഒരു നയം കൊണ്ടുവരുന്നത്. അതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് അക്കാലത്ത് നിലവിലുണ്ടായിരുന്ന സമ്പ്രദായങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു രീതി കേരളത്തിലെ പോലീസിന് നടപ്പാക്കാൻ കഴിഞ്ഞു. അതുവരെ കേരളത്തിലുണ്ടായിരുന്ന രീതികളിൽനിന്നും വ്യത്യസ്തമായതുമായിരുന്നു. 2011 മുതൽ 2016 വരെ നമ്മുടെ സംസ്ഥാനത്ത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നതിനുശേഷമാണ് 2016-ൽ ഈ പുതിയ സർക്കാർ അധികാരത്തിലേറുന്നത്. 2011 മുതൽ 2016 വരെയുള്ള ആ കാലയളവ് നമ്മുടെ സംസ്ഥാനത്തിന്റെ 1957 മുതൽ 2011 വരെയുണ്ടായ കാലത്തിൽനിന്നും തീർത്തും വ്യത്യസ്തമായതായിരുന്നു. ഇടയ്ക്കുള്ള അടിയന്തരാവസ്ഥയുടെ ഘട്ടം മറന്നുകൊണ്ടല്ല ഞാൻ പറയുന്നത്. എങ്കിലും നമ്മുടെ സംസ്ഥാനത്ത് കൃത്യമായി നിയമങ്ങളും ചട്ടങ്ങളും പാലിക്കാനുള്ള ശ്രമം പല ഘട്ടങ്ങളിലായിട്ടുണ്ടായിരുന്നു. ഇവിടെ ഇടതുപക്ഷം അധികാരത്തിലിരിക്കുന്ന ഘട്ടത്തിലുള്ള നയമല്ല യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് രണ്ടുംതമ്മിലുള്ള വ്യത്യാസം നല്ലനിലയ്ക്ക് കാണാമായിരുന്നു. പക്ഷെ, 2011 മുതൽ 2016 വരെയുള്ള കാലയളവിൽ നമ്മുടെ സിസ്റ്റത്തെതന്നെ

തകർക്കുകയായിരുന്നു. എന്തുമാകാമെന്നും നിയമവിരുദ്ധമായി ഏത് കാര്യവും ചെയ്യാമെന്നുമുള്ള നിലവരുത്തുകയായിരുന്നു. രാഷ്ട്രീയ പ്രതിയോഗികളെ അമർച്ച ചെയ്യുന്നതിനുവേണ്ടി നമ്മുടെ നാട്ടിലെ പോലീസ് വിഭാഗത്തെയടക്കം ഉപയോഗിച്ച ഒരു ഘട്ടമായിരുന്നു 2011-2016 കാലം. അതിന്റെ ഭാഗമായി പ്രത്യേകമായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുണ്ടായിരുന്നു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെത്തന്നെ തെറ്റായ വഴിയിലേയ്ക്ക് നീക്കുകയായിരുന്നു. ഇതിന്റെയെല്ലാം ഫലമായി പോലീസ് സേനയിൽ ഒരുകാലത്തുമില്ലാത്ത തരത്തിലുള്ള അപചയമാണ് സംഭവിച്ചത്. അതിന്റെ ഭാഗമായി പോലീസ് പരസ്യമായി രാഷ്ട്രീയപക്ഷപാതം കാണിക്കുന്നത് നമ്മൾ കണ്ടു. പ്രതിപക്ഷത്തിരിക്കുന്ന നേതാക്കളെയും പ്രവർത്തകരെയും എങ്ങനെയെല്ലാം കേസിൽപ്പെടുത്താമെന്നും ഏതെല്ലാം തരത്തിൽ ശിക്ഷിക്കാമെന്നും പീഡിപ്പിക്കാമെന്നുമുള്ള ഗവേഷണത്തിലേർപ്പെടുന്ന ഉയർന്ന പോലീസുദ്യോഗസ്ഥർ ഈ നാട്ടിലുണ്ടായി. ഇതിന്റെയെല്ലാം ഫലമായി പോലീസ് മൊത്തത്തിൽ അപചയത്തിലായി. നമ്മുടെ നാട്ടിൽ ഇടിമുറികൾ അപ്പോഴാണ് സജീവമായത്. പണ്ടുകാലത്തുണ്ടായിരുന്ന ഇടിമുറികൾ വീണ്ടും കേരളത്തിന്റെ പല ഭാഗങ്ങളിലും സജീവമായി. കേരളത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ഒട്ടേറെ നേതാക്കന്മാരുടെയും സാധാരണക്കാരായ പ്രവർത്തകരുടെയും ശരീരം ജോലിചെയ്ത്

ജീവിക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് എത്തിക്കുന്ന തരത്തിലുള്ള ഭീകരമായ ഭേദ്യത്തിനിരയായി. എല്ലാ നിയമവും ചട്ടവും മാറ്റിവച്ചുകൊണ്ട് എന്തുമാകാം എന്നുള്ള അവസ്ഥ വരികയും പല ലോക്കപ്പുകളിലും ഭീകരമായ മർദ്ദനങ്ങൾ നടത്തുകയും ചെയ്തു. ഇതെല്ലാം സംഭവിച്ചതിനുശേഷമാണ് ഇക്കഴിഞ്ഞ 2016-ൽ ഈ പുതിയ സർക്കാർ അധികാരത്തിൽ വരുന്നത്. അങ്ങനെയൊരു സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള ഈ അവസ്ഥ പോലീസിൽ സംഭവിക്കാൻ പാടില്ലാത്തതെല്ലാം സംഭവിച്ചുകഴിഞ്ഞതിന്റെ ഭാഗമായുള്ള അജീർണ്ണതയായിരുന്നു. പോലീസിൽ വലിയ തോതിലുള്ള ജീർണ്ണത ബാധിച്ചുകഴിഞ്ഞിരുന്നു. ആ ജീർണ്ണതയുടെ ഭാഗമായുള്ള ഒരു സംഘമായി പോലീസിലെ ഒരുകൂട്ടം ആളുകൾ മാറിയിരുന്നു. ഇവിടെ എൽ.ഡി.എഫ്. ആദ്യമായി അധികാരത്തിൽ വരുന്നതല്ല, എൽ.ഡി.എഫ്. നേരത്തേ പല ഘട്ടങ്ങളിലായി അധികാരത്തിലുണ്ടായിരുന്നു. എൽ.ഡി.എഫ്.-ന്റെ നയമെന്താണെന്ന് എൽ.ഡി.എഫ്. നയം പ്രഖ്യാപിക്കാതെ തന്നെ കേരളത്തിന് അറിയാം, കേരളത്തിലെ പോലീസിനും അറിയാം. പക്ഷെ മനുഷ്യരായവർ അഞ്ചുവർഷക്കാലം ശീലിച്ച ദുഷ്ചെയ്തികളിൽനിന്ന് പെട്ടെന്ന് മോചിതരാകില്ല. അതിന്റേതായ ഒട്ടേറെ കാര്യങ്ങൾ ഇവിടെ സംഭവിച്ചിട്ടുണ്ട്. അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വീഴ്ചകൊണ്ടോ എൽ.ഡി.എഫ്. ഗവൺമെന്റിന് ശരിയായ

നയമില്ലാത്തതോ കൊണ്ടല്ല. ശരിയായ നയംതന്നെ ഇവിടെ നടപ്പാക്കാൻ പുറപ്പെട്ടെങ്കിലും പല സ്ഥലങ്ങളിലും അത് നടപ്പിലാക്കേണ്ടവർക്ക് ശരിയായ നയം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി ചില സംഭവങ്ങൾ ചില സ്ഥലങ്ങളിലുണ്ടായി എന്നുള്ളത് വസ്തുതയാണ്. സാധാരണ നിലയിൽ എൽ.ഡി.എഫ്. സർക്കാരിന് കീഴിൽ ഉണ്ടാകാൻ പാടില്ലാത്ത തരത്തിലുള്ള ചില സംഭവങ്ങൾ ചില സ്ഥലങ്ങളിലുണ്ടായത് മുൻകാലത്തെ ഹാങ്ഓവറിൽനിന്ന് മാറാൻ കഴിഞ്ഞില്ല എന്നുള്ളതുകൊണ്ടാണ്. അതിന്റെ തുടർച്ചയായാണ് ഇത് സംഭവിച്ചത്. എന്നാൽ അതെല്ലാം ശക്തമായ നടപടിയിലൂടെ നേരിടുന്ന നിലവന്നു. അത്തരക്കാർക്ക് യാതൊരു സംരക്ഷണവും ലഭിക്കില്ലെന്ന നിലവന്നു. അതോടെ കാര്യങ്ങൾ നേരെയായതായാണ് നമുക്ക് കാണാൻ സാധിക്കുക. ഇവിടെ ഉയർന്നുവന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ, രാവിലെ ചർച്ചചെയ്ത കാര്യങ്ങൾ വീണ്ടും ആവർത്തിക്കേണ്ടതില്ല. പോലീസ് ഇപ്പോൾ വളരെ കൃത്യതയോടെ തന്നെ പ്രവർത്തിച്ചുവരികയാണ്. എങ്ങനെ പ്രവർത്തിക്കണമെന്ന നിശ്ചിതമായ ധാരണയോടെ തന്നെയാണ് പോലീസ് നീങ്ങിക്കൊണ്ടിരിക്കുന്നത്. നല്ല തരത്തിൽ തന്നെ കാര്യങ്ങളിൽ ഇടപെട്ട് പോകുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. പോലീസ് സ്റ്റേഷനുകളിലെ സൗകര്യങ്ങളുടെ അഭാവം

സംബന്ധിച്ച കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കപ്പെട്ടു. പോലീസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം, സി.ഐ. ഓഫീസ്, ഡിവൈ.എസ്.പി. ഓഫീസ് എന്നിവിടങ്ങളിലെല്ലാം നല്ല സൗകര്യങ്ങൾ ഒരുക്കണം എന്നെല്ലാമുള്ള നിർദ്ദേശങ്ങൾ വന്നിരുന്നു. അത് ശരിയാണ്. നമ്മുടെ നാട്ടിലെ പോലീസ് സ്റ്റേഷനുകൾ പലതും നല്ല രീതിയിൽ മാറ്റിത്തീർക്കേണ്ടതായിട്ടുണ്ട്. പല മാറ്റങ്ങളും അവിടെ ഉണ്ടാകേണ്ടതായിട്ടുണ്ട്. അവിടങ്ങളിൽ നല്ല രീതിയിലുള്ള അടിസ്ഥാനസൗകര്യം ഒരുക്കേണ്ടതായിട്ടുണ്ട്. അവിടങ്ങളിൽ ഇരിക്കാനുള്ള സൗകര്യങ്ങളില്ലെന്ന് ഇവിടെ ചില ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് ശരിയായ കാര്യമാണ്. അതിന് മാറ്റംവരുത്തേണ്ടത് തന്നെയാണ്. അത്തരം കാര്യങ്ങൾ സർക്കാർ പ്രത്യേകമായിത്തന്നെ ശ്രദ്ധിക്കുന്നതാണ്. ഇവിടെ ഒരു പ്രധാന പ്രശ്നമായി ഉന്നയിച്ചത് ശ്രീ. രമൺ ശ്രീവാസ്തവയെ ഉപദേശകനായി സ്വീകരിച്ചുവെന്നതാണ്. എന്തോ വല്ലാത്ത മാറ്റം എൽ.ഡി.എഫ്.-ന് സംഭവിച്ചുവെന്നാണ് പറയുന്നത്. ശ്രീ. രമൺ ശ്രീവാസ്തവ നമ്മുടെ സംസ്ഥാനത്തിന് പുറത്ത് സ്വീകരിച്ച സ്ഥാനമാനങ്ങൾ അവിടെയിരിക്കട്ടെ, അത് എല്ലാവർക്കുമറിയാം. മുമ്പ് യു.ഡി.എഫ്. സർക്കാർ ഡി.ജി.പി.-യായി നിശ്ചയിച്ച ആളാണ് അദ്ദേഹം. ഞങ്ങൾ ഭരിക്കുന്ന കാലത്ത് ഞങ്ങളോടൊപ്പവും ഡി.ജി.പി.-യായി ഇരുന്നയാളാണ്. സാധാരണ ഗതിയിൽ

അങ്ങനെയുള്ള ഒരാളെ ഉപദേശകനായി സ്വീകരിക്കുന്നതിൽ ഒരു തെറ്റുമില്ല. ഡി.ജി.പി.-യായി ഇരുത്താം, ഉപദേശകനാകുമ്പോൾ മാത്രം പ്രത്യേക ആപത്ത് സംഭവിക്കുമോ? ആ തരത്തിൽ അതിനെ എടുക്കേണ്ടതില്ല. എങ്ങനെയാണ് സംസ്ഥാനത്തെ പോലീസ് സേനയെ ശക്തിപ്പെടുത്താൻ പോകുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. സംസ്ഥാനത്തെ പോലീസ് ഇവിടെ പ്രവർത്തിക്കേണ്ടത് എങ്ങനെയെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ സംസ്ഥാന ഗവൺമെന്റിനുണ്ട്. പോലീസ് പക്ഷപാതരഹിതമായി നിയമം പാലിച്ചുപോകുകയാണ് വേണ്ടത്. ആ കാര്യത്തിൽ ഒരു വ്യത്യാസവുമില്ല. പക്ഷപാതരഹിതമായി നിയമം പാലിച്ചുകൊണ്ടുതന്നെ പോലീസ് നീങ്ങും. പോലീസ് ഓഫീസർമാരും പോലീസുകാരും ആരെയും ഭയപ്പെടേണ്ടതില്ല. നിയമത്തിനെ മാത്രമേ അവർ അനുസരിക്കേണ്ടതുള്ളൂ. ഒരു പ്രലോഭനങ്ങൾക്കും അവർ വഴങ്ങേണ്ടതായിട്ടില്ല. നിയമം കൃത്യമായി പാലിച്ചുപോകുന്ന നിലയുണ്ടാകണമെന്ന് തന്നെയാണ് പോലീസിനുള്ള കൃത്യമായ നിർദ്ദേശം. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കുമെതിരെ കുറ്റകൃത്യങ്ങൾ ഉയർന്നുവരുമ്പോൾ അതിശക്തമായി ഇടപെടുന്ന രീതിയിലേയ്ക്ക് കേരള പോലീസ് മാറുകയാണ്. ഈ വിഭാഗത്തിനെല്ലാം സംരക്ഷണവും സഹായവും നൽകാൻ പോലീസ് എപ്പോഴും സന്നദ്ധമായിരിക്കും.

ഒരു വീഴ്ചയും ആ കാര്യത്തിൽ സംഭവിക്കുകയില്ല എന്നുതന്നെ ഉറപ്പാക്കാവുന്നതാണ്. പോലീസിനെ സംബന്ധിച്ച് പലപ്പോഴും ഉയർന്നുവരുന്ന ഒരു ആക്ഷേപം ചില ഘട്ടങ്ങളിൽ ചില പോലീസുകാർ വല്ലാതെ തട്ടിക്കയറുന്നു, മോശമായി പെരുമാറുന്നു എന്നുള്ളതാണ്. അത്തരത്തിൽ പെരുമാറാൻ പാടില്ലെന്നും നല്ല രീതിയിൽ മര്യാദയോടെയും സഹാനുഭൂതിയോടെയും പെരുമാറുന്ന നിലപാട് പോലീസ് സ്വീകരിച്ചുപോകണമെന്ന് മൊത്തത്തിൽ പോലീസ് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ എൽ.ഡി.എഫ്.-ന്റെ പോലീസ് നയത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. ഒരു തരത്തിലുള്ള മൂന്നാംമുറയും ഈ സർക്കാർ അംഗീകരിക്കുന്നില്ല. പോലീസ് സ്റ്റേഷനകത്തായാലും പുറത്തായാലും മൂന്നാംമുറ അനുവദിക്കില്ലെന്ന നിലപാട് തന്നെയാണ് സർക്കാരിനുള്ളത്. ഏതെങ്കിലും തരത്തിൽ മൂന്നാംമുറയുണ്ടായതായി പരാതി വരികയാണെങ്കിൽ ആ പരാതി സംബന്ധിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പെട്ടെന്നുതന്നെ ഇടപെടുകയും കർക്കശമായ നടപടി സ്വീകരിക്കുകയും ചെയ്യും. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കുനേരെ പെട്ടെന്നുതന്നെ നടപടി സ്വീകരിക്കുന്ന നിലപാട് ഇതിനകംതന്നെ ഉണ്ടായിക്കഴിഞ്ഞത് നമ്മുടെ സമൂഹം ശ്രദ്ധിച്ചിട്ടുള്ളതാണ്. അതുപോലെ നമ്മുടെ നാട്ടിൽ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നം, കേരളത്തിൽ പല

സ്ഥലങ്ങളിലും പല തരത്തിലുള്ള ഗുണ്ടായിസം ഉയർന്നുവരുന്നുണ്ട്, പ്രത്യേകിച്ചും പട്ടണപ്രദേശങ്ങളിൽ. ഗുണ്ടായിസം ഒരു കാരണവശാലും അനുവദിക്കാൻ പറ്റില്ല. ഗുണ്ടായിസത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനം പോലീസ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. പട്ടണപ്രദേശങ്ങളിൽ ഗുണ്ടകൾ നല്ല രീതിയിൽ അഴിഞ്ഞാടാൻ നോക്കുന്നുണ്ട്. ആ ഗുണ്ടകളെ നിയന്ത്രിക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ആവശ്യമാണ്. പല തരത്തിലാണ് ഇടപെടൽ വരുന്നത്. പല തരത്തിൽ നിയമം കയ്യിലെടുക്കാൻ നോക്കുകയാണ്. നിയമം കയ്യിലെടുക്കുന്ന ഗുണ്ടകൾക്ക് ഒരുതരത്തിലുള്ള സംരക്ഷണവും കൊടുക്കില്ല. ഇപ്പോൾത്തന്നെ ഗുണ്ടകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വീകരിച്ച നടപടികൾ നമ്മുടെ സമൂഹം പൊതുവെ സ്വാഗതം ചെയ്യുന്നുമുണ്ട്. എന്നാൽ അവിടെ നിന്നാൽപോരാ കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് കടക്കണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ചില ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ പോലീസ് സ്റ്റേഷനുകളിലെ പഴയശീലങ്ങൾ വച്ച് ഒരു പരിഭ്രമത്തോടെയാണ് ആളുകൾ കടന്നുചെല്ലുന്നത്. അതിനാൽ അവരെ സഹായിക്കാനും അവർക്ക് സഹായകരമായ നിലപാട് സ്വീകരിക്കാനും നല്ല രീതിയിൽ ബന്ധപ്പെടാനും പെരുമാറാനുമൊക്കെ സാധിക്കുന്ന പോലീസുകാരെ

പ്രത്യേകമായി തന്നെ അതിന് ചുമതലപ്പെടുത്തിക്കൊടുക്കും. അതിന്റെ ഭാഗമായി അവർക്കെന്ത് സഹായമാണോ വേണ്ടത്, ആ സഹായം പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന നിലയുണ്ടാകും. അങ്ങനെയൊരു പബ്ലിക് റിലേഷൻ പ്രവർത്തനം നടത്താൻ പറ്റുന്ന തരത്തിലുള്ള പോലീസുകാരെ പോലീസ് സ്റ്റേഷനിൽ തന്നെ പ്രത്യേകം നിയോഗിക്കുന്ന നിലയാണ് സ്വീകരിക്കാൻ പോകുന്നത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ വേണ്ടി ഇതിനകം തന്നെ സ്വീകരിച്ച നടപടികൾ സമൂഹം പൊതുവിൽ ശ്രദ്ധിച്ചിട്ടുള്ളതാണ്. ആ നടപടികളോടൊപ്പം, പോലീസ് തന്നെ മുൻകൈയെടുത്ത് പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കുവേണ്ടിയിട്ടുള്ള ചില പരിശീലനങ്ങൾ നൽകുന്ന നടപടിയും സ്വീകരിക്കാൻ പറ്റും. അത്തരത്തിലുള്ള നടപടികൾ ഇപ്പോൾ ചിലയിടങ്ങളിൽ പോലീസ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വ്യാപകമായി അത്തരം നടപടികൾ സ്വീകരിക്കാനാവണം എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. ജനമൈത്രി പോലീസിംഗ് ഇപ്പോൾ ഏതാനും ചില സ്റ്റേഷനുകളിലല്ല, സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസിംഗിന്റെ ഭാഗമാവുകയാണ്. അതിന്റെ ഭാഗമായി ജനമൈത്രി ബീറ്റ് പോലീസിംഗിന് മുൻഗണന നൽകും. എല്ലാ പ്രദേശങ്ങളിലും കഴിയാവുന്നത്ര ആളുകളുമായി ബന്ധപ്പെടും. ഒറ്റയ്ക്ക് താമസിക്കുന്നവർ;

പരസഹായം വലിയ തോതിൽ ആവശ്യമുള്ള പ്രായസ്ഥന്മാരായിട്ടുള്ള ആളുകൾ; ഒറ്റപ്പെട്ട വീടുകൾ അങ്ങനെയെല്ലാമുള്ള വീടുകളിൽ ഈ ബീറ്റ് പോലീസിംഗിന്റെ ഭാഗമായി ചെല്ലുകയും വിവരങ്ങൾ അന്വേഷിക്കുകയും ചെയ്യും. അതിലൂടെ നല്ല സുരക്ഷിത ബോധമുണ്ടാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നും വേണമെന്ന് ഇതിനകം തന്നെ കണ്ടുകഴിഞ്ഞിട്ടുണ്ട്. അതുപോലെ നേരത്തെ നമ്മുടെ സംസ്ഥാനത്തുണ്ടായ ചില അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള ഒരു പൊതുവായ സമീപനം, ഒരു ക്രൈം കേസും രജിസ്റ്റർ ചെയ്യാതിരിക്കരുത് എന്നുള്ളതാണ്. എല്ലാ ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിരിക്കണം. അതിനകത്ത് പരിധി ഒരു ഘടകമായി എടുക്കേണ്ടതില്ല. ഒരു സ്റ്റേഷനിൽ ചെന്ന് ഒരു പരാതി പറയുമ്പോൾ ഇത് ഈ സ്റ്റേഷൻ പരിധിയിൽപ്പെട്ടതല്ല, നിങ്ങൾ ഇന്ന സ്ഥലത്ത് ചെല്ലൂവെന്ന് പറഞ്ഞ് അങ്ങോട്ടയയ്ക്കേണ്ട കാര്യമില്ല. അവിടെത്തന്നെ പരാതി രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട സ്ഥലത്തേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യും. അത് ആളുകൾക്ക് സഹായകരമായിരിക്കും. പരാതിയുമായി ചെല്ലുന്നവരെ സഹായിക്കുക എന്ന രീതിയിലായിരിക്കും പോലീസ് നീങ്ങേണ്ടത് എന്ന് ഇതിനകം തന്നെ പോലീസിന് വ്യക്തത വന്നിട്ടുണ്ട്. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന പേര് ഇപ്പോൾ

നമുക്ക് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ അതുകൊണ്ട് നമുക്ക് ആശ്വസിക്കാൻ പറ്റില്ല. അഴിമതി പൂർണ്ണമായും ഒഴിവാക്കാൻ നമുക്ക് കഴിയണം. ഒരു തരത്തിലും അഴിമതിയുണ്ടാകാൻ പാടില്ല. അതുകൊണ്ടുതന്നെ ഏത് തലത്തിലുള്ള അഴിമതിയും സർക്കാർ വച്ച് പൊറുപ്പിക്കില്ല എന്ന സമീപനം തന്നെയാണ് തുടർന്നുപോകുക. അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ ഉയർന്നുവന്നാൽ ഗൗരവമായിത്തന്നെ പോലീസിൽ പരിശോധനയുണ്ടാകും; ആവശ്യമായ നടപടികളുമുണ്ടാകും. ഇവിടെ കഴിഞ്ഞകാലത്ത് പരസ്പരം പോരടിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുണ്ടായിരുന്നു. വാദപ്രതിവാദങ്ങൾ പരസ്യമായി നടത്തുക; പ്രസ്താവനകൾ നടത്തുക; ഫെയ്സ്ബുക്ക് അതിനായി ഉപയോഗിക്കുക ഇത്തരത്തിലുള്ള ഒരു നിലയും ആവർത്തിക്കാൻ പാടില്ലെന്നുതന്നെയാണ് കാണുന്നത്. ശക്തമായ അച്ചടക്കം പോലീസിന് നിർബന്ധമാണ്. ആ അച്ചടക്കം നല്ല നിലയിൽ പാലിച്ചുപോകാൻ കഴിയണം എന്നുതന്നെയാണ് കാണുന്നത്. അതിനുതകുന്ന നടപടികൾ തന്നെയാണ് സ്വീകരിക്കുക. അച്ചടക്കലംഘനം ഒരു കാരണവശാലും വച്ചുപൊറുപ്പിക്കില്ല.

ഇവിടെ ട്രാഫിക്കുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. കേരളത്തിലെ റോഡുകളിൽ പൊലിയുന്ന ജീവനുകളുടെ എണ്ണം വളരെ കൂടുതലാണ്. റോഡപകടങ്ങളിലാണ് ഇതെല്ലാം സംഭവിക്കുന്നത്. യഥാർത്ഥത്തിൽ വലിയ

തോതിൽ ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു വിഭാഗമാണ് ട്രാഫിക് രംഗത്തുള്ള പോലീസുകാർ. ട്രാഫിക് പോലീസിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം എന്നുള്ളത് ശരിയാണ്. ആവശ്യമായ ക്രമീകരണം അക്കാര്യത്തിൽ കൊണ്ടുവരുന്നതാണ്. എങ്ങനെ ശക്തിപ്പെടുത്തണമെന്നുള്ള കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. അതോടൊപ്പംതന്നെ ട്രാഫിക് ചെക്കിംഗ്, ട്രാഫിക് ക്രമീകരിക്കൽ ഇതെല്ലാം ഇതിനോടൊപ്പം നടക്കും. അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ പോലീസ് വിചാരിച്ചാൽ മാത്രം കഴിയുന്നതല്ല. എന്നാൽ അപകടങ്ങൾ നല്ലതുപോലെ കുറയ്ക്കാനും തടയാനും ഇത്തരം ട്രാഫിക് പരിശോധനകളിലൂടെ സാധിക്കും. അതിന് ബന്ധപ്പെട്ട ജില്ലകളിലെ പോലീസ് മേധാവികൾ തന്നെ നേതൃത്വം കൊടുക്കണമെന്നതും ഇതിനകം തന്നെ നിർദ്ദേശിച്ചുകഴിഞ്ഞിട്ടുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട നിയമം ശക്തമായി നടപ്പാക്കുന്നതുമായിരിക്കും.

നമ്മുടെ സംസ്ഥാനത്ത് ചില കേന്ദ്രങ്ങളിൽ ഉയർന്നുവരുന്ന ക്രിമിനൽ സംഘങ്ങളും പല വിധത്തിലുള്ള ആയുധങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരുമുണ്ട്. അത്തരം സംഘങ്ങൾ നിയമം കൈയിലെടുക്കാൻ തയ്യാറാകുകയാണ്. അവരെയെല്ലാം നിയന്ത്രിക്കുന്ന നടപടിയിലേയ്ക്ക് തന്നെ പോലീസ് നീങ്ങും. ഓരോ സ്റ്റേഷൻ അതിർത്തിയിലും പ്രവർത്തിക്കുന്ന ക്രിമിനൽ

സംഘങ്ങളെക്കുറിച്ച് ആ സ്റ്റേഷന് വ്യക്തമായ ധാരണയുണ്ടാകും. എപ്പോഴും അവരെ ഗൗരവമായി വീക്ഷിച്ചുകൊണ്ടു നീങ്ങണം എന്നുതന്നെയാണ് പോലീസ് കാണുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള മറ്റൊരു പ്രശ്നം, ഇവിടെ ജീവിക്കുന്നത് നമ്മുടെ സംസ്ഥാനത്തുള്ള ആളുകൾ മാത്രമല്ല, ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളം വരുന്നുണ്ട്. ഉപജീവനമാർഗ്ഗത്തിനു വേണ്ടിയാണ് അവർ ഇങ്ങോട്ടുവരുന്നത്. ഇവിടെ വന്ന് ജോലി ചെയ്താൽ നല്ല വരുമാനം ലഭിക്കും. കുടുംബത്തെ പോറ്റാൻ ഇവിടെ നിന്ന് പൈസ അയച്ചുകൊടുക്കാൻ കഴിയുമെന്നുള്ള നല്ല ധാരണയോടെ തന്നെ ജോലിക്കുവേണ്ടിയും ജീവസന്താരണത്തിനുവേണ്ടിയും ഇങ്ങോട്ടുവരുന്നവരാണ് മഹാഭൂരിഭാഗവും. എന്നാൽ ആ കൂട്ടത്തിൽ ക്രിമിനലുകളും ക്രിമിനൽ പശ്ചാത്തലമുള്ളവരും വരുന്ന നിലയുണ്ട്. ഇത് ഗൗരവമായി വീക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ക്രമസമാധാന രംഗത്തെ അത് ബാധിക്കും. അതുകൊണ്ട് തന്നെ ഇവരെയെല്ലാം ഉൾക്കൊള്ളുംവിധം ഒരു ഡാറ്റാ ബാങ്ക് പോലീസ് വികസിപ്പിക്കുമെന്ന് കണ്ടുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ വന്നാൽ അവരെക്കുറിച്ച് കൃത്യമായി ധാരണയുണ്ടാക്കാനും അതനുസരിച്ച് നിലപാട് സ്വീകരിക്കാനും കഴിയും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ആളുകളെ കൊണ്ടുവരുന്ന കോൺട്രാക്ടേഴ്സുണ്ട്.

അത്തരത്തിൽ കൊണ്ടുവരുമ്പോൾ തന്നെ അതാത് പോലീസ് സ്റ്റേഷനുകളിൽ അവരുടെ വിവരങ്ങൾ കംപ്ലീറ്റായി നൽകിയശേഷം മാത്രമേ അവർക്ക് അവിടെ ജോലി ചെയ്യാൻ കഴിയൂവെന്ന ഒരു നിബന്ധന വച്ചാൽ...., ഞങ്ങളുടെ കാലത്ത് അത് തുടങ്ങി വച്ചതാണ്, അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അത് ലേബർ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ചെയ്താൽ നന്നായിരിക്കുമെന്നാണ് എന്റെ ഒരു അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് നല്ല നിർദ്ദേശം തന്നെയാണ്. ഇപ്പോഴുള്ളത് വച്ച് ഡാറ്റാ ബാങ്കുണ്ടാക്കുകയും പുതുതായി വരുന്നവരെക്കുറിച്ച് കൃത്യമായി വിവരം ശേഖരിക്കുകയും ചെയ്യുക. ഇതോടുകൂടി കൃത്യമായി വിവരമാകുമെന്നു തന്നെയാണ് കണക്കാക്കുന്നത്.

അതോടൊപ്പം ഏറ്റവും വലിയ ഒരു ആപത്തായി വരുന്ന കാര്യമാണ് നമ്മുടെ നാട്ടിലെ മയക്കുമരുന്നിന്റെ വ്യാപനം. മയക്കുമരുന്ന് വ്യാപനമെന്നു പറയുന്നത് നാമെല്ലാം ഉദ്ദേശിക്കുന്നതിനപ്പുറം ഭീതിജനകമായ അന്തരീക്ഷമാണ് ഉണ്ടാക്കുന്നത്. നമ്മുടെ നാടിന്റെ ഭാവിയെ തകർക്കുന്ന തരത്തിലുള്ള നീക്കങ്ങളാണ് വരുന്നത്. ചെറിയ കുഞ്ഞുങ്ങളെ; യുവതലമുറയെ മയക്കുമരുന്നിന്റെ അടിമയാക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽ ഗൗരവമായി ഇടപെടാൻ കഴിയണം.

എക്സൈസ് വകുപ്പ് ഇടപെടുന്നുണ്ട്. ഇക്കാര്യത്തിൽ പോലീസും തുല്യപങ്കാളിത്തത്തോടെ തന്നെ ജാഗ്രത പാലിക്കേണ്ടതാണ്. നമ്മുടെ നാടിനെ തകർത്തുകളയുന്നതാണത്. മയക്കുമരുന്നിന് അടിമപ്പെട്ടാൽ മനുഷ്യത്വമില്ലാതാകുകയാണ്; മനുഷ്യനല്ലാതാകുകയാണ്; അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലേയ്ക്കുടക്കം എത്തിപ്പെടുകയാണ്. അടുത്ത കാലത്തുള്ള വാർത്ത നമ്മളെയെല്ലാവരെയും ഞെട്ടിച്ചതാണ്. മയക്കുമരുന്നിന് അടിമപ്പെട്ട ഒരാൾ കുറ്റകൃത്യങ്ങളിൽപ്പെടുന്നുവെന്നു മാത്രമല്ല ഒന്നിനും പറ്റാത്ത ഒരു മാംസപിണ്ഡമായി മാറുകയും ചെയ്യുകയാണ്. അത്തരത്തിലുള്ള ഒരു വിപത്ത് തടയാൻ വേണ്ടി വലിയ തോതിലുള്ള ഇടപെടൽ നമ്മുടെ നാട്ടിലുണ്ടാകേണ്ടതുണ്ട്. അതിന് പോലീസിൽ, സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേകമായിതന്നെ ഒരു സംഘം പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇതിന് ഇവിടെ മാത്രമല്ല വേര്, പുറമേ നിന്നും കൊണ്ടുവരുന്നതാണ്. അതെങ്ങനെയാണ് എന്നതടക്കം കണ്ടുപിടിക്കാനുള്ള ശ്രമങ്ങളുണ്ടാകണം. കൃത്യമായ നടപടികൾ ആ കാര്യത്തിലുണ്ടാകണം.

ഇവിടെ വളരെ പ്രധാനപ്പെട്ട ഒന്നാണ് കാപ്പയുമായി ബന്ധപ്പെട്ട പ്രശ്നം. ഇതിൽ നേരത്തെ തന്നെ നിലപാടെടുത്തതാണ്. രാഷ്ട്രീയ കേസ്സുകൾക്ക് കാപ്പ ബാധകമാക്കാൻ പാടില്ലെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിയമത്തിൽ അങ്ങനെയുണ്ടെങ്കിലും ചില രാഷ്ട്രീയ കേസ്സുകൾക്ക് കാപ്പ ബാധകമാക്കുന്ന നില വന്നു. ഏതായാലും കാപ്പ രാഷ്ട്രീയ കേസ്സുകൾക്ക് ബാധകമാകില്ല എന്ന നിലപാട് തന്നെയാണ് തുടർന്നുപോകുന്നത്. രാഷ്ട്രീയപ്രവർത്തകർക്ക് നേരെ കാപ്പ ചുമത്തേണ്ടതില്ല എന്നുതന്നെയാണ് കാണുന്നത്. അതുപോലെ UAPA-യുമായി ബന്ധപ്പെട്ട കാര്യത്തിൽ, ഇപ്പോൾ UAPA നമ്മുടെ നിയമസംഹിതയിലുണ്ട്. അത് ദുരുപയോഗം ചെയ്യാൻ പാടില്ല. ഇവിടെ സർക്കാരിന്റെ നയം വ്യക്തമാണ്. സാധാരണ നിലയ്ക്ക് UAPA ചുമത്തുന്നതിനോട് സർക്കാർ അനുകൂലമല്ല. എന്നാൽ UAPA ചുമത്തേണ്ട അസാധാരണമായ കേസ്സുകളിൽ മാത്രമേ UAPA ചുമത്താൻ പാടുള്ളൂ. എന്നാൽ കഴിഞ്ഞ കുറേ കേസ്സുകൾ പരിശോധിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്കുകൾ ഞാൻ പിന്നീട് വ്യക്തമാക്കാം.

ഇവിടെ മറ്റൊരു കാര്യം, നമ്മുടെ രാജ്യത്ത് ചില സംസ്ഥാനങ്ങളിൽ പോലീസിന് ഒരു പ്രത്യേക മുഖമുണ്ട്. അടുത്തകാലത്ത് ഗുജറാത്തിൽ നടന്ന ഒരു സംഭവത്തിന്റെ വാർത്ത നമുക്ക് കാണാൻ കഴിഞ്ഞു. അവിടെ ഏകദേശം ആറായിരം ആളുകൾ പോയി ഒരു ഗ്രാമം ചുട്ടെരിച്ചു കളഞ്ഞു. അവിടെ പോലീസുണ്ടായിരുന്നു,

പക്ഷേ പോലീസ് ഒന്നും ചെയ്തില്ല. ഇവരോട് നിങ്ങൾ ഓടിപ്പോയ്ക്കൊള്ളൂ എന്ന് മാത്രം പറഞ്ഞു. അത് ന്യൂനപക്ഷങ്ങൾക്ക് നേരെ സംഘപരിവാർ നടത്തിയ അക്രമണമായിരുന്നു അത്. രണ്ടുകുട്ടികൾ തമ്മിലുള്ള സംഘർഷത്തിന്റെ മുകളിൽ അതിന്റെ തുടർച്ചയായി വന്ന ആക്രമണമായിരുന്നു. പലയിടങ്ങളിലും പോലീസിന് ഒരു പ്രത്യേകമുഖം വന്നതുകൊണ്ടാണ് അത്; അത് ന്യൂനപക്ഷ വിരുദ്ധമുഖമാണ്. കേരളത്തിലെ പോലീസിന് അത്തരമൊരു ന്യൂനപക്ഷ വിരുദ്ധമുഖമുണ്ടാകില്ല. കേരളത്തിലെ പോലീസിന് കുറ്റകൃത്യങ്ങളോട് മാത്രമേ കാർക്കശ്യം കാണുകയുള്ളൂ, കുറ്റകൃത്യങ്ങൾക്കെതിരെ മാത്രമേ തിരിയൂ. അത് ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും കുറ്റകൃത്യം ആരാണോ ചെയ്യുന്നത് അവർക്കെതിരെ ആയിരിക്കും കേരളത്തിലെ പോലീസ്. ഏതെങ്കിലും ഒരു വിഭാഗത്തിനെതിരെ എന്ന നിലയിൽ കേരളത്തിലെ പോലീസ് പ്രവർത്തിക്കില്ല.

നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലാണ് സൈബർ ക്രൈം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് മാത്രമല്ല, പൊതുവിൽ അത് വളർന്നുകൊണ്ടിരിക്കുന്നുണ്ട്. സൈബർ ക്രൈം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നമ്മുടെ പോലീസ് വർദ്ധിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആ വർദ്ധിപ്പിച്ചെടുത്ത കഴിവുമാത്രം പോര എന്നുള്ള നിലയാണ് ഇപ്പോൾ കുറ്റവാളികളുടെ ഈ രംഗത്തുള്ള

കഴിവ് താരതമ്യപ്പെടുത്തുമ്പോൾ കണ്ടുവരുന്നത്. കൂടുതൽ കഴിവ് പോലീസ് ആർജ്ജിക്കണമെന്നു തന്നെയാണ് ഇതിൽ കാണുന്നത്. കൂടുതൽ ശക്തമായ നില ആ കാര്യത്തിൽ സ്വീകരിക്കുകതന്നെ ചെയ്യും. കാലാനുസൃതമായി പോലീസിന്റെ കഴിവ് ഇക്കാര്യത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾതന്നെ സ്വീകരിക്കും.

ഇവിടെ ഇൻസർവ്വീസ് ട്രെയിനിംഗ് കോഴ്സ് വഴി പോലീസിനെ ഓർഗനൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. പലയിടങ്ങളിലും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് അത് ആവശ്യമാണ് എന്നാണ് കാണുന്നത്. പോലീസിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാകേണ്ട കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വളരെ ശരിയായൊരു കാര്യമാണ്. പോലീസിൽ ആളുകളെ കൂടുതലായി എടുക്കേണ്ടതായി വരും. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന നിലതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതോടൊപ്പം നിലവിലുള്ള പോലീസുകാരുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് പരിശീലന ഘട്ടത്തിലുള്ള വ്യായാമം മാത്രം പോര. പോലീസ് ജോലി എടുത്തുകൊണ്ടിരിക്കുമ്പോഴും വ്യായാമമുണ്ടാകണം. ദിവസവും അര മണിക്കൂറെങ്കിലും വ്യായാമത്തിനുവേണ്ടി മാറ്റി വയ്ക്കുന്ന നിലയുണ്ടാകണം എന്നും കാണുകയാണ്.

നമ്മുടെ സംസ്ഥാനത്തെ ഏത് റാങ്കിലുള്ള പോലീസ് ഓഫീസറായാലും ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചാൽ, ശ്രദ്ധിക്കപ്പെടുന്ന പ്രവർത്തനങ്ങൾ അവരുടെ ഭാഗത്തുനിന്നും ഉണ്ടായാൽ, അവരെ അഭിനന്ദിക്കുകയും റിവാർഡ് നൽകുകയും ചെയ്യുന്ന നില സ്വീകരിക്കേണ്ടതുണ്ട് എന്നുതന്നെയാണ് കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് കുറച്ചു കാലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രവണത, പലപ്പോഴും ചെറിയ കുട്ടികളെ കാണാതാകുന്നു എന്നതാണ്. എന്നാൽ അടുത്ത കാലത്ത്  കുട്ടികളെ തട്ടിക്കൊണ്ട് പോകാനുള്ള ശ്രമം നടത്തുന്ന ചിലരെ പിടികൂടാൻ കഴിഞ്ഞു. അങ്ങനെ പിടികൂടാൻ കഴിഞ്ഞതിലൂടെ വ്യക്തമാകുന്നത് ഇതിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു റാക്കറ്റുണ്ട് എന്നാണ്. സംസ്ഥാനാടിസ്ഥാനത്തിൽ മാത്രമുള്ളതല്ല  സംസ്ഥാനത്തിന് പുറത്തുള്ള ചില ശക്തികൾ കൂടി അതിനോടൊപ്പമുണ്ട്. അപ്പോൾ അത് ഗൗരവമായി കാണണം എന്നുതന്നെയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനായി സംസ്ഥാന തലത്തിൽ ഒരു സംവിധാനമൊരുക്കും. അതോടൊപ്പം എല്ലായിടങ്ങളിലും ഇതുമായി ബന്ധപ്പെട്ടുള്ള നിരീക്ഷണ സംവിധാനങ്ങളുണ്ടാകും. ശക്തമായ നടപടികളിലേയ്ക്ക് നീങ്ങണമെന്നുതന്നെയാണ് കാണുന്നത്. കുട്ടികൾ നമുക്ക് നഷ്ടപ്പെട്ടു പോകുന്നത് ഗൗരവമായി കാണാൻ കഴിയേണ്ടതായിട്ടുണ്ട്. ഈ അടുത്ത കാലത്തായി വന്നിട്ടുള്ള

ഒരു പ്രത്യേക കാര്യമാണ് ചില യുവജനങ്ങളെ കാണാതാകുന്നത്. അത് ചെറിയ കുട്ടികളല്ല. കാണാതാകുന്ന ഈ ചെറുപ്പക്കാർ എവിടെയാണ് എത്തിച്ചേരുന്നതെന്നുള്ള വാർത്തകൾ വന്നിട്ടുണ്ട്. അത് പലപ്പോഴും നമ്മൾ അറിയുന്നില്ല. അങ്ങനെ കാണാതാകുന്നത് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുകയോ പൊതുവിൽ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്നില്ല. അത്തരം കാര്യങ്ങളിൽ പ്രത്യേകമായി ഒരു ടീം വർക്ക് ചെയ്യണം. പോലീസിൽ തന്നെ പ്രത്യേക സംവിധാനം അതിന് വേണം. സംസ്ഥാനാടിസ്ഥാനത്തിൽ അതിന് നല്ല സംവിധാനമുണ്ടകണം. അവർ ഇത്തരം വീടുകളുമായി നിരന്തരം ബന്ധപ്പെടണം. കാണാതാകുന്ന ആളുകളെകുറിച്ച് എന്തെങ്കിലും വിവരം ഉണ്ടാകുന്നുണ്ടോ, എവിടെനിന്നെങ്കിലും ഫോൺ സന്ദേശം വരുന്നുണ്ടോ എന്നെല്ലാമുള്ള വിവരം മനസ്സിലാക്കാൻ അവർക്ക് കഴിയണം. ആ തരത്തിൽ ഇടപെടുന്ന ഒരുനില വരണം എന്നുകൂടിയാണ് കാണുന്നത്. അതിനുപറ്റിയ തരത്തിൽ ഒരു സംവിധാനം പോലീസിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

അതുപോലെതന്നെ നമ്മുടെ ടൗണുകൾ, വലിയ തിരക്കേറിയ മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, ഷോപ്പിംഗ് സെന്ററുകൾ ഇങ്ങനെ വലിയ തിരക്കുള്ള ഒട്ടേറെ കേന്ദ്രങ്ങളിൽ

പോലീസിന്റെ സാന്നിദ്ധ്യമുണ്ടാകുക എന്നത് വളരെ പ്രധാനമാണ്. അങ്ങനെയുണ്ടായാൽ പൊതുവിൽ ഒരു സുരക്ഷിത ബോധം ആളുകളിൽ ഉണ്ടാകും. പൂവാലൻമാർ, സ്ത്രീകളെ ശല്യം ചെയ്യുന്നവർ, സാമൂഹ്യ വിരുദ്ധർ അത്തരം കാര്യങ്ങളിലൊക്കെ ഫലപ്രദമായി ഇടപെടാൻ അവർക്ക് കഴിയും. ആ തരത്തിലുള്ള ഒരു കാര്യവും ഇതോടൊപ്പം ഉദ്ദേശിക്കുന്നുണ്ട്.

തൃശ്ശൂർ പൂരത്തിന്റെ സമയമാണ്. നമ്മുടെ നാട്ടിൽ ഇഷ്ടംപോലെ ഉത്സവങ്ങളും പൂരങ്ങളും നടക്കുന്ന ഘട്ടമാണ്. അപ്പോൾ അത്തരം കാര്യങ്ങളിൽ അപകടങ്ങൾ ഇല്ലാതിരിക്കാനുള്ള ജാഗ്രത പൊതുവെ നമുക്ക് പാലിക്കാൻ കഴിയണം എന്നുതന്നെയാണ് കാണുന്നത്. അതിനാവശ്യമായ നിലപാട് പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. ക്രൈം കേസുകൾ കൃത്യമായി കാര്യക്ഷമതയോടെ ഇൻവെസ്റ്റിഗേറ്റ് ചെയ്യുക എന്നത് പോലീസ് കൃത്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ നമുക്ക് മെച്ചപ്പെട്ട റിസൾട്ട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് കാണാൻ സാധിക്കുന്നത്. അതുകൊണ്ടാണ് സി.ബി.ഐ.യേക്കാൾ മെച്ചപ്പെട്ട കൺവിക്ഷൻ റേറ്റ് കേരളാ പോലീസിനുണ്ട് എന്ന് എൻ.സി.ആർ.ബി. തന്നെ റിപ്പോർട്ട് ചെയ്യാൻ ഇടയായത്. അതുപോലെ സ്ത്രീകളുടെ പൊതുസുരക്ഷാ കാര്യത്തിലും കേരളമാണ് മുന്നിൽ നിൽക്കുന്നതെന്ന്

എൻ.സി.ആർ.ബി. പറഞ്ഞു. ഈ അടുത്ത കാലത്ത് നമുക്ക് ചാർത്തിക്കിട്ടിയ മറ്റൊരു തൂവലാണ് സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ അഴിമതി ഏറ്റവും കുറഞ്ഞ സ്റ്റേറ്റായി നമ്മുടെ നാടിനെ കണ്ടത്. ഇതുപോലുള്ള കാര്യങ്ങൾ നമുക്ക് നേടാൻ കഴിഞ്ഞത് പോലീസിന്റെ ഫലപ്രദമായ ഇടപെടലിലൂടെ തന്നെയാണ്. പോലീസ് സേനയിലെ വനിതകളുടെ എണ്ണം കൃത്യമായി വർദ്ധിപ്പിക്കാനുള്ള നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. ആദ്യഘട്ടത്തിൽ 15 ശതമാനമായി ഉയർത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ചുള്ള റിക്രൂട്ട്മെന്റ് നടപടികൾ നടന്നുവരികയാണ്.

ക്രമസമാധാനത്തിനും കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും പോലീസിൽ വെവ്വേറെ വിഭാഗം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുകയുണ്ടായി. പല ബഹുമാന്യരായ അംഗങ്ങളും അക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഒരു കാര്യം അറിയിക്കുന്നതിൽ സന്തോഷമേയുള്ളൂ. സർക്കാർ ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട് തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 12 മാസത്തിനകം പോലീസ് സ്റ്റേഷൻ തലംവരെ ഇത് പൂർണ്ണമായും നടപ്പാക്കാനാകും എന്നുതന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ സർക്കിൾ

ഇൻസ്പെക്ടർമാരെ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിശ്ചയിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ ഒന്നുതന്നെയാണിത്.

നമ്മുടെ സംസ്ഥാനത്ത് ഒരു കാര്യം കൂടി ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അത് നേരത്തെ തന്നെ വ്യക്തമാക്കിയതാണ്. എല്ലാ പഞ്ചായത്തുകളിലും ഒരു വനിതാ പോലീസ് ഓഫീസർ ഒരു നിശ്ചിത ദിവസം പോവുകയും അവിടെയുള്ള സ്ത്രീകളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുകയും ചെയ്യും എന്നുള്ളതാണ്. നേരത്തെ ഞാൻ യു.എ.പി.എ. കേസുകളുടെ കാര്യം പറയുകയുണ്ടായി. അതുസംബന്ധിച്ച് ആവശ്യമായ പരിശോധന നടത്താൻവേണ്ടി തീരുമാനിച്ചിരുന്നു. എൽ.ഡി.എഫ്.-ന്റെ കാലത്ത് 28 കേസുകളും യുഡി.എഫ്.-ന്റെ കാലത്ത് 134 കേസുകളുമാണ് ഉണ്ടായിരുന്നത്. ഈ രണ്ട് കാലത്തേയും കുറ്റപത്രം സമർപ്പിക്കാത്ത 42 കേസുകളുണ്ടായിരുന്നു. ആ 42 കേസുകളിൽ യു.എ.പി.എ. ഒഴിവാക്കണമെന്നാണ് ഇപ്പോൾ അത് പരിശോധിച്ച സമിതി ശിപാർശ ചെയ്തിട്ടുള്ളത്. അതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ വർഷത്തെ ഒരു പ്രത്യേകത, പോലീസിന് അനുവദിച്ച പ്ലാൻ ഫണ്ടിൽ 97

ശതമാനവും വിനിയോഗിക്കാൻ കഴിഞ്ഞു എന്നതാണ്. പോലീസ് ആധുനികവൽക്കരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് നേരത്തെ പാഴായിപ്പോയിരുന്നു. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാർ ഫണ്ട് നിർത്തി വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ വീണ്ടും പദ്ധതി നടപ്പാക്കുകയും കേന്ദ്ര ഫണ്ട് ചെലവഴിക്കുകയും ചെയ്യാൻ സാധിച്ചിട്ടുണ്ട് എന്നതാണ് നമുക്ക് കാണാൻ കഴിയുന്ന വസ്തുത. ഇവിടെ നേരത്തെ ബഹുമാന്യനായ ഒരംഗം സംസാരിക്കുന്ന ഘട്ടത്തിൽ ഒരു പരാമർശം നടത്തുകയുണ്ടായി. ഒരു ഫയലുമായി ബന്ധപ്പെട്ട് പറഞ്ഞൊരു കാര്യമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഫയൽ മാനിപ്പുലേറ്റ് ചെയ്തുവെന്ന മട്ടിൽ പറയുകയുണ്ടായി. അങ്ങ് പറഞ്ഞത് ആഭ്യന്തര സെക്രട്ടറി അയച്ച ഫയലിലെ പേജ് കാണാതായിയെന്നും ഇത് കൃത്രിമത്തിന് ഉദാഹരണമാണെന്നുമൊക്കെയാണ്. എന്നാൽ അത് ഈ സർക്കാരിന് ബാധകമായതല്ല. നേരത്തെയുള്ള കാലത്തേക്കുറിച്ചാണ് എന്നത് അങ്ങ് ഓർക്കേണ്ടതാണെന്നുമാത്രമേ അതുസംബന്ധിച്ച് പരാമർശിക്കാനുള്ളൂ. നമ്മുടെ സംസ്ഥാനത്തെ പോലീസ് പൂർണ്ണമായും ജനസൗഹൃദമായ പോലീസായി മാറുകയെന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പോലീസിന്റെ ഭാഗമായി സംഘടിപ്പിക്കാൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. ഒരു ആശങ്കയും

ഈ കാര്യത്തിൽ വേണ്ടതില്ല. പോലീസിന് നല്ല നാഥൻ തന്നെയുണ്ട് എന്നുതന്നെയാണ് അറിയിക്കാനുള്ളത്. മറ്റുകാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ........പ്ലീസ്....... അദ്ദേഹം വഴങ്ങുന്നില്ല. ഇത്രയും ദീർഘമായ ചർച്ച നടന്നു. ചർച്ചയ്ക്ക് മറുപടിയും പറഞ്ഞു. (....... ബഹളം.....) പ്ലീസ്...പ്ലീസ്.... രാവിലെ മുതൽ ഇതിനുമുകളിലാണ് ചർച്ച. ചർച്ചയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. പിന്നെ അദ്ദേഹത്തെ നിർബന്ധിച്ച് വീണ്ടും വീണ്ടും ചോദ്യം ഉത്തരമാക്കി മാറ്റണമോ? ഇതൊന്നും ശരിയല്ല. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചില്ലേ?

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല):</u> ചോദ്യം ചോദിക്കാൻ അധികാരമില്ലേ. സർ, ബഹുമാനപ്പെട്ട സീനിയർ അംഗമായ ശ്രീ. കെ. സി. ജോസഫ് ഒരു ചോദ്യം ചോദിക്കാൻ അങ്ങ് എന്തുകൊണ്ടാണ് അനുവദിക്കാതിരുന്നത്?

<u>മി. സ്പീക്കർ:</u> ഞാൻ അനുവദിക്കാതിരുന്നില്ല. ഇവിടെ രാവിലെ ചർച്ച നടത്തിയതാണ്. ആ ചർച്ച കൺക്ലൂഡ് ചെയ്തുകഴിഞ്ഞു. രാവിലെ മുതൽ 14 പേർ പങ്കെടുത്ത വിശദമായ ചർച്ച നടന്നു. ആ ചർച്ചയിൽ എല്ലാവരും ചോദ്യങ്ങൾ

ഉന്നയിച്ചു. ആ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. (....... ബഹളം.....) നമുക്ക് ലഭ്യമായ സമയം ഉപയോഗപ്പെടുത്തിയിട്ടല്ലേ.....നിയമസഭ ഉപയോഗപ്പെടുത്തണ്ടേ. പ്ലീസ്..... ഇരിക്കു....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇത് തെറ്റായ നടപടിയാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ച് പുറത്തുപോയി. )

## 2017-18 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

### ധനാഭ്യർത്ഥന നമ്പർ XII പോലീസ്

മി. സ്പീക്കർ: XII-ാം നമ്പർ ധനാഭ്യർത്ഥനകൾക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u> 78

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. സി. കെ. ഹരീന്ദ്രൻ

19. ശ്രീ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ. പി

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ് കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്:

49. ശ്രീ. റ്റി. വി. രാജേഷ്:

50. ശ്രീ. കെ. രാജു:

51. ശ്രീ. രാജു എബ്രഹാം:

52. ശ്രീ. ആർ. രാമചന്ദ്രൻ:

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. പി. ഉണ്ണി

75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u> 02

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u> 01

1. ശ്രീ. പി. സി. ജോർജ്

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII ജയിലുകൾ

<u>മി. സ്പീക്കർ:</u> XII-ാം നമ്പർ ധനാഭ്യർത്ഥനകൾക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u> 78

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. സി. കെ. ഹരീന്ദ്രൻ

19. ശ്രീ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ. പി

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ് കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്:

49. ശ്രീ. റ്റി. വി. രാജേഷ്:

50. ശ്രീ. കെ. രാജു:

51. ശ്രീ. രാജു എബ്രഹാം:

52. ശ്രീ. ആർ. രാമചന്ദ്രൻ:

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. തോമസ് ചാണ്ടി

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. പി. ഉണ്ണി

75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77 ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u> 02

1. ഡോ. എൻ. ജയരാജ്

2. ശ്രീ. മോൻസ് ജോസഫ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u> 01

1. ശ്രീ. പി. സി. ജോർജ്

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.47-ന് പിരിഞ്ഞു.)

***************